യഥാർത്ഥ സത്യങ്ങൾ, സമ്പൂർണ്ണ ജീവിതത്തിന്

# ജീവമൊഴികൾ

വാല്യം 15 ലക്കം 6 ജൂൺ 2017 വില 10 രൂപ



## ബൈബിളിലൂടെ...

സാക് പുന്നൻ

JEEVAMOZHIKAL
ജീവമൊഴികൾ

നാഥാ... നിത്യജീവന്റെ മൊഴികൾ നിന്റെ പക്കലുണ്ടല്ലോ *(യോഹ. 6:68)*

വാല്യം 15 ജൂൺ 2017 ലക്കം 6

വാർഷിക വരിസംഖ്യ

| | |
|---|---|
| ഇന്ത്യയിൽ | Rs.100/- |
| ഇന്ത്യയ്ക്കു വെളിയിൽ | Rs.700/- |

എം.ഒ./ഡി.ഡി.
അയയ്ക്കേണ്ട വിലാസം:

ജീവമൊഴികൾ
കുമാരനല്ലൂർ പി.ഒ., കോട്ടയം
കേരള - 686 016.
ഫോൺ 0481- 2391519, 8281027519
e-mail: jeevamozhikal@gmail.com
www.jeevamozhikal.org

മാസിക സംബന്ധിച്ചും
മീറ്റിംഗുകൾ സംബന്ധിച്ചും
കൂടുതൽ വിവരങ്ങൾക്ക്:

| | |
|---|---|
| തിരുവനന്തപുരം | 9496100850 |
| ആലപ്പുഴ | 9447597048 |
| തിരുവല്ല | 9495204619 |
| കോഴഞ്ചേരി | 9446650658 |
| പെരുവ | 9446096355 |
| കൂത്താട്ടുകുളം | 9447820090 |
| കോലഞ്ചേരി | 9446095370 |
| തൃശ്ശൂർ | 9349745575 |
| പാലക്കാട് | 9495228673 |
| കോഴിക്കോട് | 9446646238 |
| നെല്ലിപ്പൊയ്യിൽ | 9495575692 |
| വയനാട് | 9656128665 |

## മൊഴിമുത്തുകൾ

# ക്രൂശു ചുമക്കുമ്പോൾ



ദൈവത്തിൽ നിന്നു വരുന്ന ക്രൂശ് സ്വയത്തെക്കുറിച്ചുള്ള ഒരു പരിഗണനയും കൂടാതെ സ്വാഗതം ചെയ്യണം. നിങ്ങളുടെ ക്രൂശ് നിങ്ങൾ ഈ വിധത്തിൽ സ്വീകരിക്കുമ്പോൾ, അതു വേദനാജനകമമാണെങ്കിൽ കൂടി, നിങ്ങൾക്കതു സമാധാനപൂർവ്വം സഹിക്കാൻ കഴിയും. എന്നാൽ ക്രൂശ് നിങ്ങൾ വിസമ്മതത്തോടെയാണു സ്വീകരിക്കുന്നതെങ്കിൽ അത് ഇരട്ടി കഠിനമായി നിങ്ങൾക്ക് അനുഭവപ്പെടും. ഉള്ളിൽ നിന്ന് ഉയർന്നു വുരന്ന ചെറുത്തു നില്പ് ക്രൂശ് ചുമക്കുന്നതിനെ കൂടുതൽ ദുസ്സഹമാക്കും.

**- ഫെനലൻ**

## പേടിക്കേണ്ടാ....

A Joyful 'toon by Mike Waters




മിണ്ടാതിരുന്നു ഞാൻ ദൈവമെന്ന് അറിഞ്ഞുകൊൾവിൻ...

(സങ്കീർത്തനം 46:10)

## എഡിറ്റോറിയൽ

# ദൈവസഭയെന്ന പുതിയ തുരുത്തി



"ആരും പുതിയ വീഞ്ഞു പഴയ തുരുത്തിയിൽ പകർന്നു വയ്ക്കുമാറില്ല. വച്ചാൽ പുതിയ വീഞ്ഞു തുരുത്തിയെ പൊളിക്കും. വീഞ്ഞ് ഒഴുകിപ്പോകും. തുരുത്തി നശിച്ചു പോകും. പുതിയ വീഞ്ഞു പുതിയ തുരുത്തിയിലത്രേ പകർന്നു വയ്ക്കേണ്ടത്" (മർക്കോസ് 2:22)

യേശു ഇതു പറയുമ്പോൾ താൻ എന്താണ് ഉദ്ദേശിക്കുന്നതെന്ന് അവിടുത്തേക്കു വളരെ വ്യക്തമായിരുന്നു. യേശുക്രിസ്തു കൊണ്ടുവന്ന പുതിയ നിയമസത്യങ്ങളാണു പുതിയ വീഞ്ഞ്. എന്നാൽ ആ വീഞ്ഞ് യെഹൂദമതത്തിന്റെ പഴയ തുരുത്തിയിൽ പകർന്നു വയ്ക്കരുത്. അങ്ങനെ വച്ചാൽ ആ പഴയ തുരുത്തി പൊളിഞ്ഞുപോകും. വീഞ്ഞ് ഒഴുകി നഷ്ടമാകും. ഇതു സംഭവിക്കാതിരിക്കാൻ പുതിയ നിയമസത്യങ്ങളാകുന്ന വീഞ്ഞ് അതിന് ഉൾക്കൊള്ളാൻ കഴിയുന്ന ഒരു പുതിയ സംവിധാനമായ പുതിയ തോൽക്കുടത്തിലാണ് (ദൈവവചനപ്രകാരമുള്ള സഭ) പകർന്നു വയ്ക്കേണ്ടത്. അങ്ങനെ ചെയ്താൽ മാത്രമേ അതിന്റെ മാധുര്യത്തോടെ, പുതുമയോടെ ആ വീഞ്ഞിനെ സംരക്ഷിക്കാൻ കഴിയുകയുള്ളു.


ഇന്ന്, യേശു മുന്നറിയിപ്പു നൽകിയതുപോലെ ഇന്നു സുവിശേഷവിഹിത സകൾ പോലും പുതിയ വീഞ്ഞ് പഴയ തുരുത്തിയിൽ പകർന്നുവവച്ച് അതിനെ നഷ്ടപ്പെടുത്തുകയാണോ എന്നു നാം ശോധന ചെയ്യേണ്ടതുണ്ട്.

യിസ്രായേൽ നാട്ടിൽ മുന്തിരിച്ചാറ് സൂക്ഷിക്കുന്നതിന്റെ വിധങ്ങൾ ശ്രദ്ധിച്ചാൽ പുതുവീഞ്ഞ് പുതുതുരുത്തിയിൽ സൂക്ഷിക്കേണ്ടതിന്റെ ആശ്യകത നമുക്കു വ്യക്തമാകും. പുതുവീഞ്ഞ് എന്തുകൊണ്ടാണ് യിസ്രായേൽ നാട്ടിൽ പുതിയ തുരുത്തിയിൽ തന്നെ പകർന്നു വച്ചിരുന്നത്? ഇതു സംബന്ധിച്ച് ഇങ്ങനെയൊരു വ്യാഖ്യാനം കേട്ടിട്ടുണ്ട്: പുതിയ മുന്തിരിച്ചാറ് വളരെ വീര്യമുള്ളതാണ്. അതു നുരയിട്ടു പൊന്തുമ്പോൾ പുതിയ തോൽക്കുടമാണെങ്കിൽ അതു സ്വയം വലിഞ്ഞുകൊടുക്കും. എന്നാൽ പഴയതോൽക്കുടത്തിന് അങ്ങനെ സ്വയം വികസിച്ചുകൊടുക്കാൻ കഴിയാത്തതുകൊണ്ട് പുതിയ വീഞ്ഞ് ആ തോൽക്കുടത്തെ പൊളിച്ചു കളയും. വീഞ്ഞ് ഒഴുകിപ്പരന്നു നഷ്ടമായിപ്പോകും... എന്നിങ്ങനെ.

പഴയതുരുത്തിയുടെ തുകലിനു വലിഞ്ഞു വികസിക്കാൻ കഴിയാത്തതാണു പ്രശ്നമെന്നാണ് ഇതു കേട്ടാൽ തോന്നുക. എന്നാൽ ഇതു ശരിയല്ല. ഒന്നാം നൂറ്റാണ്ടിലെ കാളുമെല്ലാ എന്ന കൃഷികാര്യ വിദഗ്ധൻ ഇതിനെക്കുറിച്ചു പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്: പുരാതന കാലത്തു പുതുവീഞ്ഞിന്റെ മാധുര്യം സംരക്ഷിക്കുവാൻ പുതുമുന്തിരിച്ചാറ് തിളപ്പിക്കുകയോ നന്നായികുലുക്കയോചെയ്തശേഷം പുതിയ തോൽതുരുത്തിയിൽ പകർന്നു തണുത്ത സ്ഥലത്തു വയ്ക്കും. അപ്പോൾ വീഞ്ഞു

പുളിക്കാതെ മാധുര്യത്തോടെ കേടുകൂടാതെ ദീർഘകാലം ഇരിക്കും. ഇതേ സമയം പുതിയ മുന്തിരിച്ചാറ് പഴയതോൽതുരുത്തിയിൽ ഒഴിച്ചു വച്ചാൽ പഴയ തോൽക്കുടത്തിൽ അവശേഷിച്ചിട്ടുള്ള പുളിപ്പിന്റെ അംശങ്ങൾ പുതുവീഞ്ഞിനെയും പുളിപ്പിക്കാൻ തുടങ്ങും. അങ്ങനെ പുതിവീഞ്ഞു പുളിക്കുമ്പോൾ അതിന്റെ സമ്മർദ്ദം നിമിത്തമാണു തുരുത്തി പൊളിഞ്ഞുപോകുന്നത്. അപ്പോൾ പുതുവീഞ്ഞ് പുളിക്കുന്നതാണു പ്രശ്നം. പഴയതുരുത്തി എത്രകഴുകിയാലും അതിൽ പുളിപ്പിന്റെ അംശങ്ങൾ ഉണ്ടായിരിക്കുമെന്നതിനാൽ പുതുവീഞ്ഞ് അതിൽ ഒഴിച്ചുവച്ചാൽ അതുക്രമേണ പുളിക്കാൻ തുടങ്ങും. വീഞ്ഞു പുളിച്ചു നുരച്ചുപൊന്തിയാൽ പഴയതുരുത്തിയായാലും പുതിയതുരുത്തിയായാലും പൊളിഞ്ഞുപോകും. എന്നാൽ പുതുവീഞ്ഞ് പുതിയ തുരുത്തിയിൽ പകർന്നാൽ പുതിയ തുരുത്തിയിൽ പഴയ വീഞ്ഞിലെ പുളിപ്പിന്റെ അവശിഷ്ടങ്ങൾ ഉണ്ടായിരിക്കുകയില്ല എന്നതിനാൽ പുതിയവീഞ്ഞ് പുളിക്കാനും അതു തുരുത്തിയെ പൊളിച്ചുകളയാനുമുള്ള സാധ്യത ഇല്ല എന്നു തന്നെ പറയാം. ഇതേസമയം മറ്റേതെങ്കിലും വിധത്തിൽ പുളിപ്പിന്റെ അംശങ്ങൾ കലർന്നിട്ടുള്ള പുതുവീഞ്ഞ് ഏറ്റവും ബലവത്തായ പുതിയ തുരുത്തിയിൽ പകർന്നു വച്ചാലും അതു പുളിക്കുമ്പോൾ പുതിയ തുരുത്തിയേയും അതു പൊളിച്ചു കളയും. ഇയ്യോബ് 32:19 ഇതാണു പറയുന്നത്: 'എന്റെ ഉള്ളം അടെച്ചു വച്ച വീഞ്ഞുപോലെ ഇരിക്കുന്നു. അതു പുതിയ തുരുത്തികൾ പോലെ പൊട്ടുമാറായിരിക്കുന്നു'. അപ്പോൾ പുതിയ തുരുത്തിയോ പഴയ തുരുത്തിയോ എന്നത് അതിൽ തന്നെ പ്രശ്നമില്ല. മറിച്ചു പുതുവീഞ്ഞു പുളിക്കുന്നതാണു പ്രശ്നം. പഴയതുരുത്തിയിൽ പഴയ വീഞ്ഞിന്റെ അംശങ്ങൾ പറ്റിപ്പിടിച്ചിരുന്ന് അതു പുതുവീഞ്ഞിനെയും പുളിപ്പിച്ചു കളയും എന്നതിനാലാണ് പുതുവീഞ്ഞ് പഴയ തുരുത്തിയിൽ പകർന്നു വയ്ക്കരുതെന്നു പറഞ്ഞിരിക്കുന്നതെന്നു സാരം.

യെഹൂദാ നാട്ടിൽ പുതുവീഞ്ഞു പുതിയ തുരുത്തിയിൽ തന്നെ സംരക്ഷിക്കുന്നതിന്റെ പിന്നിലുള്ള ഈ വസ്തുത മനസ്സിൽ വച്ചുകൊണ്ട് നമുക്ക് യേശു പറഞ്ഞ ഉപമയിലേക്കു വീണ്ടും തിരിയാം. പുതിയ ഉടമ്പടിയിലെ ആത്മീയ സത്യങ്ങളാണു പുതിയ വീഞ്ഞ്. രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, ആത്മാവിനാൽ നടത്തപ്പെടുന്ന അനുഭവം, വിശുദ്ധീകരണം, പാപത്തിന്മേലുള്ള ജയം, കർത്താവിന്റെ സ്വരൂപത്തോട് അനുരൂപപ്പെടുന്നത്, താഴ്മ, നുറുക്കം, സ്വയം വിധിക്കുന്നത്, സകല ജാഗ്രതയോടും ഹൃദയത്തെ സൂക്ഷിക്കുന്നത്, കർത്താവിന്റെ മടങ്ങിവരവിലുള്ള പ്രത്യാശ, ആ പ്രത്യാശയുടെ വെളിച്ചത്തിൽ തന്നെത്താൻ നിർമലീകരിക്കുന്നത്, വിശ്വാസത്തിനുവേണ്ടി കഷ്ടം സഹിക്കുവാനുള്ള ഒരുക്കം എന്നിവയെല്ലാമാണ് മധുരമുള്ള ആ പുതുവീഞ്ഞ്. ഈ പുതുവീഞ്ഞ് മതത്തിന്റെ പഴയ തുരുത്തിയിൽ വച്ചാൽ അതുവേഗത്തിൽ പുളിച്ചുപോകും. (പുളിപ്പ് എന്നു പറയുന്നതു മനു



*(ശേഷം പേജ് 39 ൽ)*

സന്ദേശം

# ദൈവസഭയും മൂഷന്മാരും

സാക് പുന്നൻ

**യി**രെമ്യാവ് 3:14,15 ൽ യഹോവ വാഗ്ദാനം ചെയ്തു കൊണ്ട് ഇപ്രകാരം അരുളി ചെയ്യുന്നു. "ഞാൻ നിങ്ങളെ പട്ടണത്തിൽ ഒരുത്തനെയും വംശത്തിൽ രണ്ടു പേരെയും വീതം എടുത്ത് സീയോനിലേക്ക് കൊണ്ടുവരും. ഞാൻ നിങ്ങൾക്ക് എന്റെ മനസ്സിനൊത്ത ഇടയന്മാരെ നൽകും, അവർ നിങ്ങളെ ജ്ഞാനത്തോടും ബുദ്ധിയോടും കൂടെമേയ്ക്കും".

സീയോൻ പ്രതിനിധാനം ചെയ്യുന്നത് ജീവനുള്ള ദൈവത്തിന്റെ സത്യസഭയെയാണ്. ദൈവം ഒരു പട്ടണത്തിൽ നിന്ന് ഒരുവനെയും ഒരു കുടുംബത്തിൽ നിന്ന് രണ്ടുപേരെയും തന്റെ "സീയോനിലേക്ക്" കൊണ്ടുവരും. ഈ സീയോനിലേക്ക് – കർത്താവ് പണിഞ്ഞുകൊണ്ടിരിക്കുന്ന സഭ – നാം വന്നു കഴിയുമ്പോൾ അവിടുന്നു നമുക്ക് അവിടുത്തെ തന്നെ ജ്ഞാനത്തിലും (കേവലമൊരു വേദ പുസ്തകം പരിജ്ഞാനമല്ല), അവിടുത്തെ വഴികൾ മനസ്സി



*കുഴപ്പവും കലാപവുമാണ് അവരുടെ അദ്ധ്വാനഫലം. തന്നെയുമല്ല അവരുടെ അദ്ധ്വാനത്തിലൂടെ ഒടുവിൽ അവർ പണിയുന്നത് എപ്പോഴും ബാബിലോണാണ്.*

തങ്ങളുടെ സ്വന്തത്തിനായി ഒന്നും അന്വേഷിക്കാത്തവ രാണ് ദൈവത്തിന്റെ ഹൃദയ പ്രകാരമുള്ള ഇടയന്മാർ. അങ്ങനെയുള്ള ഇടയൻമാർ ആരുടെയെങ്കിലും പണമോ, മാനമോ, അന്വേഷിക്കുക യില്ല. മനുഷ്യരെ പ്രസാദിപ്പി ക്കുവാനോ അവരിൽ മതിപ്പു ണ്ടാക്കുവാനോ ഈ കൂട്ടർ ശ്രമിക്കുന്നില്ല. അതിനുപ കരം, "ക്രിസ്തുവിന്റെ സന്നി ധിയിൽ അവരെ തികഞ്ഞവ രായി നിർത്തേണ്ടതിന്" വിശ്വാസികളെ പണിയുവാ നാണ് അവർ ശ്രമിക്കുന്നത്

ലാക്കുന്നതിലും (കേവലം ഉപദേശത്തെ മനസ്സിലാക്കുന്നതിലല്ല) നമ്മെ തീറ്റിപ്പോറ്റുന്ന, അവിടുത്തെ സ്വന്തഹൃദയപ്രകാരമുള്ള ഇടയന്മാരെ അവിടെ നമുക്ക് നൽകുമെന്ന് അവിടുന്നു വാഗ്ദാനം ചെയ്യുന്നു.

ദൈവത്തിന്റെ സത്യസഭയെ തിരിച്ചറിയുന്നതിനുള്ള ഒരു പ്രാഥമിക അടയാളം ഇതാണ്: അതിന് ദൈവത്തിന്റെ സ്വന്തഹൃദയപ്രകാരമുള്ള ഇടയന്മാർ ഉണ്ടായിരിക്കും.

ദൈവം സ്നേഹമാകുന്നു - സ്നേഹത്തിന്റെ പ്രാഥമികമായ പ്രത്യേകത അത് അതിന്റെ സ്വാർത്ഥതയ്ക്കുവേണ്ടി ഒന്നും അന്വേഷിക്കുന്നില്ല എന്നതാണ്. അതുകൊണ്ട് തങ്ങളുടെ സ്വന്തത്തിനായി ഒന്നും അന്വേഷിക്കാത്തവരാണ് ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ഇടയന്മാർ. അങ്ങനെയുള്ള ഇടയൻമാർ ആരുടെയെങ്കിലും പണമോ, മാനമോ, അന്വേഷിക്കുകയില്ല. മനുഷ്യരെ പ്രസാദിപ്പിക്കുവാനോ അവരിൽ മതിപ്പുണ്ടാക്കുവാനോ ഈ കൂട്ടർ ശ്രമിക്കുന്നില്ല. അതിനുപകരം, "ക്രിസ്തുവിന്റെ സന്നിധിയിൽ അവരെ തികഞ്ഞവരായി നിർത്തേണ്ടതിന്" വിശ്വാസികളെ പണിയുവാനാണ് അവർ ശ്രമിക്കുന്നത് (കൊലൊ 1:28). ലോകത്തിലുള്ള ഏതെങ്കിലും ഒരു പട്ടണത്തിലോ, ഗ്രാമത്തിലോ അപ്രകാരം ഒരാഗ്രഹത്തോടുകൂടിയ ഒരു മനുഷ്യനെ കണ്ടെത്താൻ ദൈവത്തിനു കഴിയുന്നിടത്തെല്ലാം അവിടുന്നു തന്റെ സഭയെ പണിയും.

മറിച്ച്, തങ്ങളുടെ പൗരോഹിത്യ സഭകൾ വിട്ട് "പുതിയ ഉടമ്പടി പ്രകാരമുള്ള മാതൃക" പിൻതുടരുവാൻ ശ്രമിക്കുന്ന വിശ്വാസികളുടെ ധാരാളം കാര്യങ്ങൾ നാം കാണുന്നുണ്ട്, അവർക്ക് തങ്ങളുടെ ശരിയായിട്ടുള്ള ഉപദേശങ്ങൾ ഉണ്ട്, എന്നാൽ അവർ പണത്തെ സ്നേഹിക്കുകയും അവരുടെ സ്വാർത്ഥത അന്വേഷിക്കുകയും ചെയ്യുന്നവരാണ് എന്നതാണ്. കുഴപ്പവും കലാപവുമാണ് അവരുടെ അദ്ധ്വാനഫലം. തന്നെയുമല്ല അവരുടെ അദ്ധ്വാനത്തിലൂടെ ഒടുവിൽ അവർ പണിയുന്നത് എപ്പോഴും ബാബിലോണാണ്.

സ്വാർത്ഥത അന്വേഷിക്കാത്ത ഒരു മനുഷ്യനെ കണ്ടെത്താൻ കഴിയുന്ന ഒരു സ്ഥലത്തു മാത്രമേ കർത്താവിനു തന്റെ സത്യസഭ പണിയുവാൻ കഴിയുകയുള്ളു. ആളുകൾക്കുവേണ്ടിയുള്ള ദൈവത്തിന്റെ ഹൃദയഭാരം പങ്കിടുവാൻ കഴിയുകയുള്ളു. ഇങ്ങനെയുള്ളവൻ സ്വാർത്ഥത അന്വേഷിക്കുന്ന ഒരായിരം വിശ്വാസികളെക്കാൾ ദൈവത്തിന് വളരെയധികം വിലയുള്ളവനാണ്.

ദൈവത്തിന്റെ ഹൃദയപ്രകാരമുള്ള ഒരിടയനായിരിക്കുക എന്നാൽ തെറ്റിധാരണകൾ, എതിർപ്പുകൾ, പരിഹാസം, ദൂഷണം ഇവ സന്തോഷത്തോടെ സഹിക്കുവാൻ മനസ്സുള്ളവനായിരിക്കുക എന്നാണ്. അപ്രകാരമുള്ള ഒരിടയൻ, തങ്ങളുടെ ഭവനം കർത്താവിനിഷ്ടമുള്ളതെല്ലാം ചെയ്യുവാൻ വേണ്ടി തുറന്നു കൊടുക്കുവാൻ തക്കവണ്ണം സ്വാർത്ഥത അന്വേഷിക്കാത്ത ഒരു ഭാര്യയുംകൂടി ഉള്ളവനാകുവാൻ അനുഗ്രഹിക്കപ്പെട്ടവനാണെങ്കിൽ അവരുടെ ജീവിതങ്ങളിലൂടെ ദൈവത്തിനു ചെയ്യാൻ കഴിയുന്ന കാര്യങ്ങൾക്ക് ഒരു പരിധിയുമില്ല.

ധാരാളം ആളുകളെ ഒരുമിച്ചുകൂട്ടുന്ന ഒരു കാര്യമല്ല ഞാൻ ഇവിടെ പറയുന്നത്. ആളുകളുടെ എണ്ണം ദൈവത്തിന്റെ അനുഗ്രഹത്തിന്റെ ഒരടയാളമല്ല. അറിയപ്പെടുന്ന അനേകം അന്ധാരാധനാ സമൂഹങ്ങൾ, മറ്റാരെയുംകാൾ അധികം ആളുകളെ ഒരുമിച്ചു കൂട്ടുന്നവരാണ്. അത് ഒന്നും തെളിയിക്കുന്നില്ല. ഞാൻ ഇവിടെ ഗുണനിലവാരത്തെപ്പറ്റിയാണ് പറയുന്നത് - ഓരോ അംഗങ്ങളും വ്യക്തിപരമായ ദൈവിക പരിജ്ഞാനത്തിലേയ്ക്ക് വരുന്ന ഒരിടമായ ക്രിസ്തുവന്റെ ശരീരം പണിയുന്നതിനെക്കുറിച്ചാണ്.

അത്തരത്തിലുള്ള ഒരു പുരോഗതി ഇല്ലാത്ത ഏതു കൂട്ടരും, മറ്റുള്ള എല്ലാ കുരുടന്മാരെയും കുഴിയിലേക്കു നടത്തുന്ന കുരുടനായ ഒരു മനുഷ്യൻ ഉള്ള ഒരിടം മാത്രമായിരിക്കും. അവരുടെ പ്രാർത്ഥനയോഗങ്ങളെല്ലാം ആ കുഴിയിലായിരിക്കും, അവരുടെ വേദപുസ്തകപഠനങ്ങൾ ആ കുഴിയിലായിരിക്കും, അവരുടെ സമ്മേളനങ്ങളും ആ കുഴിയിലായിരിക്കും!!

**ആളുകളുടെ എണ്ണം ദൈവത്തിന്റെ അനുഗ്രഹത്തിന്റെ ഒരടയാളമല്ല. അറിയപ്പെടുന്ന അനേകം അന്ധാരാധനാ സമൂഹങ്ങൾ, മറ്റാരെയുംകാൾ അധികം ആളുകളെ ഒരുമിച്ചു കൂട്ടുന്നവരാണ്. അത് ഒന്നും തെളിയിക്കുന്നില്ല. ഞാൻ ഇവിടെ ഗുണനിലവാരത്തെപ്പറ്റിയാണ് പറയുന്നത് - ഓരോ അംഗങ്ങളും വ്യക്തിപരമായ ദൈവിക പരിജ്ഞാനത്തിലേയ്ക്ക് വരുന്ന ഒരിടമായ ക്രിസ്തുവന്റെ ശരീരം പണിയുന്നതിനെക്കുറിച്ചാണ്.**

യേശുവിന്റെ കാലത്ത്, അവിടുന്ന് ചുറ്റും നോക്കിയിട്ട് ആ ജനങ്ങളെ ഇടയനില്ലാത്ത ആടുകളെപ്പോലെയാണ് കണ്ടത്. ഇന്നും അതങ്ങനെ തന്നെയാണ്.

എല്ലായിടത്തുമുള്ള വലിയ ആവശ്യം ദൈവത്തിന്റെ സ്വന്ത ഹൃദയ പ്രകാരമുള്ള ഇടയന്മാരാണ്. ഒരു സഭയിൽ കേവലം ഒരു മൂപ്പനായിരിക്കുന്നതിനെക്കുറിച്ചല്ല ഞാൻ പറയുന്നത്. അല്ല. ഒരു വലിയ സഭയ്ക്ക് ധാരാളം ഇടയന്മാരെ ആവശ്യമുണ്ട്. ദൈവജനത്തിനു വേണ്ടി കരുതുന്ന ഹൃദയമുള്ളവരെ. അപ്രകാരമുള്ളവർ മൂപ്പന്മാരായിരിക്കണമെന്നില്ല. എന്നാൽ അവർ ആടുകളെ സന്തോഷത്തോടെ ശുശ്രൂഷിച്ചു കൊണ്ട് അവരെ തീറ്റിപ്പോറ്റുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും.

❖

ധ്യാനചിന്തകൾ

# നസ്രത്തിലെ തച്ചൻ

വ്യക്തിബന്ധങ്ങൾക്കിടയിലുണ്ടാകുന്ന വിള്ളൽ- ഈ കാലഘട്ടത്തിലെ ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്നാണത്. ഭാര്യയും ഭർത്താവും തമ്മിൽ, സഹോദരങ്ങൾ തമ്മിൽ, മാതാപിതാക്കളും മക്കളും തമ്മിൽ, അയൽക്കാർ തമ്മിൽ, സഹപ്രവർത്തകർ തമ്മിൽ.... ഉവ്വ്, വളരെ വേഗത്തിലാണ് ഈ ബന്ധങ്ങൾക്കിടയിലെല്ലാം അകൽച്ചയുണ്ടാകുന്നത്. തെറ്റിദ്ധാരണകൾ, അഭിപ്രായവ്യത്യാസങ്ങൾ, കടുംപിടുത്തങ്ങൾ, വിട്ടുകൊടുക്കാൻ മനസ്സില്ലാത്ത അവസ്ഥ.... ഇവയെല്ലാമാണ് വ്യക്തികൾക്കിടയിലുണ്ടാകുന്ന അകൽച്ചയ്ക്കു കാരണം.

ഇതിന് എന്താണ് ഒരു പരിഹാരം? തടിയിലുള്ള ഒരു വിടവ് അടയ്ക്കാൻ ഒരാശാരിക്ക് കഴിയും. പക്ഷേ ബന്ധങ്ങൾക്കിടയിലെ വിള്ളൽ അടയ്ക്കാൻ ഏതു തച്ചനും കഴിയും?

ഒരു കഥ കേൾക്കൂ. ജ്യേഷ്ഠനും അനുജനും ഇരുവരും വലിയ കർഷകരാണ്. അവരുടെ കൃഷിത്തോട്ടങ്ങൾ തൊട്ടുതൊട്ടുകിടക്കുന്നു. തങ്ങളുടെ കൃഷിഭൂമികളുടെ മധ്യത്തിലാണ് ഇരുവരുടേയും വീടുകൾ. ആ നിലയ്ക്ക് അവർ അയൽക്കാർ കൂടിയാണ്.

വിത്തും പണിയായുധങ്ങളും അന്യോന്യം കൈമാറുകയും പരസ്പരം സഹകരിച്ചു പ്രവർത്തിക്കുകയും ചെയ്യുന്ന ആ സഹോദരങ്ങൾ നല്ല അയൽക്കാരായിത്തുടരുന്നു.

അങ്ങനെയിരിക്കെ ആ ബന്ധത്തിൽ ഒരു വിള്ളലുണ്ടായി. ഒരു ചെറിയ തെറ്റിദ്ധാരണയിലാണ് തുടക്കം. അതു വളർന്നു. ഒരു ദിവസം അതൊരു പൊട്ടിത്തെറിയിൽ കലാശിച്ചു. ഇരുവരും ദേഷ്യപ്പെട്ട് അന്യോന്യം പരുഷമായ വാക്കുകൾ ഉപയോഗിച്ചു. 40 വർഷത്തെ സമാധാനപൂർണ്ണമായ സഹവർത്തിത്വം അവിടെ അവസാനിച്ചു. ഇരുവരും തമ്മിൽ മിണ്ടാതായി. ഇരുവീടുകൾക്കും ഇടയിൽ മൗനം ഒരു മതിൽപോലെ വളർന്നു.

ഒരു ദിവസം രാവിലെ ജ്യേഷ്ഠസഹോദരൻ ഒരു മുട്ടുകേട്ട് വാതിൽ തുറന്നു. ഒരു ആശാരിയുടെ പണിയായുധങ്ങൾ പണിപ്പെട്ടിയിൽ വഹിച്ച ഒരാളാണവിടെ നിന്നിരുന്നത്. "ഇവിടെ എന്തെങ്കിലും പണി ഉണ്ടോ എന്നന്വേഷിച്ചു വന്നതാണ്. എന്തെങ്കിലും ചില്ലറ ജോലികൾ ഉണ്ടെങ്കിൽ ഞാൻ അതു ചെയ്തു തരാം"- തച്ചൻ പറഞ്ഞു.

"ഓ, തീർച്ചയായും." ജ്യേഷ്ഠസഹോദരന് ഉത്സാഹമായി. "നിങ്ങൾക്ക് ഞാൻ ഒരു പണി തരാം. അതാ എന്റെയും അയൽക്കാരന്റെയും കൃഷി-ഭൂമിക്കിടയിൽ ഒരു

ചാലുകീറിയിരിക്കുന്നതു നിങ്ങൾ കണ്ടോ? ആ അയൽക്കാരൻ എന്ന് പറയുന്നത് എന്റെ സ്വന്തം അനുജനാണ്.

കഴിഞ്ഞ ആഴ്ചവരെ ഞങ്ങളുടെ കൃഷിഭൂമിക്കിടയിലുള്ള ആ ഭാഗം ഒരൊറ്റ പുൽത്തകിടി ആയിരുന്നു. കഴിഞ്ഞ ആഴ്ച അവൻ തന്റെ ബുൾഡോസറുമായി വന്ന് ആ ഭാഗം മണ്ണുമാന്തി ഒരു ചാലുകീറിയിരിക്കുന്നു. അവൻ ഞങ്ങളുടെ സ്ഥലങ്ങൾക്കിടയിൽ ഒരു തോട് ഉണ്ടാക്കിയിരിക്കുന്നത് എന്റെ മുഖത്ത് തുപ്പുന്നതിന് തുല്യമാണ്. ആട്ടെ, ഞാനും അവനെ ഒരു പാഠം പഠിപ്പിക്കും. നിങ്ങൾ അവിടെ ഞങ്ങൾക്കിടയിൽ ഒരു നല്ല വേലി ഉണ്ടാക്കണം. എട്ടടി പൊക്കമുള്ള ഒരു നല്ല വേലി. എനിക്ക് അവന്റെ കൃഷിസ്ഥലവും കാണേണ്ട, മേലിൽ അവന്റെ മുഖവും. ആ മട്ടിൽ പൊക്കമുള്ള ഒരു അതിർത്തിവേലിയാണ് നിങ്ങൾ ഉണ്ടാക്കേണ്ടത്.''

തച്ചൻ ശാന്തമായി പരിസരം വീക്ഷിച്ചിട്ട് പറഞ്ഞു: ''എനിക്ക് സാഹചര്യം മനസിലായി. നിങ്ങളെ സന്തോഷിപ്പിക്കുന്ന തരത്തിലുള്ള ഒരു ജോലി ഞാൻ ചെയ്യാം.'' ജ്യേഷ്ഠസഹോദരന് അത്യാവശ്യമായി അന്ന് പട്ടണത്തിലേക്ക് പോകേണ്ടതുണ്ടായിരുന്നു. അതുകൊണ്ട് പണിക്കുവേണ്ട സാധനങ്ങൾ തച്ചന് നൽകി ഒരു ദിവസത്തെ പ്രവൃത്തിക്കായി അദ്ദേഹം പട്ടണത്തിലേക്ക് യാത്രയായി...

സൂര്യാസ്തമനസമയത്താണ് അദ്ദേഹം മടങ്ങിവന്നത്. അപ്പോൾ തച്ചനും പണി പൂർത്തിയാക്കുകയായിരുന്നു. തച്ചൻ ചെയ്ത പണി കണ്ടപ്പോൾ ജ്യേഷ്ഠന്റെ കണ്ണുകൾ അത്ഭുതം കൊണ്ട് വികസിച്ചു.

**ജ്യേഷ്ഠസഹോദരൻ അങ്ങോട്ടു നോക്കി നിൽക്കുമ്പോൾ പണിതീർന്ന ആ പാലത്തിലൂടെ അക്കരെ നിന്ന് തന്റെ അനുജൻ കൈകൾ വിടർത്തി പശ്ചാത്താപവിവശനായി കടന്നുവരുന്നു, "ഞാൻ ഇത്രയുമൊക്കെ ചെയ്തിട്ടും ചേട്ടന് അതു ക്ഷമിച്ച് എന്റെ അടുത്തേക്ക് പാലം പണിതല്ലോ. ഈ വലിയ ഹൃദയം കാണാൻ ഞാൻ വൈകിപ്പോയി ചേട്ടാ." ആ വാക്കുകൾ ജ്യേഷ്ഠനേയും സ്പർശിച്ചു. അദ്ദേഹവും നീട്ടപ്പെട്ട കരങ്ങളുമായി ഇക്കരെനിന്ന് പാലത്തിലേക്ക് കയറി. ഇരുവരും പാലത്തിന്റെ മധ്യത്തിൽ വച്ച് സന്ധിച്ചു. ഒരു ഗാഢാശ്ലേഷത്തിൽ ഇരുവരും അമർന്നു.**

പറഞ്ഞ പണിയല്ല തച്ചൻ ചെയ്തിരിക്കുന്നത്! വേലിക്കു പകരം ചാലിന്റെ ഇരുകരകളേയും തമ്മിൽ ബന്ധിപ്പിക്കുന്ന മനോഹരമായ ഒരു പാലം പണി തീർത്തിരിക്കുന്നു! കൈവരികൾ പിടിപ്പിച്ച, തടികൊണ്ടുള്ള സുന്ദരമായ ഒരു പാലം.

ജ്യേഷ്ഠസഹോദരൻ അങ്ങോട്ടു നോക്കി നിൽക്കുമ്പോൾ പണിതീർന്ന ആ പാലത്തിലൂടെ അക്കരെ നിന്ന് തന്റെ അനുജൻ കൈകൾ വിടർത്തി പശ്ചാത്താപവിവശനായി

**യേശുവിനെ ഒരിക്കൽ നസറ ത്തിലെ ജനങ്ങൾ തച്ചൻ എന്നു വിശേഷിപ്പിച്ചു. 'ഇവൻ മറിയയുടെ മകനായ ആ തച്ച നല്ലേ'? എന്നായിരുന്നു അവരു ടെ ചോദ്യം. ശരിയാണ്.. അവി ടുന്നു വ്യക്തിബന്ധങ്ങൾക്കിട യിലെ വിടവ് അടയ്ക്കുന്ന തച്ചനാണ്. അതുകൊണ്ടു തന്നെ പഴയനിയമ പ്രവാചക നായ യെശയ്യാവ് 'കേടു തീർക്കുന്നവനെന്നും പുരാതന ശൂന്യങ്ങളെ പണിയുന്നവ നെന്നും പാതകളെ യഥാസ്ഥാന ത്താക്കുന്നവനെന്നും അവനു പേർ പറയും' എന്നു നേരത്തെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.തകർന്നു പോയ ബന്ധങ്ങളെ പണിയു വാനും കേടു തീർക്കുവാനും നസറേത്തിലെ തച്ചനെ നാം അനുവദിക്കുമോ?**

കടന്നുവരുന്നു, "ഞാൻ ഇത്രയു മൊക്കെ ചെയ്തിട്ടും ചേട്ടന് അതു ക്ഷമിച്ച് എന്റെ അടുത്തേക്ക് പാലം പണിതല്ലോ. ഈ വലിയ ഹൃദയം കാണാൻ ഞാൻ വൈകിപ്പോയി ചേട്ടാ."

ആ വാക്കുകൾ ജ്യേഷ്ഠനേയും സ്പർശിച്ചു. അദ്ദേഹവും നീട്ടപ്പെട്ട കരങ്ങളുമായി ഇക്കരെനിന്ന് പാല ത്തിലേക്ക് കയറി. ഇരുവരും പാല ത്തിന്റെ മധ്യത്തിൽ വച്ച് സന്ധിച്ചു. ഒരു ഗാഢാശ്ലേഷത്തിൽ ഇരുവരും അമർന്നു. കണ്ണീരിന്റെയും ക്ഷമായാ ചനയുടെയും ഒരു നിമിഷം പിന്നിട്ട് അവർ ആലിംഗനത്തിൽ നിന്ന് വിമു ക്തരായപ്പോൾ പിന്നിൽ പണി അവ സാനിപ്പിച്ച് യാത്ര പറയാൻ നിൽക്കുന്ന തച്ചനെയാണ് കണ്ടത്. ജ്യേഷ്ഠസഹോദരൻ പൊടുന്നനെ നന്ദിയോടെ, കൃതാർത്ഥയോടെ പറ ഞ്ഞു. "പോകാൻ വരട്ടെ. ഇനിയും വേറെ ജോലികൾ ഞങ്ങൾ നിങ്ങൾക്ക് തരാം."

"ഇവിടെ നിൽക്കാൻ എനിക്കും സന്തോഷമേയുള്ളൂ." തച്ചൻ വിനയ ത്തടെ പറഞ്ഞു. "പക്ഷേ എനിക്ക് പോകേണ്ടിയിരിക്കുന്നു. പലയി ടത്തും ഇതുപോലെ ഇനിയും ധാരാളം പാലങ്ങൾ പണിയേണ്ടതു ണ്ടല്ലോ!" തോളിൽ പണിയായുധ ങ്ങളും ഏന്തി നസറേത്തിലെ തച്ചൻ യാത്രയായി....

യേശുവിനെ ഒരിക്കൽ നസറ ത്തിലെ ജനങ്ങൾ തച്ചൻ എന്നു വിശേഷിപ്പിച്ചു. 'ഇവൻ മറിയയുടെ മകനായ ആ തച്ചനല്ലേ'? എന്നായി രുന്നു അവരുടെചോദ്യം (മർക്കോസ് 6:3) ശരിയാണ്.. അവിടുന്നു വ്യക്തി ബന്ധങ്ങൾക്കിടയിലെ വിടവ് അട യ്ക്കുന്ന തച്ചനാണ്.

അതുകൊണ്ടുതന്നെ പഴയനിയമ പ്രവാചകനായ യെശയ്യാവ് 'കേടു തീർക്കുന്നവനെന്നും പുരാതനശൂന്യ ങ്ങളെ പണിയുന്നവനെന്നും പാത കളെ യഥാസ്ഥാനത്താക്കുന്നവ നെന്നും അവനു പേർ പറയും' എന്നു നേരത്തെ ചൂണ്ടിക്കാട്ടിയിട്ടു ണ്ട്. (58:12;61:4)

തകർന്നുപോയ ബന്ധങ്ങളെ പണിയുവാനും കേടു തീർക്കു വാനും നസറേത്തിലെ തച്ചനെ നാം അനുവദിക്കുമോ?

❖

# സ്വയം താഴ്ത്തുന്ന വിധം

*(കഴിഞ്ഞ ലക്കം തുടർച്ച)*

# സ്വയം ന്യായീകരണം നിഗളത്തിന്റെ ലക്ഷണം

**നി**ങ്ങളുടെ സഹപ്രവർത്തകർ നിങ്ങളെ തെറ്റിദ്ധരിക്കുന്ന ഒരു സാഹചര്യത്തിൽ നിങ്ങൾ എത്തി എന്നിരിക്കട്ടെ. നിങ്ങൾ കാര്യങ്ങളെ വിശദീകരിച്ചു മനസ്സിലാക്കിക്കുന്നതിൽ അർത്ഥമില്ല. അവർ നിങ്ങളെ ശ്രദ്ധിക്കുവാൻ തന്നെ വിമുഖരായിരിക്കും. നിങ്ങൾ തികച്ചും നിർദ്ദോഷിയെങ്കിൽപ്പോലും അത്തരം ഒരു സന്ദർഭത്തിലെന്താണു ചെയ്യേണ്ടത്? നിങ്ങളെക്കുറിച്ചുള്ള സഹതാപത്തിലിരിക്കാൻ കഴിയുമോ? ഒരിക്കലുമില്ല. ദൈവത്തിന്റെയും മനുഷ്യരുടെയും മുമ്പിൽ നിങ്ങളുടെ മനസ്സാക്ഷി ശുദ്ധമാണെന്ന് ഉറപ്പുവരുത്തുക. ശിഷ്ടകാര്യങ്ങൾ ദൈവത്തെ ഭരമേൽപ്പിക്കുക. അതുമാത്രമേ നിങ്ങൾ ചെയ്യേണ്ടതുള്ളു. കഴിഞ്ഞ നിരവധി വർഷങ്ങളായി ഞാൻ ചെയ്തുവരുന്നത് അത്തരത്തിലാണ്. അത് എനിക്ക് അനുഗ്രഹമായിരിക്കുന്നു. നിങ്ങൾക്കുവേണ്ടിയും ഞാനീവഴി ശുപാർശചെയ്യട്ടെ.

കർത്താവിനെ സേവിക്കാനാഗ്രഹിക്കുന്ന ഏതൊരു വ്യക്തിയും നിരന്തരം സാത്താന്റെ ശരവ്യമാണ്. നാം എത്രയധികം കർത്താവിനു ഉപയുക്തരായിത്തീരുന്നുവോ അത്രകണ്ട് സാത്താന്റെ ആക്രമണത്തിനും വിധേയരായിക്കൊണ്ടിരിക്കും. അതു നമുക്ക് ഒഴിവാക്കാനാവില്ല. അപവാദങ്ങളാലും കള്ളക്കഥകളാലും വ്യാജആരോപണങ്ങളാലും അവൻ നമ്മെ ആക്രമിക്കും. അവൻ നമ്മുടെ ഭാര്യയെയും മക്കളെയും കൂടെ ആക്രമിക്കും.

യേശുക്രിസ്തുവിന്റെ ജീവിതകാലത്തു തന്നക്കുറിച്ച് ആളുകൾ എന്തൊക്കെ കാര്യങ്ങൾ പറഞ്ഞു എന്നും ഇന്നും എന്തൊക്കെ പറഞ്ഞുകൊണ്ടിരിക്കുന്നു എന്നതും ശ്രദ്ധിക്കുക. തിന്നിയും കുടിയനുമായ മനുഷ്യൻ (ലൂക്കോ.7:34), ഭ്രാന്തൻ (മാർക്കൊ.3:21) ഭൂതബാധിതൻ (യോഹ.8:48) ഭൂതങ്ങളുടെ തലവൻ (മത്താ.12:24) മുതലായി പല ദുഷ്പേരുകളും വളിച്ചിരുന്നു. തിരുവെഴുത്തുകൾക്കും മോശയ്ക്കും വിരുദ്ധമായ കാര്യങ്ങൾ പഠിപ്പിക്കുന്ന ദുരുപദേഷ്ടാവ് (യോഹ.9:29) എന്ന് ആളുകൾ അദ്ദേഹത്തെ വിശേഷിപ്പിച്ചു. അങ്ങനെ യേശുവിനെ ശ്രദ്ധിക്കുന്നതിൽനിന്നും ആളുകളെ അകറ്റി. അത്തരം ആളുകളോടു വിശദീകരണം നൽകുവാൻ യേശു ഒരിക്കലും മെനക്കെട്ടില്ല. **വ്യക്തിപരമായി** തനിക്കെതിരെ കൊണ്ടുവന്ന ഒരു ആരോപണത്തിനും അവിടുന്നു മറുപടി പറഞ്ഞില്ല. നമുക്കും അതു മാതൃകയാക്കാം. ഉപദേശപരമായ ചോദ്യങ്ങൾക്കു മാത്രം യേശു മറുപടി പറഞ്ഞു. ഇന്നും ആളുകൾ യേശുവിനെക്കുറിച്ച് അധാർമ്മിക

> **ദൈവം നമ്മെ നുറുക്കുന്നതു തെറ്റിദ്ധരിക്കപ്പെടാനും ദോഷം ആരോപിക്കപ്പെടാനും പരസ്യമായി അപമാനിതരാകാനും അനുവദിച്ചു കൊണ്ടാണ്. അത്തരം സാഹചര്യങ്ങളിൽ നമ്മെ പരിഹസിക്കുന്ന ആളുകളെ നാം ശ്രദ്ധിക്കരുത്. അവർ നമ്മുടെ സഹോദരന്മാരോ ശത്രുക്കളോ ആകട്ടെ. അതു സാരമില്ല. എല്ലാ യൂദാ ഇസ്ക്കര്യോത്താമാരുടെയും പിന്നിൽ നമുക്ക് ഒരു പാനപാത്രം വച്ചുനീട്ടുന്ന സ്വർഗ്ഗീയ പിതാവന്റെ കരങ്ങളുണ്ടെന്നു നാം അറിഞ്ഞിരിക്കണം.**

മായ ആരോപണങ്ങൾ ഉയർത്തുന്നു. പക്ഷേ അങ്ങനെയുള്ളവർക്കു പോലും കർത്താവ് ഒരു ശിക്ഷാവിധി അയയ്ക്കുന്നില്ല.

ആളുകൾ പൗലോസിനെ ഒരിടത്തും അംഗീകാരം ലഭിക്കാത്ത, എല്ലായിടത്തും വിരോധം പറയുന്ന, ഒരു മതഭേദത്തി (sect) ന്റെ കള്ള പ്രവാചകൻ എന്നും ആളുകളെ വഞ്ചിക്കുന്നവൻ എന്നും വിളിച്ചു (അ:പ്ര. 24:14; 28:22). അങ്ങനെ പൗലോസിനെ ശ്രദ്ധിക്കുന്നതിൽ നിന്നും ആളുകളെ പിന്തിരിപ്പിച്ചു.

ദൈവത്തിന്റെ എല്ലാ ശ്രേഷ്ഠദാസന്മാരെ സംബന്ധിച്ചും ഇതു ശരിയാണെന്നു സഭാചരിത്രം പരിശോധിച്ചാൽ മനസ്സിലാകും. മാർട്ടിൻ ലൂതർ, ജോൺ വെസ്ലി, ചാൾസ് ഫിന്നി, വില്യം ബൂത്ത്, വാച്ച്മാൻ നീ തുടങ്ങിയ ദൈവത്തിന്റെ എല്ലാ സത്യപ്രവാചകന്മാരുടെയും അനുഭവം ഇതാണ്.

ചില നൂറ്റാണ്ടുകൾക്ക് മുമ്പ് ജർമ്മനിയിൽ ജീവിച്ചിരുന്ന ഒരു വ്യക്തിയായിരുന്ന ഹെൻട്രി സൂസോ. അദ്ദേഹം അവിവാഹിതനായ ഒരു വിശുദ്ധനായിരുന്നു. തന്നെ യേശുവിനെപ്പോലെ സൗമ്യതയും താഴ്മയും ഉള്ളവനാക്കുവാൻ തക്കവണ്ണം നുറുക്കണമേ എന്നദ്ദേഹം ദൈവത്തോടു നിരന്തരം പ്രാർത്ഥിച്ചു. പ്രാർത്ഥനയ്ക്കു മറുപടി ലഭിച്ചത് ഇപ്രകാരമായിരുന്നു: ഒരു ദിവസം അദ്ദേഹം വാതിൽക്കൽ ഒരു മുട്ടുകേട്ടു. കതകു തുറന്നപ്പോൾ അപരിചിതയായ ഒരു സ്ത്രീ ഒരു കൈക്കുഞ്ഞുമായി അവിടെ നില്ക്കുന്നതദ്ദേഹം കണ്ടു. അവരെ താനൊരിക്കലും മുമ്പു കണ്ടിരുന്നില്ല. അവർ ദുശ്ചരിതയായ ഒരുസ്ത്രീ തന്നെയായിരുന്നു. തന്റെ ഈ പുതിയ ശിശുവിനെ ഒഴിവാക്കാൻ ആരെയെങ്കിലും കണ്ടെത്തണമെന്നു വിചാരിച്ച അവർ ഹെൻട്രി സൂസോയെയാണു അതിനു പറ്റിയ ആളായി കണ്ടത്. അങ്ങനെ ആ തെരുവിലുള്ള സകലമാനപേരും കേൾക്കത്തക്കവണ്ണം ഉച്ചത്തിൽ അലറി. “ഇതാ നിന്റെ പാപത്തിന്റെ ഫലം”. ഇതുപറഞ്ഞു കുട്ടിയെ സൂസോയുടെ കരങ്ങളിലേക്കു വച്ചിട്ട് അവർ നടന്നകന്നു. സൂസോ ഞെട്ടിപ്പോയി. ഒരൊറ്റ നിമിഷംകൊണ്ട് തന്റെ എല്ലാം തകർന്നിരിക്കുന്നു. അദ്ദേഹം ആ കുട്ടിയേയും കൊണ്ട് അകത്തേക്കു കയറിപ്പോയി. ദൈവസന്നിധിയിൽ മുട്ടുകുത്തി: ‘‘കർത്താവേ, ഞാൻ നിരപരാധിയാണെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ. ഞാനെന്താണ് ഇനി ചെയ്യേണ്ടത്?’’ കർത്താവ് മറുപടിയായി ഇപ്രകാരം പറഞ്ഞു: “ഞാൻ ചെയ്തത് നീയും ചെയ്യുക. മറ്റുള്ളവരുടെ പാപം ചുമന്ന് കഷ്ടം സഹിക്കുക.’’ സൂസോ കർത്താവ് കല്പിച്ചതു

പോലെ ചെയ്തു. ഒരിക്കലും ആരോടും സ്വയം നീതീകരിക്കാതെ ആ കുട്ടിയെ തന്റേതെന്നപോലെ വളർത്തി. കർത്താവിനു സത്യമറിയാമെന്ന കാര്യത്തിൽ സൂസോ സംതൃപ്തനായിരുന്നു. മറ്റുള്ളവർ എല്ലാവരും തന്നെ തെറ്റിദ്ധരിക്കുന്നതിലും. അനേകം വർഷങ്ങൾക്കു ശേഷം ആ സ്ത്രീ സൂസോയുടെ വീടിനുമുമ്പിലെത്തി താൻ കള്ളം പറഞ്ഞതാണെന്നും സൂസോ നിഷ്ക്കളങ്കനായിരുന്നെന്നും എല്ലാവരും കേൾക്കെ വിളിച്ചു പറഞ്ഞു. എന്നാൽ ഇടയ്ക്കുള്ള ആ വർഷങ്ങളിൽ എന്തു സംഭവിച്ചു? സൂസോയുടെ പ്രാർത്ഥനയ്ക്കുള്ള മറുപടി ലഭിക്കയായിരുന്നു. യേശുവിനെപ്പോലെ താഴ്മയും നുറുക്കവുമുള്ളവനായി സൂസോ മാറി. മനുഷ്യന്റെ എല്ലാ അഭിപ്രായത്തിനും മരിക്കുവാനും ദൈവത്തിന്റെ അഭിപ്രായത്തെ മത്രം വിലമതിക്കുവാനും തക്കവണ്ണം സൂസോയിൽ വിശുദ്ധീകരണത്തിന്റെ ഒരു പ്രവൃത്തി ചെയ്‌വാൻ ദൈവത്തിനു കഴിഞ്ഞു.

യേശുവിനെപ്പോലെ ആകുവാൻ വേണ്ടി ഇപ്രകാരം ഒരു വിലകൊടുക്കുവാൻ നമുക്കു മനസ്സുണ്ടോ? അതോ നാമും മനുഷ്യരുടെ മാനംകാംക്ഷിക്കുന്നവരോ?

ദൈവം നമ്മെ നുറുക്കുന്നതു തെറ്റിദ്ധരിക്കപ്പെടാനും ദോഷം ആരോപിക്കപ്പെടാനും പരസ്യമായി അപമാനിതരാകാനും അനുവദിച്ചുകൊണ്ടാണ്. അത്തരം സാഹചര്യങ്ങളിൽ നമ്മെ പരിഹസിക്കുന്ന ആളുകളെ നാം ശ്രദ്ധിക്കരുത്. അവർ നമ്മുടെ സഹോദരന്മാരോ ശത്രുക്കളോ ആകട്ടെ. അതു സാരമില്ല. എല്ലാ യൂദാ ഇസ്ക്കര്യോത്താമാരുടെയും പിന്നിൽ നമുക്ക് ഒരു പാനപാത്രം വച്ചുനീട്ടുന്ന സ്വർഗ്ഗീയ പിതാവന്റെ കരങ്ങളുണ്ടെന്നു നാം അറിഞ്ഞിരിക്കണം. അത്തരം സന്ദർഭങ്ങളിൽ പിതാവിന്റെ കരങ്ങൾ നമുക്കു ദർശിക്കുവാൻ കഴിഞ്ഞാൽ നമുക്കു ലഭിക്കുന്ന പാനപാത്രം അതെത്രവേദനയും ക്യ്പുമുള്ളതായിരുന്നാലും നാം സന്തോഷത്തോടെ തന്നെ അതു പാനം ചെയ്യും. എന്നാൽ നാം യൂദാസിനെ മാത്രമാണ് കാണുന്നതെങ്കിൽ നാം പത്രോസിനെപ്പോലെ നമ്മുടെ വാളെടുത്തു വെട്ടുകയും ആളുകളുടെ കാതോ അവരുടെ മാന്യതയോ മുറിക്കുകയും ചെയ്യും.

നാം ആക്രമിക്കപ്പെടുകയും വ്യാജാരോപണങ്ങൾക്കു വിധേയരാവുകയും ചെയ്യുന്നുവെങ്കിൽ നമ്മെ തന്റെ കരങ്ങൾക്കു കീഴിൽ താഴ്ത്തി യേല്പിക്കുവാൻ ദൈവം ആഗ്രഹിക്കുന്നു. അവിടെ ദൈവത്തിന്റെ കരം കാണാൻ കഴിഞ്ഞാൽ കാര്യങ്ങൾ എളുപ്പമായി.

കഴിഞ്ഞ പല വർഷങ്ങളായി എന്നെയും എന്റെ ഉപദേശങ്ങളെയും കുറിച്ച് വിശ്വാസികൾ തെറ്റായി പലതും പറയുന്നതു ഞാൻ കേട്ടുകൊണ്ടിരിക്കുന്നു. അവർ എന്നെയും എന്റെ കുടുംബാംഗങ്ങളെയും കുറിച്ചു വ്യാജാരോപണങ്ങൾ പരത്തുകയും ലേഖനങ്ങളും പുസ്തകങ്ങളും ചമയ്ക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. എന്നാൽ അവരോടു മറുപടി പറയരുതെന്നു കർത്താവു എന്നെ എല്ലായ്പ്പോഴും ഉപദേശിക്കുന്നു. അതുകൊണ്ടു ഞാൻ മൗനം പാലിക്കുന്നു, അതുകൊണ്ട് എന്നിലും എന്റെ കുടുംബാംഗങ്ങളിലും വലിയ ഒരു ശുദ്ധീകരണം ഉളവാക്കാൻ കർത്താവിനു കഴിഞ്ഞു. തിന്മയായുള്ളതിനെക്കൊണ്ടു നന്മയുളവാക്കുവാൻ കർത്താവിനു കഴിയും.

സമയമാകുമ്പോൾ എല്ലാ കാർമേ

ഘങ്ങളും നീക്കുവാനും വെളിച്ചം പ്രകാശിപ്പിപ്പാനും കർത്താവിനു കഴിയും. എന്നാൽ ആ സമയം തീരുമാനിക്കുന്നതു കർത്താവാണ്. ഞാനല്ല (അപ്പോ.പ്രവൃത്തി 1:7ൽ വായിക്കുമ്പോലെ). അതുവരെ തന്റെ കരങ്ങൾക്കു കീഴിൽ താണിരിക്കുക എന്നതു മാത്രമാണു എനിക്കു ചെയ്വാനുള്ളത്. ആരുടെയും മുമ്പിൽ സ്വയം നീതികരിക്കുവാൻ എനിക്കുകാര്യമില്ല. ഒരിക്കൽ ഞാനങ്ങനെ ചെയ്തു തുടങ്ങിയാൽ പിന്നെ മറ്റൊന്നിനും എനിക്കു സമയം ലഭിക്കില്ല.

ചെമ്പുപണിക്കാരനായ അലക്സാണ്ടറെക്കുറിച്ചു പൗലോസ് പറയുമ്പോലെ: ദുഷ്ക്കർമ്മികളുടെ പ്രവൃത്തിക്കു കർത്താവു പ്രതിഫലം നൽകട്ടെ (2 തിമോ.4:14) പ്രതികാരത്തിന്റെ കണക്കുകൾ കർത്താവിനെ ഏല്പിച്ചു നമുക്കു സുരക്ഷിതരാകാം. (റോമ.12:19)

എല്ലാക്കാര്യങ്ങളും കർത്താവിനെ ഭരമേല്പിക്കുന്നതാണു നല്ലത്. താൻ എന്തുചെയ്യുന്നു എന്ന് അവിടുന്ന് അറികയും എല്ലാക്കാര്യങ്ങളും അവിടുത്തെ നിയന്ത്രണത്തിലായിരിക്കയും ചെയ്യുന്നു. യേശുവിന്റെ സ്വരൂപം തെളിയുവോളം അവിടുന്നു കല്ലിനെ കൊത്തിക്കൊണ്ടിരിക്കുന്നു. പാറയുടെ ചിലഭാഗങ്ങൾ വളരെ കടുപ്പമേറിയതാണ്. അവിടുന്നു വ്യാജാരോപണങ്ങളും വിമർശനങ്ങളും അയച്ച് കടുത്ത ഭാഗങ്ങളെ കൊത്തിമാറ്റുന്നു. നാം കീഴടങ്ങിയിരിക്കുന്നുവെങ്കിൽ യഥാർത്ഥ ആത്മീയാധികാരമുള്ള ക്രിസ്തുതുല്യരായ മനുഷ്യർ പുറത്തുവരും.

യൂദാ ഒറ്റിക്കൊടുക്കുമ്പോൾ യേശു അവനെ''സ്നേഹിതാ'' എന്നത്രേ വിളിച്ചത്. കാരണം പിതാവിന്റെ കരങ്ങൾ യേശുകണ്ടിരുന്നു. നമ്മുടെ എല്ലാ സാഹചര്യങ്ങളിലും ദൈവത്തിന്റെ പരമാധികാരം നാം കാണുന്നുവെങ്കിൽ നമുക്കു നമ്മെ താഴ്ത്താൻ പ്രയാസം വരികയില്ല. സമയം വരുമ്പോൾ കർത്താവിനു നമ്മെ ഉയർത്താനും പ്രയാസം വരികയില്ല. നമ്മുടെ തോളിൽ നിന്നും ഭാരം നീക്കുകയും നമ്മെ ഉയർത്തുകയും ചെയ്യേണ്ട യഥാർത്ഥസമയം കർത്താവറിയുന്നു. നമുക്കു കാത്തിരിക്കാം. തന്നെ കാത്തിരിക്കുന്നവർ ലജ്ജിച്ചുപോകയില്ല നിരാശപ്പെടുകയുമില്ല. (യെശ.49:23)

ഉയർത്തുക എന്നാൽ നാം മുമ്പെ പറഞ്ഞതുപോലെ ലോകത്തിൽ വലിയവനാകുക എന്നല്ല. വലിയ ക്രിസ്തീയ സ്ഥാപനങ്ങൾ ഉയർത്താൻ ദൈവം നമ്മെക്കുറിച്ചു വിചാരിച്ചെന്നുവരികയില്ല. വ്യക്തിപരമായി ഒരു സ്ഥാപനത്തിന്റെയും തലവൻ എന്നറിയപ്പെടാനും പ്രത്യേകിച്ചും വലിയ സ്ഥാപനത്തിന്റെ മേധാവി ആകാനും എനിക്കു താല്പര്യമില്ല. കർത്താവു എങ്കൽ ഭരമേല്പിക്കുന്നവരെ-പത്തായാലും പതിനായിരമായാലും-ശുശ്രൂഷിക്കുവാനും കർത്താവിന്റെ ദാസനായിരുന്നുകൊണ്ടു താൻ നൽകുന്ന ഉത്തരവാദിത്വങ്ങൾ നിറവേറ്റുവാനും ഞാൻ ആഗ്രഹിക്കുന്നു. ക്രൈസ്തവലോകത്തിൽ ഒരു സ്ഥാനപ്പേരോ സ്ഥാനമോ ഉണ്ടായിരിക്കാനും ഞാൻ അഗ്രഹിക്കുന്നില്ല. ആളുകളുടെ മേലോ വസ്തുക്കളിന്മേലോ ധനത്തിന്മേലോ നിയന്ത്രണം കൈയാളാനും ഞാൻ ആഗ്രഹിക്കുന്നില്ല. വചനം പ്രസംഗിച്ചുകൊണ്ട് ആവശ്യത്തിലിരിക്കുന്നവർക്കു ശുശ്രൂഷ ചെയ്വാൻമാത്രം ഞാൻ ആഗ്രഹിക്കുന്നു.

നമുക്കു യേശുവിന്റെ കാൽചുവ

*(ശേഷം പേജ് 38 ൽ)*

ചിന്തയ്ക്ക്

# പ്രാർത്ഥനയ്ക്കുള്ള തടസ്സങ്ങളെ എങ്ങനെ മാറ്റാം?

*(കഴിഞ്ഞ ലക്കം തുടർച്ച)*

**2. സ്വയം**

എല്ലാ പാപത്തിന്റെയും മൂലകാരണമാണു സ്വയം. നമ്മുടെ "സൽപ്രവൃത്തികളിൽ'' പ്പോലും എത്ര സ്വാർത്ഥ താല്പര്യമുള്ളവരാണു നാം! സ്വാർത്ഥത കൊതിക്കുന്നതായ എന്തെങ്കിലും ഉപേക്ഷിക്കുവാൻ നാം എത്ര മടിക്കുന്നു! എന്തെങ്കിലും കൊണ്ട് നിറഞ്ഞിരിക്കുന്ന ഒരു കൈകൊണ്ട് ക്രിസ്തുവിന്റെ ദാനങ്ങൾ എടുക്കാൻ കഴിയുകയില്ലെന്നും നമുക്കറിയാം. അതുകൊണ്ടല്ലേ നമ്മുടെ രക്ഷിതാവ് നമ്മെ പഠിപ്പിച്ച പ്രാർത്ഥനയിൽ സ്വാർത്ഥതയിൽ നിന്നു വിടുവിക്കാൻ ഓരോന്നുമായി നമ്മെ കൂട്ടിയിണച്ചത്? 'ഞങ്ങളുടെ' എന്നാണ് ആദ്യവാക്ക്. "ഞങ്ങളുടെ പിതാവേ..... ഞങ്ങൾക്കു തരണമേ...... ഞങ്ങളോടു ക്ഷമിക്കേണമേ..... ഞങ്ങളെ വിടുവിക്കേണമേ......." എന്നിങ്ങനെ.

പ്രാർത്ഥന വളരെ വിനയപ്പെടുത്തുന്ന ഒരു കാര്യമാകയാൽ അഹങ്കാരം പ്രാർത്ഥനയെ തടയുന്നു. ദൈവദൃഷ്ടിയിൽ അഹങ്കാരം വളരെ വെറുക്കത്തക്കതാണ്! "സകലവും ധാരാളമായി അനുഭവിക്കുവാൻ തരുന്നത് ദൈവമാണ്.'' പൗലൊസ് ചോദിക്കുന്നു, "ലഭിച്ചതെങ്കിലോ ലഭിച്ചതല്ല എന്ന പോലെ പ്രശംസിക്കുന്നതെന്ത്?" (1 കൊരി. 4:7). നമ്മുടെ പ്രാർത്ഥനാജീവിതത്തിന് കേടുവരുത്തുവാൻ അഹങ്കാരത്തെയും അഹങ്കാരത്തിന്റെ സഹോദരി അസൂയയെയും നാം അനുവദിക്കരുത്.

അതുപോലെ നാം പൊങ്ങച്ചത്തിൽ സന്തോഷിക്കാനിടയുണ്ടെങ്കിൽ നമുക്കുവേണ്ടി വൻകാര്യങ്ങളെ ചെയ്യുവാൻ ദൈവത്തിന് സാധിക്കയില്ല. ഓ, നമുക്ക് എത്ര മാത്രം വിഡ്ഢികളായിത്തീരാൻ കഴിയും? ചിലപ്പോൾ നാം നിർബന്ധബുദ്ധികളാകുമ്പോൾ നമ്മുടെ പരമാർത്ഥതയിൽ നാം ചോദിക്കുന്നത് ദൈവം നൽകുന്നു. "അവർ അപേക്ഷിച്ചത് അവൻ അവർക്കു കൊടുത്തു; എങ്കിലും അവരുടെ പ്രാണനു ക്ഷയം അയച്ചു" (സങ്കീ. 106:15). ഓ, ദൈവമേ! ഞങ്ങളെ അതിൽനിന്നു രക്ഷിക്കണമേ, ഞങ്ങളെ സ്വയത്തിൽനിന്നു രക്ഷിക്കണമേ.

വീണ്ടും, മറ്റുള്ളവരെ വിമർശിക്കുന്ന മനോഭാവം. ഇത്തരം ചിന്ത നമ്മുടെ ഓർമ്മയിൽത്തന്നെ കരിഞ്ഞുപോകാനിടയാകട്ടെ. ഒരുവൻ യേശുക്രിസ്തുവിനെപ്പോലെ ആകുമ്പോൾ വലുതാകുന്നു. എന്നാൽ മറ്റുള്ളവരെ വിധിക്കുമ്പോൾ ചെറുതാകുന്നു. ഇത് തെറ്റിക്കൂടാത്ത ഒരു പരിശോധനയാണ്. മറ്റുള്ളവരെ എപ്പോഴും വിമർശിച്ചുകൊണ്ടിരിക്കുന്നവർ ക്രിസ്തുവിൽനിന്ന് ഒഴുകിപ്പോയവരാണ്.

> **ചിലപ്പോൾ നാം തുറന്നു സംസാരിക്കുമായിരിക്കും. എന്നാൽ അത് എപ്പോഴും സ്നേഹത്തിന്റെ ആത്മാവിൽ ആയിരിക്കട്ടെ. "സ്നേഹം മരിക്കുന്നതിനെക്കാൾ കൂടുതലായി തെറ്റ് ജീവിക്കാൻ ഇഷ്ടപ്പെടട്ടെ."നമ്മുടെ സ്വകാര്യ പ്രാർത്ഥനകളിൽപ്പോലും മറ്റുള്ളവരുടെ കുറവു കണ്ടുപിടിക്കൽ തീർച്ചയായും ഒഴിവാക്കപ്പെടേണ്ടതാണ്. എന്നെ വിശ്വസിച്ചാലും! മറ്റെന്തിനെക്കാളും വേഗത്തിൽ ജീവിതവിശുദ്ധിയെ വിമർശനത്തിന്റെ ആത്മാവ് തകർക്കുകയും നമ്മെ എളുപ്പത്തിൽ ബലിമൃഗങ്ങളപ്പോലെയാക്കുകയും ചെയ്യുന്നു.**

അവർ ഇപ്പോഴും അവനുള്ളവർതന്നെ ആയിരിക്കാം. എന്നാൽ അവന്റെ സ്നേഹത്തിന്റെ ആത്മാവ് നഷ്ടപ്പെടുത്തി. പ്രിയ വായനക്കാരാ, നിങ്ങൾക്ക് ഒരു വിമർശനസ്വഭാവമാണുള്ളതെങ്കിൽ ഒരിക്കലും നിങ്ങളുടെ അയൽക്കാരനെയല്ല, നിങ്ങളെത്തന്നെ കീറിപരിശോധിക്കാൻ അനുവദിക്കുക. എങ്കിൽ എല്ലാ അർത്ഥത്തിലും നിങ്ങളതിനെ വിട്ടുകളയാൻ പ്രാപ്തനാകും. മറ്റുള്ളവരുടെ മാനം "കവർച്ച ചെയ്യുകയും മോഷ്ടിക്കുകയും" ചെയ്യുന്നതിൽനിന്നും ഒരു മാസത്തേക്ക് നാവിനെ സൂക്ഷിച്ച ആരും പിന്നെ ഒരിക്കലും ഏഷണി പറയുവാൻ മടങ്ങിപ്പോകാനാഗ്രഹിക്കുകയില്ല. "സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയകാണിക്കുകയും ചെയ്യുന്നു" (1 കൊരി. 13:4). നാം അങ്ങനെ ചെയ്യുന്നുവോ?

നാം ചീത്തയായ ചായം മറ്റുള്ളവർക്ക് തേയ്ക്കുവാൻ മുതിർന്നിട്ടുള്ളതിനാൽ നാം നമ്മിൽത്തന്നെ മെച്ചമല്ല. നാം മറ്റുള്ളവരെ താഴ്ത്തിക്കെട്ടുന്ന വിവരങ്ങൾ പരത്തുന്നത് നിരസിക്കുകയും മറ്റുള്ളവരെയും അവരുടെ പ്രവർത്തനത്തെയും വിധിക്കുന്നത് നിറുത്തുകയും ചെയ്യുമ്പോൾ നാം നമ്മുടെ ആത്മീയസന്തോഷത്തിന്റെയും ക്രിസ്തുവിനുവേണ്ടി നമ്മുടെ തനതായ ജീവിത സാക്ഷ്യത്തിന്റെയും അതിരുകൾ വിശാലമാക്കുകയാണ്. ആദ്യം ഇത് പ്രയാസമായിരുന്നേക്കാം. എന്നാലിത് പറഞ്ഞുതീരാത്ത സന്തോഷം പെട്ടെന്നുണ്ടാകുന്നു. ചുറ്റുമുള്ള എല്ലാവരുടെയും സ്നേഹം പാരിതോഷികമായി നല്കപ്പെടുകയും ചെയ്യുന്നു. ആധുനിക ഉപദേശപ്പിശകുകളുടെ മുമ്പാകെ മൗനമവലംബിക്കുക എന്നുള്ളത് ഏറ്റവും ബുദ്ധിമുട്ടാണ്. "വിശുദ്ധന്മാർക്ക് ഒരിക്കലായി ഭരമേല്പിച്ച വിശ്വാസത്തിനുവേണ്ടി പോരാടണം'' (യൂദ 3) എന്നു നമ്മോടു പറഞ്ഞിട്ടില്ലേ? അതുകൊണ്ട് ചിലപ്പോൾ നാം തുറന്നു സംസാരിക്കുമായിരിക്കും. എന്നാൽ അത് എപ്പോഴും സ്നേഹത്തിന്റെ ആത്മാവിൽ ആയിരിക്കട്ടെ. "സ്നേഹം മരിക്കുന്നതിനെക്കാൾ കൂടുതലായി തെറ്റ് ജീവിക്കാൻ ഇഷ്ടപ്പെടട്ടെ."നമ്മുടെ സ്വകാര്യ പ്രാർത്ഥനകളിൽപ്പോലും മറ്റുള്ളവരുടെ കുറവു കണ്ടുപിടിക്കൽ തീർച്ചയായും ഒഴിവാക്കപ്പെടേണ്ടതാണ്. എന്നെ വിശ്വസിച്ചാലും! മറ്റെന്തിനെക്കാളും വേഗത്തിൽ ജീവിതവിശുദ്ധിയെ വിമർശനത്തിന്റെ ആത്മാവ് തകർക്കുകയും നമ്മെ എളുപ്പത്തിൽ ബലിമൃഗങ്ങളപ്പോലെയാക്കുകയും ചെയ്യുന്നു. എന്തുകൊണ്ടെന്നാൽ,

ഇത് അത്യന്തം 'മാന്യമായ' പാപമാണ്. സ്നേഹമാകുന്ന ക്രിസ്തുവിന്റെ ആത്മാവുകൊണ്ട് ഒരു വിശ്വാസി നിറയുമ്പോൾ, അവൻ തന്റെ സുഹൃത്തുക്കളിൽ തിരിച്ചറിഞ്ഞേക്കാവുന്ന ക്രിസ്തീയമല്ലാത്ത പെരുമാറ്റത്തെ ഒരിക്കലും ആരോടും പറയുകയില്ല എന്നുള്ളത് ഇവിടെ കൂട്ടിച്ചേർക്കേണ്ട ആവശ്യമില്ല. "അവൻ വളരെ ദുരഭിമാനിയാണ്." "എനിക്കാ മനുഷ്യനെ സഹിക്കാൻ സാധിക്കുന്നില്ല" ഇതുപോലെയുള്ള പ്രസ്താവനകൾ തീർച്ചയായും ദയമില്ലാത്തതും അനാവശ്യവും പലപ്പോഴും സത്യവിരുദ്ധവുമാണ്.

നമ്മുടെ പ്രിയ കർത്താവ് തനിക്കെതിരായുള്ള പാപികളുടെ വിരോധം സഹിച്ചു. എന്നാൽ ഒരിക്കലും ആ വാർത്ത വിദേശത്ത് പ്രസിദ്ധീകരിക്കുകയോ പരാതിപ്പെടുകയോ ചെയ്തില്ല. എന്തുകൊണ്ടു നാം അങ്ങനെ ചെയ്യണം? ക്രിസ്തു പരമാധികാരിയായി വാഴണമെങ്കിൽ സ്വയത്തെ സിംഹാസനഭ്രഷ്ടനാക്കണം. ഹൃദയത്തിൽ വിഗ്രഹങ്ങൾ ഉണ്ടായിരിക്കാൻ പാടില്ല. ചില മതനേതാക്കളെക്കുറിച്ച് ദൈവം എന്താണ് പറഞ്ഞതെന്ന് നിങ്ങൾ ഓർക്കുന്നുവോ? "പുരുഷന്മാർ തങ്ങളുടെ വിഗ്രഹങ്ങളെ സ്മരിച്ചു... അവർ ചോദിച്ചാൽ ഞാൻ ഉത്തരം അരുളുമോ?" (യെഹ. 14:3).

എപ്പോൾ നമ്മുടെ ഉദ്ദേശ്യം ദൈവനാമമഹത്വം ഒന്നുമാത്രമാകുമോ അപ്പോൾ ദൈവത്തിനു നമ്മുടെ പ്രാർത്ഥനകൾക്ക് ഉത്തരമരുളാൻ കഴിയും. തന്റെ ദാനങ്ങളെക്കാൾ ക്രിസ്തുതന്നെ ആയിരിക്കണം നമ്മുടെ ആഗ്രഹം. ''യഹോവയിൽത്തന്നെ രസിച്ചുകൊൾക, അവൻ നിന്റെ ഹൃദയത്തിലെ ആഗ്ര

**സ്നേഹമാകുന്ന ക്രിസ്തുവിന്റെ ആത്മാവുകൊണ്ട് ഒരു വിശ്വാസി നിറയുമ്പോൾ, അവൻ തന്റെ സുഹൃത്തുക്കളിൽ തിരിച്ചറിഞ്ഞേക്കാവുന്ന ക്രിസ്തീയമല്ലാത്ത പെരുമാറ്റത്തെ ഒരിക്കലും ആരോടും പറയുകയില്ല എന്നുള്ളത് ഇവിടെ കൂട്ടിച്ചേർക്കേണ്ട ആവശ്യമില്ല. "അവൻ വളരെ ദുരഭിമാനിയാണ്." "എനിക്കാ മനുഷ്യനെ സഹിക്കാൻ സാധിക്കുന്നില്ല" ഇതുപോലെയുള്ള പ്രസ്താവനകൾ തീർച്ചയായും ദയമില്ലാത്തതും അനാവശ്യവും പലപ്പോഴും സത്യവിരുദ്ധവുമാണ്.**

ഹങ്ങളെ നിനക്കു തരും." (സങ്കീ. 37:3)

"പ്രിയമുള്ളവരേ, ഹൃദയം നമ്മെ കുറ്റംവിധിക്കുന്നില്ലെങ്കിൽ നമുക്കു ദൈവത്തോടു പ്രാഗത്ഭ്യം ഉണ്ട്. അവന്റെ കല്പനകളെ നാം പ്രമാണിച്ച് അവനു പ്രസാദമുള്ളതു ചെയ്യുന്നതുകൊണ്ട് എന്തു യാചിച്ചാലും അവങ്കൽനിന്നു ലഭിക്കും." (1 യോഹ. 3:21,22).

"നിങ്ങൾ യാചിക്കുന്നു എങ്കിലും നിങ്ങളുടെ ഭോഗങ്ങളിൽ ചെലവിടേണ്ടതിന് (സ്വയം) വല്ലാതെ യാചിക്കകൊണ്ട് ഒന്നും ലഭിക്കുന്നില്ല" (യാക്കോബ് 4:3) എന്നുള്ളത് ക്രിസ്ത്യാനിത്വത്തിന്റെ പ്രാരംഭനാളുകളിൽ എങ്ങനെ സത്യമായിരിക്കുന്നുവോ അതുപോലെ ഇന്നും സത്യമാണ്.

(തുടരും)

**Kneeling Christian**

❖


വചനദീപം

## വിശുദ്ധജീവിതം–22

# വിശുദ്ധീകരണത്തിന്റെ ഉപദേശം

**സാമുവൽലോഗൻ ബ്രെങ്കിൾ**

**വി**ശുദ്ധീകരണത്തന്റെ അനുഭവത്തിൽ വന്നതിന്റേശേഷം ചില മാസങ്ങൾക്കുള്ളിൽ എനിക്ക് വളരെ നിരാശ ഉണ്ടായി. മറ്റുള്ളവരെ ഈ അനുഭവത്തിലേക്ക് നടത്തുവാൻ എനിക്ക് ശക്തിയില്ല എന്നുള്ളതായിരുന്നു എന്റെ നിരാശയുടെ കാരണം. എനിക്കു നിർമ്മലമായ ഒരു ഹൃദയം ദൈവം തന്നു എന്ന് എനിക്കറിയാം. എന്നാൽ മറ്റുള്ളവർക്ക് അതു എങ്ങനെ ലഭിക്കുമെന്നു പറഞ്ഞുകൊടുക്കാൻ എനിക്ക് കഴിഞ്ഞില്ല.



എന്നാൽ അനേകരെ ഈ അനുഭവത്തിലേക്ക് നടത്തിയ ഒരു ദൈവദാസനെ ഞാൻ കാണുന്നതിനിടയായി. മറ്റുള്ളവരെ ഈ അനുഭവത്തിലേക്ക് നടത്തുന്നതെങ്ങനെ എന്നു ഞാൻ അദ്ദേഹത്തോടു ചോദിച്ചു. തോക്ക് നിറയ്ക്കാതെ വെടിവയ്ക്കുവാൻ കഴിയുകയില്ല എന്നാണ് അദ്ദേഹം എന്നോടു മറുപടി പറഞ്ഞത്. "അതിനാൽ നിറയ്ക്കുകയും വെടിവയ്ക്കുകയും ചെയ്ക" എന്ന് അദ്ദേഹം ആവർത്തിച്ചു പറഞ്ഞു. ദൈവം എന്റെ കണ്ണു തുറന്നുതന്നു. എന്റെ തെറ്റ് എനിക്ക് മനസ്സിലായി. പ്രാത്ഥനയിലും വേദപുസ്തകവായനയിലും ഈ അനുഭവം ലഭിച്ചിട്ടുള്ള ദൈവദാസന്മാരോടുള്ള കൂട്ടായ്മയിലും ദിനംതോറും ഞാൻ നിറയപ്പെടുമ്പോൾ മറ്റുള്ളവർക്ക് ഈ അനുഭവം ഉണ്ടാകുന്നതിന് ദൈവം എന്നെ ഉപയോഗിക്കും എന്ന് ഞാൻ മനസ്സിലാക്കി. ഞാൻ നിറവിന്റെ അനുഭവത്തിൽ ജീവിക്കേണ്ടതാണ് എന്നും മറ്റുള്ളവരെ ഇതിലേക്ക് നടത്തുന്നത് ദൈവമാണ് എന്നും ഞാൻ ഗ്രഹിച്ചു.

ഞാൻ ദൈവസന്നിധിയിൽ കാത്തിരുന്ന് പ്രാർത്ഥിച്ച് ഞാൻ അനുഗ്രഹം പ്രാപിക്കുവാൻ തുടങ്ങി. ഒരു ദിവസം ഒരു യോഗത്തിൽ ഞാൻ പ്രസംഗിച്ചു. 20 ആളുകൾ വിശുദ്ധീകരണത്തിന്റെ അനുഭവത്തിനായി വാഞ്ഛിച്ചുകൊണ്ട് മുമ്പോട്ട് വന്നു മുട്ടുകുത്തി. ഇപ്രകാരം ഒരു അനുഭവം അതിനുമുമ്പ് ഞാൻ കണ്ടിട്ടില്ല. എന്നാൽ അതിന്റെ ശേഷം അന്നുമുതൽ എന്റെ ഭാഗത്തു ചെയ്യാനുള്ള കർത്തവ്യം

ഞാൻ വിശ്വസ്തതയോടെ ചെയ്യു വാൻ തുടങ്ങി. ദൈവം തന്റെ വേല ചെയ്യുകയും ചെയ്യുന്നു. ഞാൻ പ്രാത്ഥനയിലും വേദപുസ്തകവായ നയിലും കൂട്ടായ്മയിലും നടക്കു കയും ചെയ്യുമ്പോഴും ഞാൻ പ്രവർ ത്തിക്കുന്ന ജനങ്ങളുടെ ഇടയിൽ യാതൊരു വ്യത്യാസവും കാണാത്ത തിനാൽ നിരാശപ്പെടുവാൻ ശത്രു എന്നെ പരീക്ഷിച്ചിട്ടുണ്ട്. എന്റെ ജീവിതത്തിന്റെയും പ്രവർത്തന ത്തിന്റെയും കുറ്റംകൊണ്ടാണു എന്ന് പിശാച് എന്നോടു പറഞ്ഞിട്ടുണ്ട്. "പാപത്തെക്കുറിച്ച് ഇത്ര ശക്തി യായി പ്രസംഗിച്ചാൽ മനുഷ്യൻ നിന്റെ പ്രസംഗം കേൾപ്പാൻ വരിക യില്ല" എന്നു ശത്രു ഒരിക്കൽ എന്നോടു പറഞ്ഞു. ഇപ്രകാരം ശത്രു എന്നെ വളരെ അലട്ടിയിട്ടുണ്ട്. ആ സന്ദർഭങ്ങളിലെല്ലാം ഞാൻ കർത്താവിന്റെ അടുക്കൽ ചെന്ന് അവനോട് എന്റെ കാര്യങ്ങൾ എല്ലാം തുറന്നു പറയും. 'എന്റെ ഹൃദയ ത്തിന്റെ അവസ്ഥ നീ അറിയു ന്നല്ലോ' എന്നു ഞാൻ അവനോടു പലപ്പോഴും പറഞ്ഞിട്ടുണ്ട്.

അപ്രകാരമുള്ള സന്ദർഭങ്ങളിൽ കർത്താവ് എന്നെ പലപ്പോഴും ആശ്വ സിപ്പിച്ചു. വിശുദ്ധജീവിതത്തെക്കു റിച്ചു ഞാൻ പ്രസംഗിക്കാതെയിരി ക്കേണ്ടതിന് ശത്രു എന്നെ പരീക്ഷി ക്കുകയാണ് എന്ന് അവൻ എന്നോടു പറഞ്ഞു. ചിലർ എന്റെ അടുക്കൽ വന്നു "നിന്റെ വേല കൊണ്ട് നന്മയെക്കാൾ അധികം തിന്മയാണ് ഉണ്ടാകുന്നത്" എന്നു പറഞ്ഞിട്ടുണ്ട്. "എന്നാൽ ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തിയെ ത്യജിക്കുന്നവർ" (2 തിമൊ. 3:5) എന്നു പൗലൊസ് മുഖാന്തരം നല്കി യിരിക്കുന്ന നിർദ്ദേശത്തെ ഞാൻ അതുപോലെ അനുസരിപ്പാൻ തുട ങ്ങി. അവരുടെ വാക്കുകൾ ഞാൻ ശ്രദ്ധിക്കുവാൻപോലും ശ്രമിച്ചിട്ടില്ല. ഈ പ്രതികൂലങ്ങളുടെ എല്ലാം നടു വിൽ കർത്താവ് എന്നെ കൈവിട്ടില്ല. സൽക്കീർത്തിയുടെയും ദുർശക്തി യുടേയും നടുവിൽ വീഴാതെ അവൻ എന്നെ പരിപാലിച്ചു. പാപബന്ധന ത്തിൽ നിന്ന് ദൈവമക്കളുടെ മഹത്വ ത്തിലേക്കും സ്വാതന്ത്ര്യത്തിലേക്കും വിശുദ്ധീകരണത്തിന്റെ അനുഭവത്തി ലേക്കും എന്റെ വാക്കുകൾ ശ്രദ്ധി ക്കുന്നവർ നടത്തപ്പെടുന്നത് കാണു മ്പോൾ ഞാൻ അറിയാതെ സന്തോ ഷിച്ചിട്ടുണ്ട്. വിശുദ്ധീകരണത്തെക്കു റിച്ചുള്ള ഉപദേശം നിർത്തിവയ്പിക്കു വാൻ ശത്രു വളരെ ശ്രമിച്ചിട്ടുണ്ട്. അതു സാധിച്ചാൽ ഞാൻ ക്രമേണ പാപത്തിലേക്ക് ചാഞ്ഞുപോകു കയും എന്റെ പ്രയോജനം നഷ്ടപ്പെ ടുകയും ചെയ്യും എന്നുള്ളത് അവന് അറിയാമായിരുന്നു. എന്നാൽ യിര 1:6, 8, 17 എന്നീ വാകൃങ്ങൾ കർത്താവ് എന്റെ ദൃഷ്ടിയിൽ കൊണ്ടുവരികയും ദൈവികമായ ഒരു ഭീതി എന്റെ ഹൃദയത്തിൽ തരി കയും ചെയ്തു. ദൈവം എന്നോടു പറയുന്നത് എതും അതുപോലെ സംസാരിപ്പാൻ ഞാൻ എന്നെ ത്തന്നെ പ്രതിഷ്ഠിച്ചു. യെഹെസ്േ ക്കൽ 2: 48 ലും ഉള്ള വേദഭാഗങ്ങൾ എന്റെ ശ്രദ്ധയെ പ്രത്യേകം ആകർഷിച്ചു. ജനങ്ങൾ കേട്ടാലും കേട്ടില്ലെങ്കിലും ദൈവം എന്റെ വായിൽ തരുന്ന വചനങ്ങളെ അതു പോലെ പ്രസ്താവിക്കുവാൻ കർത്താവ് എന്നെ ധൈര്യപ്പെടുത്തി. എന്നാൽ ഞാൻ സത്യം സംസാരി ക്കുന്നത് സ്നേഹത്തിൽ ആയിരി ക്കണം എന്ന് അവൻ എന്നെ പഠിപ്പി ച്ചു.

കൂശ്യനു തന്റെ ത്വക്കും പുള്ളിപ്പുലിക്കു തന്റെ പുള്ളിയും മാറ്റുവാൻ കഴിയാത്തതു പോലെ മനുഷ്യനു തന്നെത്തന്നെ വിശുദ്ധീകരിക്കാൻ സാധ്യമല്ല. സൽപ്രവൃത്തികളോ ത്യാഗമോ മറ്റുള്ളവരെ രക്ഷയിലേക്കു വരുത്തുന്നതിനുള്ള പരിശ്രമമോ ഒരു മനുഷ്യന്റെ ഹൃദയത്തെ ശുദ്ധീകരിക്കുന്നില്ല. നിഗളം, കോപം, അസഹിഷ്ണുത, ഭയം, ജഡമോഹം, പക, പിണക്കം, അസൂയ, എന്നിവകളെ വേരോടെ നശിപ്പിക്കുന്നതിനും ആ സ്ഥാനത്ത് പൂർണ സ്നേഹം, സഹിഷ്ണുത, സൗമ്യത, വിശ്വാസം, ഇന്ദ്രിയജയം എന്നിവകളെ വളർത്തുന്നതിനും സ്വന്തം പരിശ്രമംകൊണ്ടു മനുഷ്യനു സാധ്യമല്ല.

സത്യത്തെ സകല ധൈര്യത്തോടും പ്രസ്താവിക്കണമെന്നും എന്നാൽ എന്നെ കേൾക്കുന്ന ജനത്തോട് നിറഞ്ഞ സ്നേഹം ഹൃദയത്തിൽ ഉള്ളവനായി മാത്രമേ സംസാരിക്കുവാൻ പാടുള്ളു എന്നും കർത്താവ് എന്നെ പഠിപ്പിച്ചു. അപ്പൊസ്തലനായ പൗലോസ് ജനത്തെ എപ്രകാരം സ്നേഹിച്ചു എന്ന് ഞാൻ വായിച്ചറിഞ്ഞു 2 കൊരി 12: 14-15. ''നിങ്ങൾക്കുള്ളതിനെയല്ല നിങ്ങളെത്തന്നെ ഞാൻ അന്വേഷിക്കുന്നു...............ഞാൻ അതിസന്തോഷത്തോടുകൂടെ നിങ്ങളുടെ ജീവിനു വേണ്ടി ചിലവിടുകയും ചിലവായ്പോകയും ചെയ്യും" . "പ്രയോജനമുള്ളതൊന്നും മറച്ചുവയ്ക്കാതെ"(അപ്പോ. പ്രവൃ. 20:20) "ദൈവത്തിന്റെ ആലോചന ഒട്ടും മറച്ചുവയ്ക്കാതെ ഞാൻ മുഴുവനും അറിയിച്ച്തന്നിരിക്കുന്നുവല്ലോ (അപ്പോ. പ്രവൃ. 20:27). ഈ വേദഭാഗങ്ങളിൽ നിന്നും വിശുദ്ധീകരണത്തെക്കുറിച്ചുള്ള ഉപദേശം മറച്ചുവയ്ക്കുന്നതു വിശന്നിരിക്കുന്ന മക്കൾക്ക് അപ്പം കൊടുക്കാതെയിരിക്കുന്നതു പോലെയാണ് എന്ന് ഞാൻ മനസ്സിലാക്കി. അതിനാൽ എന്റെ ഉപദേശം കേൾക്കുന്നവരെ യഥാർഥമായി സ്നേഹിക്കുകയും അതേസമയം സത്യം അറിയുകയും ചെയ്വാൻ എനിക്കു കൃപതരണമേ എന്നു ഞാൻ പ്രാർത്ഥിക്കുവാൻ തുടങ്ങി.

വിശുദ്ധീകരണത്തിന്റെ ഉപദേശത്തിൽ ഞാൻ ഉറപ്പിച്ചുപറയേണ്ട മൂന്നു കാര്യങ്ങൾ ഉണ്ട് എന്നു കർത്താവ് തന്നെ പഠിപ്പിച്ചു.

ഒന്നാമതായി കൂശ്യനു തന്റെ ത്വക്കും പുള്ളിപ്പുലിക്കു തന്റെ പുള്ളിയും മാറ്റുവാൻ കഴിയാത്തതു പോലെ മനുഷ്യനു തന്നെത്തന്നെ വിശുദ്ധീകരിക്കാൻ സാധ്യമല്ല. സൽപ്രവൃത്തികളോ ത്യാഗമോ മറ്റുള്ളവരെ രക്ഷയിലേക്കു വരുത്തുന്നതിനുള്ള പരിശ്രമമോ ഒരു മനുഷ്യന്റെ ഹൃദയത്തെ ശുദ്ധീകരിക്കുന്നില്ല. നിഗളം, കോപം, അസഹിഷ്ണുത, ഭയം, ജഡമോഹം, പക, പിണക്കം, അസൂയ, എന്നിവകളെ വേരോടെ നശിപ്പിക്കുന്നതിനും ആ സ്ഥാനത്ത് പൂർണ സ്നേഹം, സഹിഷ്ണുത, സൗമ്യത, വിശ്വാസം, ഇന്ദ്രിയജയം എന്നിവകളെ വളർത്തു

ന്നതിനും സ്വന്തം പരിശ്രമംകൊണ്ടു മനുഷ്യനു സാധ്യമല്ല. അനേകവിശ്വാസികളും സാധ്യമല്ല എന്നു സമ്മതിച്ചിട്ടുണ്ട്.

രണ്ടാമതായി, ഈ അനുഭവം വിശ്വാസത്താലാണു ലഭിക്കേണ്ടത്. ദൈവം തന്റെ കൃപകളെ ദാനമായി മാത്രമാണു നൽകുന്നത്. ദൈവത്തെ ഏതെങ്കിലും വിധത്തിൽ തൃപ്തിപ്പെടുത്തുന്നതിന്റെ ഫലമായി ദൈവം തന്റെ കൃപകൾ നൽകുന്നില്ല. ചോദിക്കുന്ന ഏവർക്കും ദാനമായി നൽകുന്നവയാണു ദൈവത്തിന്റെ കൃപകൾ. 'യാചിപ്പിൻ എന്നാൽ നിങ്ങൾക്കു കിട്ടും' (മത്തായി 7:7) അങ്ങനെയാകുമ്പോൾ നമുക്ക് എന്തെങ്കിലും ലഭിച്ചാലും നമുക്കു പ്രശംസിക്കാൻ അവകാശമൊന്നുമില്ല. ന്യായപ്രമാണത്താലോ ക്രിയകളാലോ നമുക്ക് അവനിൽ നിന്ന് ഒന്നും പ്രാപിക്കാൻ സാധ്യമല്ല. ദൈവികദാനങ്ങളെ വിശ്വാസത്താൽ മാത്രമാണു നാം പ്രാപിക്കുന്നത്. എന്നാൽ ഒരു കാര്യം ശ്രദ്ധിക്കുക ഇവിടെ നാം ന്യായപ്രമാണത്തെ പ്രാപ്തമാക്കുന്നില്ല. നാം ന്യായപ്രമാണത്തെ ഉറപ്പിക്കുക മാത്രമാണു ചെയ്യുന്നത്. വിശ്വാസത്താൽ ന്യായപ്രമാണം നമ്മുടെ ഹൃദയങ്ങളിൽ എഴുതപ്പെടുന്നു. അതിനാൽ തന്റെ ദൈവമായ കർത്താവിനെ പൂർണ ഹൃദയത്തോടെ സ്നേഹിക്കണമെന്നുള്ള കല്പന ന്യായപ്രമാണത്തിൽ നിന്നു വായിക്കുമ്പോൾ ഈ കല്പന ദൈവത്തിന്റെ ആത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ മുമ്പുതന്നെ എഴുതപ്പെട്ടിട്ടുള്ളതായി നാം കാണുന്നതുകൊണ്ട് കല്പന അനുസരിക്കുന്നതു നമ്മുടെ സന്തോഷമായിത്തീരുന്നു. ഹൃദയം കൊണ്ടു നീതിക്കായി വിശ്വസിക്കുന്നു (റോമർ 10:10). ഇതു നമ്മുടെ അനുഭവത്തിൽ യഥാർത്ഥമായി നാം അറിയുന്നു. വിശ്വസിക്കുന്നതിന്റെ ഫലമായി നിഗള ഹൃദയത്തെ താഴ്മയുള്ളതും, ദുർമ്മോഹിയെ വിശുദ്ധനും ധനാഗ്രഹിയെ ധാരാളമായി കൊടുക്കുന്നവനും കലഹക്കാരനെ ശാന്തനും ആക്കിത്തീർക്കുന്ന ഒരു ശക്തി മനുഷ്യനിൽ വ്യാപിക്കുന്നു.

മൂന്നാമതായി ഈ അനുഭവം വിശ്വാസത്താൽ ഇപ്പോൾ തന്നെ സ്വീകരിക്കാം. പ്രവൃത്തിയാൽ വിശുദ്ധീകരണം പ്രാപിക്കുവാൻ ആഗ്രഹിക്കുന്നവൻ പ്രവർത്തിച്ചാലും പിന്നേയും ചിലതു മിച്ചംകിടക്കുന്നതായി അനുഭവപ്പെടും. എല്ലാം ചെയ്തുതീർത്തു എന്നു പറയാവുന്ന ഒരവസ്ഥയിൽ അവൻ ഒരിക്കലും എത്തുന്നില്ല. എന്നാൽ തനിക്കു ലഭിപ്പാൻ അവകാശമില്ലാത്തതു ദാനമായി സ്വീകരിക്കുന്നവൻ ദൈവം അതെല്ലാം ഇപ്പോൾതന്നെ നൽകുവാൻ മനസ്സുള്ളവനാണെന്നു ദൈവത്തെ വിശ്വസിക്കുന്നു. വിശ്വാസത്താൽ പ്രാപിക്കുകയല്ലെന്നു ഞാൻ പ്രസംഗിച്ചുകൊണ്ടിരുക്കുമ്പോൾ തന്നെ ചിലർ ഈ അനുഭവത്തിലേക്കു വരുന്നതു ഞാൻ കണ്ടിട്ടുണ്ട്. തങ്ങളുടെ കുറവുകളെ ഓരോന്നായി ഏറ്റുപറഞ്ഞ് ഉപേക്ഷിച്ചശേഷവും ഹൃദയ ശുദ്ധീകരണ അനുഭവം ലഭിച്ചിട്ടില്ലാത്ത ചിലർ വിശ്വാസത്താൽ ദാനമായി വാങ്ങിക്കൊൾക എന്നു പറയുമ്പോൾ ദൈവത്തിൽ നിന്ന് ഈ അനുഗ്രഹം ദാനമായി പ്രാപിച്ചിട്ടുള്ളത് എനിക്കറിയാം. "എൻ മനമേ യഹോവയെ വാഴ്ത്തുക എന്റെ സർവാന്തരംഗവുമേ അവന്റെ വിശുദ്ധനാമത്തെ വാഴ്ത്തുക"; (സങ്കീർത്തനം 103:1)

❖

---





*ബൈബിളിലൂടെ........*

## തീത്തോസ്

# മൂപ്പന്മാരുടെ യോഗ്യതകൾ

**പൗ**ലൊസ് തിത്തോസിനെ ക്രീറ്റിൽ നിറുത്തിയത് "ശേഷിച്ച കാര്യങ്ങൾ തന്റെ നിർദ്ദേശപ്രകാരം ക്രമപ്പെടുത്തുന്നതിനും പട്ടണം തോറും മൂപ്പന്മാരെ നിയമിക്കേണ്ടതിനും ആയിരുന്നുവല്ലോ" (1:5). എല്ലാ സഭകൾക്കും നേതൃത്വം നൽകുവാൻ മൂപ്പന്മാരുണ്ടാകണം എന്നതായിരുന്നു പൗലൊസിനു തന്റെ ജീവിതാവസാനത്തിൽ ഉണ്ടായിരുന്ന ഹൃദയഭാരം. പരിശുദ്ധാത്മാവ് ഓരോ സഭയിലും ഒന്നിലധികം മൂപ്പന്മാരെ നിയമിക്കുവാനാണ് ആഗ്രഹിക്കുന്നത്. അല്ലാതെ ഒരു



*പ്രായമുള്ളവർ പക്വതയും അറിവും ഇല്ലാത്ത ചെറുപ്പക്കാരെ സ്നേഹിക്കണം. സ്നേഹിക്കുവാൻ കഴിയാത്ത പ്രായമുള്ളവർ ആദരണീയരല്ല.*

സഭയ്ക്ക് ഒരു പാസ്റ്റർ എന്ന നിലയിലല്ല. തീത്തോസിനോട് ഓരോ സഭയിലും ഓരോ പാസ്റ്ററെ നിയമിക്കണമെന്ന് പൗലൊസ് പറഞ്ഞില്ല. ഓരോ സഭയേയും നയിക്കുവാൻ കുറഞ്ഞതു രണ്ടു മൂപ്പന്മാരെങ്കിലും വേണം. അങ്ങനെ സഭാ നേതൃത്വം സന്തുലിതമായിരിക്കും. ഒറ്റയാൾ നേതൃത്വം നൽകുന്ന സഭ സന്തുലിതമായിരിക്കുകയില്ല. പഴയ ഉടമ്പടിക്കു കീഴിൽ ഒറ്റയാൾ നേതൃത്വമായിരുന്നു-ഒരു മഹാപുരോഹിതൻ, ഒരു രാജാവ്, ഒരു പ്രവാചകൻ എന്നിങ്ങനെ. എന്നാൽ യേശു വന്നു ശുശ്രൂഷ ആരംഭിച്ചപ്പോൾ അവിടുന്നു തന്റെ ശിഷ്യന്മാരെ ഈരണ്ടായിട്ട് അയച്ചു. ഒരു ശരീരം എന്ന നിലയിലുള്ള ശുശ്രൂഷയുടെ തുടക്കം അവിടെയാണ്. പെന്തക്കോസ്തു നാൾ മുതലുള്ള പുതിയ ഉടമ്പടിയുടെ എടുത്തു പറയാവുന്ന ഒരു പ്രത്യേകതയും ഇതാണ്.

ഒരു സഭയിലെ മൂപ്പന്മാർ ആ സഭയിലെ ഏറ്റവും ആത്മീയ പക്വതയുള്ളവരായിരിക്കണം. അവർ ആ സഭയിലെ ഏറ്റവും പ്രായമുള്ളവർ ആകണമെന്നില്ല. എന്നാൽ നാം എന്താണ് ഇന്നു കാണുന്നത്? ചെറുപ്പക്കാരായ പക്വതയില്ലാത്ത ചിലർ ഒരു ബൈബിൾ കോളേജ് ബിരുദത്തിന്റെ അടിസ്ഥാനത്തിൽ പാസ്റ്റർമാരാകുന്നു. അവരുടെ സഭയിലെ പല ആളുകളും അവരേക്കാൾ പക്വതയുള്ളവരായിരിക്കും. അത് യേശുക്രിസ്തുവിന്റെ സഭയല്ല. അത് ഒരു സംഘടനമാത്രമാണ്. യേശുക്രിസ്തുവിന്റെ സഭയിൽ ദൈവത്തെ നന്നായി അറിയുന്നവർ മൂപ്പന്മാരായി ഉണ്ടാകും.

പ്രസംഗിക്കാനുള്ള കഴിവോ മറ്റ് വരങ്ങളോ അല്ല ഒരുവന്റെ പക്വത തീരുമാനിക്കുന്നത്. ഒരു പതിനഞ്ചു

**ഒരുവൻ തന്റെ മക്കളെ എങ്ങനെ വളർത്തുന്നു എന്നത് പുതിയ നിയമത്തിൽ സഭാ നേതൃത്വത്തിലുള്ളവരുടെ പ്രധാനയോഗ്യത ആയിട്ടാണ് കരുതുന്നത്. ഒരു വിശ്വാസിയുടെ മക്കൾ അയാൾ വീട്ടിൽ എങ്ങനെ പെരുമാറുന്നു എന്നതിനുള്ള സാക്ഷ്യമാണ്. ചില വിശ്വാസികളുടെ കുട്ടികൾ മോശമായി പെരുമാറുമ്പോൾ മറ്റുചില വിശ്വാസികളുടെ കുട്ടികൾ എപ്പോഴും നന്നായി പെരുമാറുന്നു. കുട്ടികൾക്ക് ഇതിൽ വലിയ കാര്യമില്ല. അവരുടെ മാതാപിതാക്കൾ അവരെ എങ്ങനെ വളർത്തിക്കൊണ്ടു വന്നു എന്നതിലാണ് കാര്യമുള്ളത്.**

കാരനു വേണമെങ്കിൽ സുവിശേഷ പ്രവർത്തനം നടത്താം. പല വർഷങ്ങളുടെ വിശ്വസ്ത പ്രവർത്തനത്തിലൂടെയാണ് ഒരുവൻ പക്വതയിലെത്തുന്നത്. 1:6-9 വാക്യങ്ങളിൽ ഒരു മൂപ്പന്റെ യോഗ്യത അക്കമിട്ട് എഴുതിയിരിക്കുന്നു. ചില യോഗ്യതകൾ ഒന്നു തിമൊഥെയോസിലും കണ്ടിരുന്നു. തന്റെ സ്ഥലത്തു നല്ല സാക്ഷ്യമുള്ളവനായിരിക്കണം ഒരു മൂപ്പൻ. അവൻ ഏക ഭാര്യയുള്ളനായിരിക്കണം. അവന്റെ മക്കൾ ദൈവത്തെ സ്നേഹിക്കുന്നവരും അനുസരണയുള്ളവരും ആയിരിക്കണം. ഒരു മനുഷ്യനു തന്റെ സ്വന്തം മക്കളെ നിയന്ത്രിക്കുവാൻ അറിയുന്നില്ലെങ്കിൽ ദൈവസഭയെ എങ്ങനെ നയിക്കും? ഒരുവൻ തന്റെ മക്കളെ എങ്ങനെ വളർത്തുന്നു എന്നത് പുതിയ നിയ

‘ശുചിത്വം’ എന്നത് ഒരു നല്ല ആശുപത്രി എങ്ങനെ അതിന്റെ മുറികൾ തുടർച്ചയായി കഴുകിയും ഉപകരണങ്ങൾ അണുവിമുക്തമാക്കിയും സൂക്ഷിക്കുന്നുവെന്നതിൽ നിന്നു വ്യക്തമാകും. ഒരു ആശുപത്രിയിൽ പോകണമെങ്കിൽ നാം ഏറ്റവും ശുചിത്വമുള്ള ആശുപത്രിയിലായിരിക്കും പോകുന്നത്. നാം അംഗമായിരിക്കുവാൻ ആഗ്രഹിക്കുന്ന ഒരു സഭയെ തിരഞ്ഞെടുക്കുമ്പോഴും ഇതുപോലെ വിശുദ്ധിക്ക് ഊന്നൽ നൽകുന്നതായിരിക്കണം തിരഞ്ഞെടുക്കേണ്ടത്. എന്നാൽ ഇന്നുള്ള പല സഭകളും ഇന്ത്യയിലെ സർക്കാർ ആശുപത്രികൾ പോലെയാണ്.

മത്തിൽ സഭാ നേതൃത്വത്തിലുള്ളവരുടെ പ്രധാനയോഗ്യത ആയിട്ടാണ് കരുതുന്നത്. ഒരു വിശ്വാസിയുടെ മക്കൾ അയാൾ വീട്ടിൽ എങ്ങനെ പെരുമാറുന്നു എന്നതിനുള്ള സാക്ഷ്യമാണ്. ചില വിശ്വാസികളുടെ കുട്ടികൾ മോശമായി പെരുമാറുമ്പോൾ മറ്റുചില വിശ്വാസികളുടെ കുട്ടികൾ എപ്പോഴും നന്നായി പെരുമാറുന്നു. കുട്ടികൾക്ക് ഇതിൽ വലിയ കാര്യമില്ല. അവരുടെ മാതാപിതാക്കൾ അവരെ എങ്ങനെ വളർത്തിക്കൊണ്ടുവന്നു എന്നതിലാണ് കാര്യമുള്ളത്.

ചില മാതാപിതാക്കൾ വളരെ അച്ചടക്കമില്ലാത്തവരാണ്. അവർ അവരുടെ മക്കൾക്കു സഭായോഗത്തിനിടയിലും മറ്റുള്ള ഭവനങ്ങളിൽ പോകുമ്പോഴും എന്തും ചെയ്യാനുള്ള സ്വാതന്ത്ര്യം കൊടുക്കുന്നു. അത്തരം സഹോദന്മാർ ദൈവസഭയിൽ എന്തെങ്കിലും ഉത്തരവാദിത്തം വഹിക്കുവാൻ ഒട്ടും തന്നെ യോഗ്യരല്ല. ഒരു മൂപ്പൻ തന്റെ മക്കളെ അവരുടെ ചെറുപ്രായത്തിൽ തന്നെ അച്ചടക്കത്തോടെ സഭയിൽ ഇരിക്കുവാൻ പഠിപ്പിക്കുന്നവനാകണം. ഒരു മൂപ്പന്റെ മക്കൾ അച്ചടക്കമില്ലാതെ സഭാ യോഗത്തിനിടയിൽ ഓടി നടക്കുകയാണെങ്കിൽ ആ വ്യക്തി തന്റെ സ്ഥാനം രാജിവച്ച് മക്കളെ അച്ചടക്കത്തോടെ വളർത്തുന്ന ഒരാളെ ആ ചുമതല ഏല്പിക്കുന്നതാണ് നല്ലത്. തന്റെ മക്കളെ അച്ചടക്കത്തോടെ വളർത്താൻ കഴിയാത്ത ഒരാൾക്കു സഭയെ നയിക്കുവാൻ സാധിക്കുകയില്ല. അയാൾക്കു പ്രസംഗിക്കുവാൻ കഴിയുമെങ്കിലും ഒരു നല്ല നേതാവാകാൻ കഴിയുകയില്ല. സഭയിൽ ഉത്തരവാദിത്തം വേണമെന്നു ആഗ്രഹിക്കുന്നവർ തങ്ങളുടെ സ്വന്തം ഭവനത്തിൽ നല്ല നേതാക്കന്മാരായിരിക്കണം.

“അയാൾ മുൻകോപി ആകരുത്” (1:7) വഴക്കാളിയും മുൻകോപിയും ആയ മനുഷ്യൻ ഒരിക്കലും ഒരു മൂപ്പനാകുവാൻ യോഗ്യനല്ല. അയാൾ മൂപ്പനാകുവാനല്ല ഒരു ഭീകരവാദിയാകുവാനാണ് യോഗ്യൻ. സഭയിലെ മൂപ്പന്മാർ സമാധാനകാംക്ഷികളായിരിക്കണം.

“അയാൾ പണത്തോട് അത്യാഗ്രഹമുള്ളവനാകരുത്” (1:7) ആളുകളിൽ നിന്നു പണം കിട്ടണമെന്ന് ആഗ്രഹിക്കുന്നവരാകരുത്.

“അവർ അതിഥി സൽക്കാര പ്രിയരായിരിക്കണം.” (1:8) അവരുടെ ഭവനം ആത്മീയമായി സഹായമാവശ്യമുള്ളവർക്കായി എപ്പോഴും തുറന്നുകിടക്കുന്നതായിരിക്കണം.

"അവർ നന്മയെ സ്നേഹിക്കുന്നവരും സൗമ്യശീലരും നീതിനിഷ്ഠരും അച്ചടക്കമുള്ളവരും ആയിരിക്കണം." (1:8)

"അവർ പത്ഥ്യോപദേശത്താൽ പ്രബോധിപ്പിക്കുവാനും എതിർക്കുന്നവർക്കു ബോദ്ധ്യം വരുത്തുവാനും പ്രാപ്തരാകേണ്ടതിനു തങ്ങൾ പഠിച്ചറിഞ്ഞ വിശ്വാസ്യ വചനം മുറുകെ പിടിക്കുന്നവരായിരിക്കണം" (1:9) പത്ഥ്യോപദേശം എന്നത് വിശദീകരിക്കുവാൻ ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കു വാക്കിൽ നിന്നാണ് ഇംഗ്ലീഷിൽ "ഹൈജീൻ" (ശുചിത്വം) എന്ന വാക്കു ഉണ്ടായിരിക്കുന്നത്. ഈ വാക്കാണ് പൗലൊസ് തീമൊഥെയൊസിനും തീത്തോസിനും എഴുതുമ്പോൾ ആവർത്തിച്ച് എഴുതിക്കൊണ്ടിരുന്നത്.

'ശുചിത്വം' എന്നത് ഒരു നല്ല ആശുപത്രി എങ്ങനെ അതിന്റെ മുറികൾ തുടർച്ചയായി കഴുകിയും ഉപകരണങ്ങൾ അണുവിമുക്തമാക്കിയും സൂക്ഷിക്കുന്നുവെന്നതിൽ നിന്നു വ്യക്തമാകും. ഒരു ആശുപത്രിയിൽ പോകണമെങ്കിൽ നാം ഏറ്റവും ശുചിത്വമുള്ള ആശുപത്രിയിലായിരിക്കും പോകുന്നത്. നാം അംഗമായിരിക്കുവാൻ ആഗ്രഹിക്കുന്ന ഒരു സഭയെ തിരഞ്ഞെടുക്കുമ്പോഴും ഇതുപോലെ വിശുദ്ധിക്ക് ഊന്നൽ നൽകുന്നതായിരിക്കണം തിരഞ്ഞെടുക്കേണ്ടത്. എന്നാൽ ഇന്നുള്ള പല സഭകളും ഇന്ത്യയിലെ സർക്കാർ ആശുപത്രികൾ പോലെയാണ്. അവിടെ ചികിത്സയ്ക്കു ചെല്ലുന്നവർക്കു അവിടെനിന്നും കൂടുതൽ രോഗം ബാധിക്കുന്നു. അങ്ങനെയുള്ള ഒരു സഭയിൽ പോകുന്ന ഒരു പുതിയ വിശ്വാസി അവിടെ നിന്നു പരദൂഷണവും ദൂഷണവും പറയാൻ പഠിക്കുന്നു. കാരണം ആ സഭയിൽ ശുചിത്വ നിലവാരം സൂക്ഷിക്കുന്നില്ല. ദൈവഭക്തിക്കു കൂടുതൽ ഊന്നൽ നൽകുന്ന സഭയിലാണ് ദൈവം പ്രസാദിക്കുന്നത്.

"വ്യർഥാലാപക്കാരും വഞ്ചകരും മത്സരികളുമായ പലരുണ്ട്. അവരെ നിശ്ശബ്ദരാക്കേണ്ടതാണ്" (1ഛ 10,11) സഭാ യോഗത്തിൽ പ്രസംഗപീഠത്തിൽ നിന്നുകൊണ്ട് ജനങ്ങളെ മുഷിപ്പിക്കരുത്. നിങ്ങൾക്കു പറയുവാനൊന്നുമില്ലെങ്കിൽ മിണ്ടാതെയിരിക്കുക. കൂടി വന്നിരിക്കുന്നവരുടെ സമയം അങ്ങനെ പാഴാക്കുന്നത് കുറ്റകരമാണ്. അത്തരം ആളുകളെ നിശ്ശബ്ദരാക്കേണ്ടത് മൂപ്പന്മാരുടെ ഉത്തരവാദിത്വമാണ്.

"നിശ്ശബ്ദരാക്കേണ്ട ചില വഞ്ചകന്മാരുണ്ട്" "നിങ്ങളുടെ പണം ആഗ്രഹിക്കുന്ന ഉപദേഷ്ഠക്കന്മാരാണവർ" (1:11). ജനത്തെ ദൈവ ഭക്തിയിലേക്കു നടത്തുന്നതിലല്ല അവർക്കു താല്പര്യം. ഒരു പ്രസംഗകൻ നിങ്ങളുടെ സഭയിൽ വന്ന് ആളുകളിൽ നിന്നും പണം ശേഖരിക്കുന്നു എന്നു കണ്ടാൽ അയാളെ എത്രയും വേഗം പറഞ്ഞയയ്ക്കുകയാണ് വേണ്ടത്. അതായിരിക്കും അയാൾക്കും സഭയ്ക്കും നല്ലത്.

നാം പുതിയ നിയമം പഠിക്കുമ്പോൾ പണസ്നേഹത്തിൽ നിന്നും വിടുതൽ നേടുന്നതിനെ സംബന്ധിച്ച് എത്രയധികമാണ് പറഞ്ഞിരിക്കുന്നതെന്നു കാണുന്നില്ലേ? പുതിയ നിയമത്തിനു കീഴിൽ ഇതൊരു പ്രധാന വിഷയമാണ്. അതിനാൽ നിങ്ങളൊരു യഥാർത്ഥ ദൈവഭൃത്യനാണെങ്കിൽ പണസ്നേഹത്തെക്കുറിച്ച് ദൈവജനത്തിനു നിരന്തരം മുന്നറിയിപ്പ് നൽകിക്കൊണ്ടിരിക്കും. എന്നാൽ ഇന്ന് ഇത്തരം പ്രസംഗ

**നിങ്ങൾ ചെയ്യുന്ന കാര്യങ്ങളിൽ പലതും തെറ്റായ മനോഭാവ ത്തോടെയാണെങ്കിൽ ഒരാളുടെ നല്ല പ്രവൃത്തികാണുമ്പോഴും നിങ്ങൾ അതിനെ തെറ്റായ മനോ ഭാവത്തോടെയാകും കാണുക. നിങ്ങൾ പ്രസംഗിക്കുന്നത് പണ ത്തിനുവേണ്ടിമാത്രമാണെങ്കിൽ മറ്റ് പ്രസംഗകരും പണത്തിനുവേ ണ്ടിയാണ് പ്രസംഗിക്കുന്നതെന്നു നിങ്ങൾ സങ്കൽപ്പിക്കും. ഇതിനു കാരണം നിങ്ങളുടെ ഹൃദയ ത്തിന്റെ പ്രതിഫലനമാണ് മറ്റുള്ള വരിൽ നിങ്ങൾ കാണുന്നത്. ആ മനുഷ്യൻ നിങ്ങളെപ്പോലെ അശുദ്ധനായിരിക്കുകയില്ല.**

ങ്ങൾ വളരെ കുറഞ്ഞിരിക്കുന്ന തായിട്ടാണ് ഞാൻ കാണുന്നത്. കാരണം ഇന്നുള്ള പല പ്രസംഗ കരും പാസ്റ്റർമാരും പണത്തെ സ്നേഹിക്കുന്നവരാണ്. അതു കൊണ്ട് തന്നെ സഭയെ നശിപ്പി ക്കുന്ന ഈ കഠിന പാപത്തിനെതിരെ സംസാരിക്കുവാൻ അവർക്കു കഴിയു ന്നില്ല.

പൗലൊസ് തീത്തോസിനോട് ക്രീറ്റ് നിവാസികൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിന് അവരെ കർശനമായി ശാസിക്കണം എന്നു പറഞ്ഞു (1:13) അസത്യവാദികളും ദുഷ്ടന്മാരും, അലസന്മാരും, ഭോജ നപ്രിയരും ആയ ക്രീറ്റ് നിവാസി കൾക്കിടയിൽ വെളിച്ചം പകർന്നു നിൽക്കുവാൻ ക്രീറ്റിലെ ദൈവസഭ എത്രമാത്രം പ്രയാസപ്പെട്ടുവെന്നു ചിന്തിക്കുക. നമ്മുടെ സമൂഹത്തിൽ പാപം വ്യത്യസ്തമായിരിക്കാം. എന്നാൽ നമ്മുടെ സമൂഹത്തിൽ വരുന്ന എല്ലാ പാപങ്ങളെയും നേരി ടുന്ന വെളിച്ചമായി സഭ എപ്പോഴും നിൽക്കണം. ഉദാഹരണത്തിനു നമ്മുടെ സമൂഹത്തിൽ ഒരു ഭർത്താവു രാജാവിനെ പോലെ വീട്ടിലെ ഒരു പണിയും ചെയ്യാതെ യിരിക്കുമ്പോൾ ഒരു ക്രിസ്ത്യനി യായ ഭർത്താവ് വ്യത്യസ്തനായിരി ക്കണം. ഇന്ത്യൻ സമൂഹത്തിൽ സാ ധാരണയായി ഭർത്താക്കന്മാർ കൊച്ചുകുഞ്ഞുങ്ങൾ മലമൂത്രവി സർജ്ജനം ചെയ്ത വസ്തും മാറ്റി അവരെ കഴുകി വൃത്തിയാക്കുന്ന ജോലി ചെയ്യാറില്ല. അതെല്ലാം ഭാര്യ മാരുടെ ജോലിയായിട്ടാണ് കരുതിയി രിക്കുന്നത്. എന്തുകൊണ്ടാണിത്? കുഞ്ഞിനു ജന്മം നൽകിയത് ഭർത്താ വും ഭാര്യയും ചേർന്നല്ലേ? എങ്കിൽ പിന്നെ ഭർത്താവ് എന്തുകൊണ്ടാണ് ചില ജോലികൾ ചെയ്യാൻ മടിക്കു ന്നത്? അതാണ് ഇന്ത്യൻ സംസ്കാ രമെന്നിരിക്കെ ക്രിസ്ത്യാനികളായ ഭർത്താക്കന്മാർ വ്യത്യസ്തരായിരിക്ക ണം. കുഞ്ഞുങ്ങളെ വളർത്തുന്ന കാര്യത്തിലും ഭാര്യാഭർത്താക്കന്മാർ സഹപ്രവർത്തകരായിരിക്കണം. നമുക്കു ചുറ്റുമുള്ള ഇരുട്ടിൽ നാം വ്യത്യസ്തരായിരിക്കണം.

1:15-ൽ പൗലൊസ് ഇങ്ങനെ പറ യുന്നു: "ശുദ്ധിയുള്ളവർക്കു എല്ലാം ശുദ്ധം തന്നെ എന്നാൽ അശു ദ്ധർക്കും അവിശ്വാസികൾക്കും ഒന്നും ശുദ്ധമല്ല." ചില ആളുകൾ എല്ലായിടത്തും അശുദ്ധികാണുന്നു. കാരണം അവരുടെ മനസ്സ് അശുദ്ധി നിറഞ്ഞതാണ്. അങ്ങനെയാണ് പിശാച് നമ്മുടെ മനസ്സിനെ കളങ്ക പ്പെടുത്തിയിരിക്കുന്നത്. ഇപ്പോൾ നമ്മുടെ മനസ്സിനെ ശുദ്ധീകരിക്കു

വാൻ പരിശുദ്ധാത്മാവിനെ നാം അനുവദിക്കണം. അങ്ങനെ അശുദ്ധിയില്ലാത്തയിടത്ത് അശുദ്ധി കാണുവാൻ സാധിക്കരുത്. അതുപോലെ മറ്റുള്ളവരുടെ പ്രവൃത്തിയിൽ ദോഷം കാണുന്ന മനോഭാവവും വിടാം. സദൃശ്യവാക്യങ്ങൾ 27:19ൽ പറയുന്നു "വെള്ളത്തിൽ മുഖത്തിന്റെ രൂപം പ്രതിഫലിച്ചു കാണുന്നതുപോലെ മനുഷ്യൻ സ്വന്തഹൃദയത്തിനൊത്തവണ്ണം മറ്റൊരുവനെ കാണുന്നു." ഇതിന്റെ അർത്ഥം നാം മറ്റുള്ളവരിൽ കാണുന്നത് നമ്മുടെ ഉള്ളിൽ നിന്നും വരുന്ന ദുഷ്ടത തന്നെയാണ്. നിങ്ങൾ ചെയ്യുന്ന കാര്യങ്ങളിൽ പലതും തെറ്റായ മനോഭാവത്തോടെയാണെങ്കിൽ ഒരാളുടെ നല്ല പ്രവൃത്തികാണുമ്പോഴും നിങ്ങൾ അതിനെ തെറ്റായ മനോഭാവത്തോടെയാകും കാണുക. നിങ്ങൾ പ്രസംഗിക്കുന്നത് പണത്തിനുവേണ്ടി മാത്രമാണെങ്കിൽ മറ്റ് പ്രസംഗകരും പണത്തിനുവേണ്ടിയാണ് പ്രസംഗിക്കുന്നതെന്നു നിങ്ങൾ സങ്കൽപ്പിക്കും. ഇതിനു കാരണം നിങ്ങളുടെ ഹൃദയത്തിന്റെ പ്രതിഫലനമാണ് മറ്റുള്ളവരിൽ നിങ്ങൾ കാണുന്നത്. ആ മനുഷ്യൻ നിങ്ങളെപ്പോലെ അശുദ്ധനായിരിക്കുകയില്ല. എന്നാൽ നിങ്ങൾ അയാളെ അശുദ്ധനായി കരുതുന്നു. എന്നാൽ നിങ്ങളുടെ മനസ്സ് ശുദ്ധമാണെങ്കിൽ ആരേയും നിങ്ങൾ വിധിക്കുകയില്ല. എല്ലാവരിലും നന്മ മാത്രമേ കാണുകയുള്ളു.

13-ാം നൂറ്റാണ്ടിലെ ഫ്രാൻസീസ് അസീസി സഹോദര സമൂഹത്തിലെ ഒരു അംഗമായിരുന്നു ജൂണിഫർ. ഒരു ദിവസം ജൂണിഫർ ഒരു സഹോദരൻ താരതമ്യേന വില കൂടിയ ഒരു വസ്ത്രം ധരിച്ചിരിക്കുന്നത് കണ്ടപ്പോൾ അവൻ തന്റെ ഹൃദയത്തിൽ ഇങ്ങനെ പറഞ്ഞു ഒരു പക്ഷേ ആ വിലകൂടിയ വസ്ത്രത്തിനുള്ളിൽ എളിയ വസ്ത്രം ധരിച്ചിരിക്കുന്ന എന്നേക്കാൾ താഴ്മയുള്ള ഒരു ഹൃദയം അവനുണ്ടായിരിക്കാം. ജൂണിഫർ ശുദ്ധനായിരുന്നതിനാൽ അവന് എല്ലാം ശുദ്ധമായിരുന്നു. അവൻ ആരേയും വിധിച്ചില്ല. എന്നാൽ മനസ്സു മലിനപ്പെട്ടവർ മറ്റുള്ളവരുടെ മനോഭാവവും മലിനപ്പെട്ടതായി കാണും. അവൻ തങ്ങളുടെ ഉള്ളിലെ മലിനത മറ്റുള്ളവരിൽ പ്രതിഫലിച്ചു കാണുന്നു.

യെശയ്യാവ് ദൈവത്തിന്റെ മഹത്വം കണ്ടപ്പോൾ സെറാഫുകൾ ഇങ്ങനെ പറയുന്നത് കേട്ടു- "സൈന്യങ്ങളുടെ യഹോവ പരിശുദ്ധൻ, പരിശുദ്ധൻ, പരിശുദ്ധൻ ഭൂമി മുഴുവൻ അവിടുത്തെ മഹത്വംകൊണ്ട് നിറഞ്ഞിരിക്കുന്നു." (യെശ.6:3) എന്നാൽ നാം ഈ ഭൂമിയിലേക്കു നോക്കുമ്പോൾ ദൈവമഹത്വം നിറഞ്ഞിരിക്കുന്നതായിട്ടല്ല മുഴുവൻ അശുദ്ധിയാണ് കാണുന്നത്. സ്വർഗ്ഗീയ മാലാഖമാർ ഭൂമിയിൽ കാണുന്നത് ദൈവമഹത്വം നിറഞ്ഞതായിട്ടാണ്. മനുഷ്യരിൽ നിന്നും വ്യത്യസ്തമായ അഭിപ്രായമാണ് ആ മാലാഖമാർക്കുള്ളത്. കാരണം. അവരുടെ മനസ്സ് വിശുദ്ധമാണ്. അവർ ദൈവത്തിന്റെ മഹത്വം പല കാര്യങ്ങളിലും കാണുന്നു. സൃഷ്ടിയുടെ മനോഹാരിതയിൽ, അവിടവിടെയുള്ള ദൈവഭക്തരായ വിശ്വാസികളിൽ എല്ലാം അവർ ദൈവമഹത്വം കാണുന്നു. ഒരു നാൾ ഈ ഭൂമിയിൽ നിറയാൻ പോകുന്ന ദൈവമഹത്വത്തേയും അവർ പ്രവാചകാത്മാവിൽ കാണുന്നു.

### ശുദ്ധമായ ഉപദേശം

പൗലൊസ് തീത്തോസ് 2:1ൽ ശുദ്ധമായ ഉപദേശത്തെക്കുറിച്ച്

വീണ്ടും പറയുന്നു. ഇവിടെ അദ്ദേഹം പാപക്ഷമ, നീതീകരണം, പരിശുദ്ധാത്മ സ്നാനം, ജല സ്നാനം, കർത്താവിന്റെ മടങ്ങിവരവ്, സഭയും അതിന്റെ മൂപ്പന്മാരും എന്നീവിഷയങ്ങളിലുള്ള ഉപദേശമല്ല നൽകുന്നത്. ഒരു ക്രിസ്ത്യാനിയുടെ ദിനംപ്രതിയുള്ള ജീവിതത്തെ സംബന്ധിച്ചാണ് പറയുന്നത്. ആളുകൾക്കു ശുദ്ധമായ ഉപദേശം പഠിപ്പിച്ചുകൊടുക്കുവാൻ തീത്തോസിനോട് ആവശ്യപ്പെടുന്നു. പിന്നീട് പലതരം ആളുകളെ സംബന്ധിച്ച് ഇവിടെ പരാമർശിക്കുന്നു.

പ്രായം കൂടിയ പുരുഷന്മാരെ പക്വമതികളും, ആദരണീയരും, ആത്മനിയന്ത്രണമുള്ളവരും, വിശ്വാസം,സ്നേഹം, സഹിഷ്ണുത എന്നിവയിൽ ഉറപ്പുള്ളവരുമായിരിക്കുവാൻ ഉപദേശിക്കണം. പ്രായമുള്ളവർ പക്വതയും അറിവും ഇല്ലാത്ത ചെറുപ്പക്കാരെ സ്നേഹിക്കണം. സ്നേഹിക്കുവാൻ കഴിയാത്ത പ്രായമുള്ളവർ ആദരണീയരല്ല. അവർക്ക് എന്തോ കുഴപ്പമുണ്ട്.

പ്രായത്തിൽ മുതിർന്ന സ്ത്രീകൾ പെരുമാറ്റത്തിൽ മാന്യതയുള്ളവരായിരിക്കണം. അവർ ഏഷണി പറയാത്തവരായിരിക്കണം. നന്മ ചെയ്യുവാൻ അവരെ പഠിപ്പിക്കണം. മുതിർന്ന സ്ത്രീകൾ ചെറുപ്പക്കാരായ സ്ത്രീകളുടെ ഉപദേഷ്ഠാക്കളായിരിക്കണം(2:4). അവൾ എന്താണ് പഠിപ്പിക്കേണ്ടത്? എങ്ങനെ ഭർത്താക്കന്മാരെ സ്നേഹിക്കണം, എങ്ങനെ മക്കളെ സ്നേഹിക്കണം, എങ്ങനെ വിവേകികളും പതിവ്രതകളും ആയിരിക്കണം, എങ്ങനെ വീട്ടുകാര്യങ്ങൾ നോക്കണം എന്നീകാര്യങ്ങളെല്ലാം പഠിപ്പിക്കണം(2:5). അമ്മമാർ തങ്ങളുടെ ജീവിത നിലവാരം ഉയർത്തുവാൻ വേണ്ടിമാത്രം ജോലിക്കു പോയി തങ്ങളുടെ ഭവനത്തേയും മക്കളേയും അവഗണിക്കരുതെന്നും പഠിപ്പിക്കണം. അവർ ഭവനത്തിനു മുൻഗണന കൊടുക്കണം. ദൈവവചനം നിന്ദിക്കപ്പെടാതിരിക്കുന്നതിനു ഭാര്യമാർ ഭർത്താക്കന്മാർക്കു കീഴടങ്ങിയിരിക്കണം എന്നു പഠിപ്പിക്കണം. ഇതൊക്കെയാണ് പ്രായത്തിൽ മുതിർന്ന സ്ത്രീകൾ ചെറുപ്പക്കാരായ സ്ത്രീകളെ പഠിപ്പിക്കേണ്ട പ്രധാന കാര്യങ്ങൾ. ഇതിനൊരു ബൈബിൾ കോളജ് ബിരുദമൊന്നും വേണ്ട. ഇതാണ് യഥാർത്ഥ "ശുദ്ധമായ ഉപദേശം". എന്നാൽ ഇന്നു നമുക്കുചുറ്റും കാണുന്ന പല മുതിർന്ന സ്ത്രീകളും പരദൂഷണവും ഏഷണിയും പറയുന്നതിലാണ് വിദഗ്ധരായിട്ടുള്ളത്. ഇതു വളരെ ദുഃഖകരവും ദൈവനാമം ദുഷിക്കപ്പെടാൻ ഇടയാകുന്നതുമാണ്.

ശുദ്ധമായ ഉപദേശമെന്നത് പ്രായോഗിക ക്രിസ്തീതയും ജീവിതവും ആയി ബന്ധപ്പെട്ടതാണ്. സ്നേഹിക്കുവാനും, വിവേകത്തോടെ പെരുമാറുവാനും, കുടുംബജീവിതത്തിനു പ്രാധാന്യം കൊടുക്കുവാനും, മക്കളെ ദൈവഭയത്തിൽ വളർത്തുവാനും ഭർത്താക്കന്മാരേയും മക്കളേയും സ്നേഹിക്കുവാനും, കുടുംബകാര്യങ്ങൾ നോക്കുവാനും പഠിപ്പിക്കുന്ന ഒന്നാണത്. ഈ കാലഘട്ടത്തിൽ പല അമ്മമാരും അവരുടെ മക്കളെ അവഗണിച്ചുകൊണ്ട് ജോലിക്കു പോകുന്നു. അതിനാൽ തന്നെ അവർ വഴിതെറ്റി പോകുവാൻ ഇടയാകുന്നു.

(തുടരും)

**മൊഴിമാറ്റം-സാജു ജോസഫ്**

## അമ്മമാർക്കൊരു പ്രോത്സാഹനം
## അദ്ധ്യായം രണ്ട്

# ദൈവം എന്റെ പിതാവ്

ആനി പുന്നൻ

എന്റെ ജീവിതത്തിൽ പ്രാധാന്യമുള്ളതായി ഞാൻ കണ്ടെത്തിയ ആദ്യത്തെ സത്യം ദൈവം എന്റെ പിതാവാണ് എന്നതായിരുന്നു.

തങ്ങൾ സുരക്ഷിതരല്ല എന്ന ഒറ്റക്കാരണത്താൽ മിക്ക ഭാര്യമാരും ധാരാളം പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ആവശ്യസമയങ്ങളിൽ തങ്ങളുടെ പ്രശ്നങ്ങളെ പങ്കുവയ്ക്കുന്നതിനായി ഒരു സുഹൃത്തിനു വേണ്ടി അവർ ആഗ്രഹിക്കുന്നു. വിവാഹത്തിനുശേഷം ഓരോ സ്ത്രീയുടേയും ജീവിതത്തിൽ അനേക മാറ്റങ്ങൾ സംഭവിക്കുന്നു. തങ്ങളെ കേൾക്കുവാനും, മനസ്സിലാക്കുവാനും തങ്ങളുടെ ഹൃദയത്തെ പകരുവാനും പറ്റിയ ഒരാൾക്കായി അവർ വാഞ്ഛിക്കുന്നു. ഒരു സുഹൃത്തോ, സഹോദരിയോ മാതാവോ ആരുമാവാം. പക്ഷേ നമ്മെ സഹായിക്കാൻ ഇവർക്കെല്ലാവർക്കും അവരുടേതായ പരിമിതികൾ ഉണ്ട്. നമ്മുടെ മാതാപിതാക്കളേയോ, സഹോദരങ്ങളേയോ അധികമായി ഭാരപ്പെടുത്തുവാൻ നമുക്ക് കഴിയുകയില്ല. അവർക്കും അവരുടേതായ പ്രശ്നങ്ങൾ ഉണ്ട്. നമ്മുടെ സുഹൃത്തുക്കൾക്കെല്ലാം നമ്മെ കേൾക്കാൻ സമയം ഉണ്ടായെന്ന് വരില്ല. നാം മനുഷ്യനിലേയ്ക്കു തിരിയേണ്ട ആവശ്യമില്ല. പകരം നമുക്കു നമ്മുടെ സ്വർഗ്ഗീയ പിതാവിങ്കലേയ്ക്ക് തിരിയാൻ സാധിക്കും.

യിരമ്യാവ് 17:5-8 വാക്യങ്ങളിൽ പറയുന്നത്:-"മനുഷ്യനിൽ ആശ്രയിച്ച് യഹോവയെ വിട്ടുമാറുന്ന മനുഷ്യൻ ശപിക്കപ്പെട്ടവൻ..... യഹോവയിൽ ആശ്രയിക്കുകയും യഹോവ തന്നെ ആശ്രയമായിരിക്കുകയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ. അവൻ വെള്ളത്തിന്നരികെ നട്ടിരിക്കുന്നതും, ആറ്റരികെ വേരൂന്നിയിരിക്കുന്നതുമായ വൃക്ഷംപോലെയാകും. ഉഷ്ണം തട്ടുമ്പോൾ അതു പേടിക്കയില്ല; അതിന്റെ ഇല പച്ചയായിരിക്കും; വരൾച്ചയുള്ള കാലത്തും വാട്ടം തട്ടാതെ ഫലം കായിച്ചുകൊണ്ടിരിക്കും."

നമ്മുടെ സ്വർഗ്ഗീയ പിതാവായിരിക്കുന്ന ദൈവത്തിൽതന്നെ ചാരുകയും, മറ്റു മനുഷ്യരെ ആശ്രയിക്കാതിരിക്കുകയും ചെയ്യുന്നതാണ് അനുഗ്രഹിക്കപ്പെട്ട ജീവിതം. അങ്ങനെയെങ്കിൽ നമ്മുടെ ജീവിതം ഒരിക്കലും വരണ്ടതായിത്തീരാതെ പൂർണ്ണമായ സുരക്ഷിതത്വം നമുക്ക് അനുഭവിക്കുവാൻ സാധിക്കും.

യോഹ: 14:17,18-ൽ യേശു പറഞ്ഞിട്ടുണ്ട് നമ്മോട് കൂടെ ഇരിക്കുവാനായി പരിശുദ്ധാത്മാവിനെ നമുക്ക് അയച്ചു തരുമ്പോൾ പിന്നീട് നാം അനാഥരായിരിക്കുകയില്ലായെന്ന്, എന്തുകൊണ്ടെന്നാൽ ദൈവം

താൻ നമ്മുടെ പിതാവായിരിക്കും. നാം പ്രാർത്ഥിക്കുമ്പോൾ ദൈവത്തെ 'പിതാവേ' എന്ന് സംബോധനചെയ്യ ണമെന്ന് യേശു അരുളിച്ചെയ്തിട്ടു ണ്ട്.

സ്വർഗ്ഗത്തിൽ എനിക്കൊരു സ്നേഹവാനായ പിതാവുണ്ടെ ന്നുള്ള അത്ഭുതകരമായ സത്യ ത്താൽ ഞാൻ പിടിക്കപ്പെട്ടപ്പോൾ, എന്റെ അരക്ഷിതത്വം ഇല്ലാതാകാൻ തുടങ്ങി.

പഴയ ഉടമ്പടിയിൽ ജനങ്ങൾ ദൈവത്തെ 'യഹോവ' എന്നാണ് അറിഞ്ഞിരുന്നത്. അവർ ഭയ ത്തോടും വിറയലോടും കൂടെ അവന്റെ സന്നിധിയിൽ നിന്നു. എന്നാൽ ഇന്ന് യഥാർത്ഥമായി നാം പാപത്തെ വിട്ടു തിരിഞ്ഞ് യേശു വിനെ നമ്മുടെ ജീവിതത്തിന്റെ കർത്താവായി അംഗീകരിക്കുന്നതി ലൂടെ, ദൈവം നമ്മുടെ പിതാ വായിതീരുകയാണ്.

നാം ദൈവമക്കളായിത്തീരു മ്പോൾ നമുക്ക് അവകാശവും ഒപ്പം തന്നെ ഉത്തരവാദിത്തങ്ങളും ഉണ്ട്. ദൈവത്തെ നമ്മുടെ പിതാവായി അറിയുക എന്നതാണ് നമ്മുടെ അവ കാശം. നമ്മുടെ ഉത്തവാദിത്തം എന്നത് നമ്മുടെ മുഴുവൻ ജീവിത ത്തിന്റെയും അധികാരം അവനു നൽകുകയെന്നതാണ്.

പിതാവായ ദൈവത്തിൽ നിന്നും നാം വളരെകാര്യങ്ങൾ പഠിക്കേണ്ട തുണ്ട്.

യെശയ്യാ 30:30-ൽ നാം വായിക്കു ന്നു. "യഹോവ തന്റെ മഹത്വമുള്ള മേഘനാദം കേൾപ്പിക്കുന്നു." മാതാ പിതാക്കൾ എന്ന നിലയിൽ നമ്മുടെ ജീവിതത്തിൽ ഇത് പ്രയോഗത്തിൽ വരുത്തുമ്പോൾ നമ്മുടെ കുഞ്ഞു ങ്ങൾ മാതാപിതാക്കളുടെ സ്നേഹ പൂർണ്ണമായ അധികാരം മനസ്സിലാ ക്കും.

നമ്മുടെ പിതാവ് നമ്മെ നയിക്കു ന്നു. സങ്കീർ.32:8ൽ ഇങ്ങനെ കാണുന്നു: "ഞാൻ നിന്നെ ഉപദേ ശിച്ച് നടക്കേണ്ടുന്നവഴി നിനക്ക് കാണിച്ചുതരും." അതുപോലെ യെശയ്യാ 30:21-ൽ "നിങ്ങൾ വല ത്തോട്ടോ ഇടത്തോട്ടോ തിരിയു മ്പോൾ വഴി ഇതാകുന്നു ഇതിൽ നട ന്നുകൊൾവിൻ എന്നൊരു വാക്ക് പിറ കിൽ നിന്ന് കേൾക്കും" എന്നും രേഖ പ്പെടുത്തിയിരിക്കുന്നു. ഇതൊക്കെ നമ്മുടെ ജീവിതത്തിൽ പ്രയോഗ ത്തിൽ വരുത്തുമ്പോൾ നമ്മുടെ കുഞ്ഞുങ്ങളെ നാം ശരിയായ പാത യിലൂടെ വഴി നടത്തും.

നാം വീണുപോകുമ്പോഴെല്ലാം നമ്മുടെ സ്വർഗ്ഗീയ പിതാവ് നമ്മോട് ക്ഷമിക്കുന്നുണ്ട്. നാമും നമ്മുടെ കുഞ്ഞുങ്ങളോ, മറ്റുള്ളവരോ തെറ്റി പ്പോകുമ്പോൾ പെട്ടെന്ന് അവരോട് ക്ഷമിക്കാൻ തയ്യാറാകണം.

നമ്മുടെ പിതാവ് നമ്മോട് കരുണ യുള്ളവനാണ്. സങ്കീ: 103:13-ൽ നാം വായിക്കുന്നു, "അപ്പന് മക്കളോട് കരുണ തോന്നുന്നതുപോലെ യഹോവയ്ക്കു തന്റെ ഭക്തരോട് കരുണ തോന്നുന്നു. അവൻ നമ്മുടെ പ്രകൃതി അറിയുന്നു. നാം പൊടി യെന്ന് അവൻ ഓർക്കുന്നു." നാമും നമ്മുടെ കുട്ടികളോട് കരുണയുള്ള വരായിരിക്കണം. ഒരിക്കലും രൂക്ഷ മായി അവരോടിടപെടരുത്.

നമ്മുടെ പിതാവ് തന്റെ വചനത്തി ലൂടെയും നാം നേരിടുന്ന ഓരോ സാഹചര്യത്തിലൂടെയും നമ്മോട് സംസാരിക്കുന്നു. എബ്രാ, 12:7-10ൽ നാം വായിക്കുന്നതുപോലെ അവൻ നമ്മെ നമ്മുടെ നന്മയ്ക്കായി തിരു

ത്തുകയും ശിക്ഷണം നൽകുകയും ചെയ്യുന്നു. നമ്മുടെ പിതാവ് സ്നേഹവാനും അതുപോലെ കർശനക്കാരനുമാണ്. നാമും നമ്മുടെ കുഞ്ഞുങ്ങളെ അവർ നേരിടുന്ന സാഹചര്യത്തിലൂടെയും നമ്മുടെ ഉപദേശത്തിലൂടെയും പഠിപ്പിക്കേണ്ടത് ആവശ്യമാണ്. അവരോടുള്ള നമ്മുടെ ഇടപെടലുകളെല്ലാം സ്നേഹം നിറഞ്ഞതും ഒപ്പംതന്നെ കാർക്കശ്യമുള്ളതുമായിരിക്കണം.

നാം നമ്മുടെ പിതാവിൽ നിന്ന് പഠിക്കേണ്ട മറ്റൊരു കാര്യം, അവൻ എപ്പോഴും തന്റെ വാഗ്ദാനങ്ങളിൽ സ്ഥിരതയുള്ളവനും അത് പാലിക്കാൻ സന്നദ്ധനുമാണ് എന്നതാണ്. അതുപോലെ നാമും നമ്മുടെ മക്കളോട് വാക്ക് പാലിക്കാൻ സന്നദ്ധതയുള്ളവരായിരിക്കണം.

നമുക്കു നമ്മുടെ സ്വർഗ്ഗീയ പിതാവിനോട് നമ്മുടെ വ്യകുലങ്ങളും, പേടികളും കുറവുകളും തോൽവികളും ആഗ്രഹങ്ങളുമെല്ലാം പറയാൻ സാധിക്കും. ഈ ലോകത്തിലെ ഒന്നിനേയും നമുക്ക് ഭയപ്പെടേണ്ട ആവശ്യമില്ല. യേശു തന്നെ എത്രവട്ടം തന്റെ ശിഷ്യന്മാരോട് ഇങ്ങനെ പറഞ്ഞിട്ടുണ്ട്:"നിങ്ങളുടെ സ്വർഗ്ഗസ്ഥ പിതാവ് നിങ്ങൾക്കായി കരുതുന്നവനാകയാൽ ഭയപ്പെടേണ്ട" അങ്ങനെ നമ്മുടെ കുഞ്ഞുങ്ങൾക്കും എപ്പോഴും അവരുടെ ആശങ്കകളും, ഭാരങ്ങളും പ്രശ്നങ്ങളും സ്വാതന്ത്ര്യത്തോടുകൂടെ നമ്മോട് പങ്കുവയ്ക്കാൻ സാധിക്കണം.

സ്നേഹവാനും, സർവ്വശക്തനുമായ ദൈവം നമ്മുടെ പിതാവായിരിക്കുന്നത് എത്ര വലിയ അവകാശമാണ്! നാം അവനെ ബഹുമാനിച്ചും, വണങ്ങിയും, സ്നേഹിച്ചും അനുസരിച്ചുംകൊണ്ട്, അവനെ മാത്രം പ്രസാദിപ്പിച്ചു ജീവിക്കണം.

യോഹന്നാൻ 17:3-ൽ നാം വായിക്കുന്നു:'ദൈവത്തെ വ്യക്തിപരമായി അറിയുന്നതാണ് നിത്യജീവൻ'. ദൈവം യേശുവിനെ സ്നേഹിച്ചതുപോലെ തന്നെ നമ്മെയും സ്നേഹിക്കുന്നുവെന്നും നാം അറിയണം. ഇതൊരു ആശ്ചര്യകരമായ സത്യമാണ്. നമ്മുടെ സ്വർഗ്ഗീയ പിതാവ് മുഖപക്ഷം ഇല്ലാത്തവനാണ്; യേശുവിനുവേണ്ടി അവിടുന്ന് എന്തെല്ലാം ചെയ്തുവോ, അതൊക്കെ നമുക്കുവേണ്ടിയും പിതാവ് ചെയ്തു തരും. ദൈവം യേശുവിന് വേണ്ടി കരുതിയതുപോലെ നമുക്കുവേണ്ടിയും കരുതുന്നു. മാതാപിതാക്കളെന്ന നിലയിൽ നാമും നമ്മുടെ കുഞ്ഞുങ്ങളോട് പക്ഷപാതമില്ലാതെ പെരുമാറണം.

ദൈവം യേശുവിനെ സ്നേഹിച്ചതുപോലെ നമ്മെയും സ്നേഹിക്കുന്നുവെന്ന മനോഹര സത്യം നാം വിശ്വസിക്കുമ്പോൾ, നാം നമ്മുടെ അരക്ഷിതബോധത്തിൽ നിന്നൊക്കെയും സ്വാതന്ത്ര്യം പ്രാപിക്കുകയും, അഭിമുഖീകരിക്കുന്ന എല്ലാ പരീക്ഷകളിലും ശക്തരായി തീരുകയും ചെയ്യും. കാലം കടന്നുപോകുന്തോറും നാം പിതാവിനെ കൂടുതൽകൂടുതൽ ആഴത്തിൽ അറിയുകയും അവനെ ആശ്രയിക്കുവാൻ കൂടുതലായി പഠിക്കുകയും ചെയ്യും. എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന് മനസ്സിലാക്കാൻ സാധിക്കാത്ത സാഹചര്യങ്ങളിൽപ്പോലും നമുക്ക് അവന്റെ ജ്ഞാനത്തിൽ വിശ്വസിക്കുവാൻ സാധിക്കും. നമ്മുടെ ജീവിതത്തിൽ അവൻ അനുവദിക്കുന്ന എല്ലാ കാര്യങ്ങളും നമ്മുടെ നന്മയ്ക്കായി തീരുന്നുവെന്ന ഉറപ്പും നമുക്കു ലഭിക്കുന്നു.

ഓട്ടം തികച്ച്

# പോളികാർപ്പ്:

## രക്തസാക്ഷിയുടെ വഴിത്താര – 2

**ആ** കൊച്ചുവീട്ടിലിരുന്നു പോളികാർപ്പ് ഒരു ദിവസംപ്രാർത്ഥിക്കുകയായിരുന്നു. അപ്പോൾ തന്റെ തലയിണ തീപിടിച്ചു കത്തുന്നതുപോലെ ഒരു ദർശനം അദ്ദേഹത്തിനുണ്ടായി. ''ഞാൻ അഗ്നിസാക്ഷി മരണം വരിക്കേണ്ടി വരുമെന്നാണ് ഇതുകാണിക്കുന്നത്''— ഈ ദർശനം സഹോദരന്മാരോടു വിവരിച്ചുകൊണ്ട് പോളികാർപ്പ് പറഞ്ഞു.

ഇതിനിടെ പോലീസ് പോളിക്കാർപ്പിനുവേണ്ടി നാടൊട്ടുക്ക് തിരച്ചിൽ ആരംഭിച്ചു. പോളികാർപ്പിന്റെ വേലക്കാരിൽ ഒരുവനെ പോലീസ് മേധാവി ഒടുവിൽ പിടികൂടി. അവനെ സത്യം വെളിപ്പെടുത്താൻ വേണ്ടി മൃഗീയമായി മർദ്ദിച്ചു. ഒടുവിൽ പീഡനം സഹിക്കാനാവാതെ അവൻ പോളികാർപ്പിന്റെ ഒളിവിടം എവിടെയാണെന്നു പറയേണ്ടിവന്നു.

വൈകുന്നേരം പോലീസ് കൃഷിത്തോട്ടത്തിലെ പഴയ കെട്ടിടം വളഞ്ഞു. എന്നാൽ അവിടെ പ്രതീക്ഷയ്ക്കു വിപരീതമായി വൃദ്ധനും ക്ഷീണിതനുമായ ഒരുവനെയാണ് അവർ കണ്ടത്. ആദ്യം ഒന്ന് അമ്പരന്നുപോയെങ്കിലും അവർ പോളികാർപ്പിനെ അറസ്റ്റുചെയ്ത് ഒരു കഴുതപ്പുറത്തുകയറ്റി സ്മുർന്നയിലേക്കു യാത്രയായി.

യാത്രാ മധ്യേ കൈസറിന്റെ പ്രതിമയ്ക്കു മുമ്പിൽ കുന്തിരിക്കം പുകച്ച് ''കൈസറാണ് കർത്താവ്'' എന്ന് വെറുതെ പറഞ്ഞാൽ മാത്രം മതി പോളികാർപ്പിനെ ഉടനെ മോചിപ്പിക്കാം എന്നു പോലീസ് മേധാവി വാഗ്ദാനം ചെയ്തു. അങ്ങനെ ചെയ്തു പീഡനത്തിൽ നിന്ന് രക്ഷ നേടണമെന്നു മറ്റുപോലീസുകാർ വൃദ്ധനായ പൊളികാർപ്പിനോട് അക്ഷരാർത്ഥത്തിൽ തന്നെ അപേക്ഷിച്ചു. ആദ്യമെല്ലാം അദ്ദേഹം നിശ്ശബ്ദത പാലിച്ചെങ്കിലും ഒടുവിൽ അറുത്തുമുറിച്ച മറുപടി നൽകി. ''സാധ്യമല്ല'' പോലീസ് മേധാവി അതുകേട്ട് കോപാക്രാന്തനായി വൃദ്ധനായ പോളികാർപ്പിനെ കഴുതപ്പുറത്തു നിന്നു തള്ളിയിട്ടു. പൊളികാർപ്പ് വീണിടത്തു നിന്ന് എഴുന്നേറ്റ് വീഴ്ചയിലേറ്റ പരുക്കുകളുടെ വേദന നിശ്ശബ്ദം സഹിച്ച് അവശേഷിച്ച ദൂരം നടന്നു തീർക്കുകയാണുണ്ടായ

---

നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കുമുള്ള പരിഹാരത്തിനായി നമുക്ക് അവനെ വിശ്വസിക്കുവാൻ സാധിക്കും. നമ്മെ ശിക്ഷിക്കുവാൻ നോക്കിയിരിക്കുന്ന ഒരു ദൈവത്തെയല്ല മറിച്ച് നമ്മെ സഹായിക്കാൻ സന്നദ്ധനായിരിക്കുന്ന ഒരു സ്നേഹവാനായ പിതാവിനെ നാം അവനിൽ കാണും. നമ്മുടെ മക്കൾക്ക് മെച്ചപ്പെട്ട മാതാപിതാക്കളാകാൻ നമ്മുടെ സ്വർഗ്ഗീയ പിതാവ് നമ്മെ സഹായിക്കും.

(തുടരും)

മൊഴിമാറ്റം: **റാണി**

ത്. സ്മുർന്നയിൽ വിചാരണയും മരണവിധി പ്രഖ്യാപനവും കാത്തു നിൽക്കുമ്പോൾ പോളികാർപ്പിന്റെ സ്മൃതിപഥത്തിലൂടെ ഈ കഴിഞ്ഞകാല സംഭവങ്ങളെല്ലാം ഒരു ചലച്ചിത്രത്തിലെന്ന വണ്ണം കടന്നു പോയിരിക്കണം.

ക്രിസ്ത്യാനികളെ അതിക്രൂരവും ഭയാനകവുമായ രീതിയിൽ പീഡിപ്പിച്ചുകൊല്ലുന്ന കൊലക്കളത്തിലേക്ക് തുടർന്ന് പോളികാർപ്പ് ആനയിക്കപ്പെട്ടു. ക്രിസ്ത്യാനികളെ വന്യമൃഗങ്ങൾക്ക് എറിഞ്ഞുകൊടുക്കുന്ന കാഴ്ച കണ്ട് ആഹ്ലാദിക്കാൻ രക്തദാഹികളായ ഒരു വലിയ ജനത സ്റ്റേഡിയത്തിൽ തടിച്ചുകൂടിയിരുന്നു. അവിടെ പലക്രിസ്ത്യാനികളെയും മൃഗീയമായി വധിക്കുന്നത് കണ്ട് ജനം ആനന്ദിച്ചു. കൊലക്കളത്തിൽ കൊണ്ടുവന്ന ക്രിസ്ത്യാനികളുടെ കൂട്ടത്തിൽ ക്വാന്റിസ് എന്ന ഒരു യുവാവുണ്ടായിരുന്നു. അവൻ ആദ്യം രക്തസാക്ഷിയാകാൻ തയ്യാറാണെന്നു സധൈര്യം പറഞ്ഞു. എന്നാൽ വിശ്വാസികളെ പിച്ചിച്ചീന്തുവാൻ തയ്യാറാക്കി നിർത്തിയിരിക്കുന്ന വന്യമൃഗങ്ങളെ ഒരു നോക്കു കണ്ടതോടെ അവന്റെ ധൈര്യം പപമ്പകടന്നു. ''കൈസറാണു കർത്താവ്'' എന്നു പറഞ്ഞ് ചക്രവർത്തിയുടെ പ്രതിമയ്ക്കു മുമ്പിൽ ഒരുനുള്ളു കുന്തിരുക്കം അർപ്പിച്ച് ഭീരുവായ അവൻ വല്ലപാടും തടിതപ്പി.

ഒടുവിൽ ക്ഷീണിതനും അതേസമയം ദൃഢനിശ്ചയമുള്ളവനുമായ പോളികാർപ്പിന്റെ ഊഴമായി. ജനത്തിന്റെ ആരവം ഉച്ചത്തിലായി. റോമാക്കാരുടെയും ഗ്രീക്കുകാരുടെയും പരമ്പരാഗത ദൈവങ്ങളെ വണങ്ങാത്ത ക്രിസ്ത്യാനികൾ ജനത്തിന്റെ കണ്ണിൽ നിരീശ്വരവാദികളായിരുന്നു. അതുകൊണ്ട് അവരുടെ നേതാവായ പോളികാർപ്പിനെ കൊലക്കളത്തിലേക്കു കൊണ്ടുവന്നപ്പോൾ "നിരീശ്വരർ തുലയട്ടെ" എന്നവർ ദിഗന്തം പൊട്ടുമാറ് അലറി.

പോളികാർപ്പ് കൊലക്കളത്തിൽ ന്യായാധിപസംഘത്തിനു മുന്നിൽ ശാന്തനായി നിന്നു. അവർ അദ്ദേഹത്തെ നോക്കി. ഒടുവിൽ, വൃദ്ധനായ പോളികാർപ്പിനു ചെയ്യുന്ന ഒരു സൗജന്യം എന്ന നിലയിൽ ന്യായാധിപസംഘം പറഞ്ഞു: "ഇപ്പോഴെങ്കിലും നീ നിന്റെ ദൈവത്തെ-ക്രിസ്തുവിനെ-തള്ളിപ്പറഞ്ഞാൽ ഞങ്ങൾ നിന്നെ വെറുതെ വിടാം."

പോളികാർപ്പ് മെല്ലെ മിഴികൾ ഉയർത്തിജനക്കൂട്ടത്തെയും ന്യായാധിപസംഘത്തെയും ഒന്നു നോക്കി. പിന്നെ സധൈര്യം ഇങ്ങനെ പറഞ്ഞു: "കഴിഞ്ഞ 86 വർഷമായി യേശുക്രിസ്തു എനിക്കു വിശ്വസ്തനായിരുന്നു. അങ്ങനെയെങ്കിൽ ഇപ്പോൾ എന്റെ രാജാവിനെ തള്ളിപ്പറയാൻ എനിക്ക് എങ്ങനെ കഴിയും?"

ന്യായാധിപർ ദേഷ്യംകൊണ്ടു വിറച്ചു. അവർ ജനക്കൂട്ടത്തോടു വിളിച്ചു പറഞ്ഞു: "പോളികാർപ്പ് താനൊരു ക്രിസ്ത്യാനിയാണെന്നിതാ സ്വയം ഏറ്റുപറഞ്ഞിരിക്കുന്നു. ഞങ്ങൾ എന്തുവേണം.?"

ജനക്കൂട്ടത്തിന്റെ ആരവം അത്യുച്ചത്തിലായി. "സിംഹങ്ങളെ അഴിച്ചുവിടുക'' അവർ ആക്രോശിച്ചു. പക്ഷേ മൃഗങ്ങളെ അതിനകം കൂട്ടിൽ കയറ്റിക്കഴിഞ്ഞിരുന്നു. എങ്കിൽ പോളിക്കാർപ്പിനെ തീയിൽ എറിഞ്ഞുകൊല്ലണമെന്നായി ജനക്കൂട്ടം. താൻ പണ്ടുകണ്ട, അഗ്നിയിൽ

ആളിക്കത്തുന്ന തലയിണയുടെ ദർശനം ഓർത്ത് പോളിക്കാർപ്പ് തന്റെ ദൈവത്തിൽ ധൈര്യപ്പെട്ടു.

ആൾക്കൂട്ടം ഒരു വലിയ വിറകുകൂമ്പാരം നൊടിയിടകൊണ്ട് ഉണ്ടാക്കി. അതിനു മധ്യത്തിൽ വലിയ ഒരു തടിത്തൂൺ നാട്ടിനിർത്തി. പോളികാർപ്പിനെ അതിനോട് ചേർത്തു ബന്ധിച്ചു. പോളികാർപ്പ് ശാന്തനായിരുന്നു. അദ്ദേഹം പ്രാർത്ഥനാ നിരതനായി ദൈവത്തെ മഹത്വപ്പെടുത്തി. രക്തദാഹികളായ ജനം വിറകുകൂമ്പാരത്തിനു തീകൊളുത്തി.

അഗ്നി ഒരു വലിയ മതിലുപോലെ ആകാശത്തോളം ഉയർന്നു. പോളികാർപ്പിനെ അഗ്നികോട്ടപോലെ ചൂഴ്ന്നുനിന്നെങ്കിലും തീജ്വാല അദ്ദേഹത്തെ സ്പർശിച്ചില്ല. ഇത് കണ്ട് ആരാച്ചാർ ക്രോധത്തോടെ കയ്യിലിരുന്ന നീണ്ടകുന്തംകൊണ്ട് അദ്ദേഹത്തെ കുത്തി തീയിൽ വീഴ്ത്തി. പോളിക്കാർപ്പ് സ്വഭവനത്തിലേക്ക് അതിവേഗം യാത്രയായി....

തന്റെ രാജാവും കർത്താവുമായ ക്രിസ്തു നാഥനുവേണ്ടി പ്രതികൂല സാഹചര്യത്തിൽ ധൈര്യപൂർവ്വം നിലനിന്ന ആ വന്ദ്യവയോധികന്റെ ജീവിതം നമുക്ക് ഒരു വെല്ലുവിളിയാണ്. പോളികാർപ്പിന്റെ പ്രതിബദ്ധതയും ധൈര്യവും നമ്മിൽ പലരും ഇപ്പോൾ കൊതിക്കുന്നുണ്ടാവാം. എന്നാൽ ഒരു കാര്യം ഓർക്കു. യേശുവിനുവേണ്ടി ജീവിച്ചതുകൊണ്ടാണ് യേശുവിനുവേണ്ടി മരിക്കാൻ തനിക്കു കഴിഞ്ഞത്. ഇന്നു നാം കർത്താവിനു വേണ്ടി ധീരരായി ജീവിച്ചാൽ മാത്രമേ അന്നു നമുക്കു ധൈര്യപൂർവ്വം മരണത്തിന്റെ മുഖത്തുനോക്കി മന്ദഹസിക്കാൻ കഴിയുകയുള്ളൂ.

ക്വാന്റിസ് എന്ന യുവാവിനെ കുറിച്ചു ചിന്തിക്കുക. അവൻ തുടക്കത്തിൽ ധൈര്യപൂർവ്വം നിന്നു നന്നായി സംസാരിച്ചു. ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിയായാൽ ഒരു ധീരോദാത്ത നായകനെപ്പോലെ പ്രശസ്തനായിത്തീരാം എന്നെല്ലാം അവൻ മനോരാജ്യം കണ്ടിരുന്നിരിക്കാം. എന്നാൽ യേശുവിനുവേണ്ടി വാസ്തവത്തിൽ ജീവൻ വയ്ക്കുന്ന സാഹചര്യത്തെ അഭിമുഖീകരിച്ചപ്പോൾ അവനതു ചെയ്വാൻ കഴിഞ്ഞില്ല. അവന്റെ ധൈര്യം ചോർന്നുപോയി. ക്രിസ്തുവിനെ തള്ളിപ്പറഞ്ഞതിനെപ്പറ്റി പിന്നീട് പശ്ചാത്തപിച്ച് ഒരു പക്ഷേ അവൻ ശിഷ്ടജീവിതം സമർപ്പണത്തോടെ ജീവിച്ചിട്ടുണ്ടാകുമോ? അതോ അവന് പിന്നീട് ഒരിക്കലും മാനസാന്തരത്തിന് ഇടലഭിച്ചിട്ടുണ്ടായിരിക്കുകയില്ലേ? ആർക്കറിയാം. പക്ഷേ ഒരു കാര്യം വ്യക്തമാണ്-നിർണായകമായ ആ ദിവസം മരണത്തെ നേർക്കുനേർ കണ്ടു മുട്ടിയപ്പോൾ കർത്താവിനെക്കാൾ വിലപ്പെട്ടത് അവന് സ്വന്തജീവൻ ആയിരുന്നു. അതുകൊണ്ട് അവൻ അതു നേടി. സ്വന്തജീവനെ അവൻ സൂക്ഷിച്ചു. യേശുവിനെ തള്ളിക്കളഞ്ഞു.

പോളികാർപ്പും താൻ ആഗ്രഹിച്ചതു നേടി. മറ്റെല്ലാറ്റിനെക്കാളും അദ്ദേഹം യേശുവിനായി വാഞ്ഛിച്ചു. ഫലം സ്വന്തജീവൻ നഷ്ടമാക്കിയും അദ്ദേഹം യേശുവിനെ എന്നന്നേക്കുമായി നേടി. പോളികാർപ്പിന്റെ ജീവിതം നമുക്കു നൽകുന്ന പാഠം ഇതാണ്-ജീവിതത്തിൽ നാം എന്ത് പ്രധാനമായി വാഞ്ഛിക്കുന്നുവോ അതു നാം നേടും. നമ്മൾ ഇന്നു വാഞ്ഛിക്കുന്നതെന്താണ്?

(അവസാനിച്ചു)

YOUTH SECTION



The Making of Peter the Disciple -VI

# Disciples Don't Avoid The Cross

**Sandeep Poonen**

We saw the amazing confession that Peter made in Matthew 16:13-20 about Jesus.But now I want to look at some areas in Peter's life that needed correction. The good virtues in Peter were just part of who he was. Peter also had selfish tendencies and pride that needed to be addressed and dealt with in his journey as a disciple of Jesus.

This is how it is with us too. We can be absolutely sincere when we admit our sins and boldly proclaim Jesus as our Messiah. But we might still seekto justify ourselves at times, or seek to do our own will, and don't want to listen and be told what to do.

And we see this in Peter *right after*his grand revelation of who Jesus is. Jesus was quick to heap praise Peter in Matthew 16:17-19. But Jesus was equally strong in His rebuke of Peter in verses 21-23, when He saw Peter being influenced by Satan.

Now why did Jesus rebuke Peter so strongly? Because Peter in his human love didn't want Jesus to go to the cross. How would we respond if someone we deeply esteemed spiritually told us that he was going to be brutally killed by religious leaders?I would be like Peter. But I think the reason Peter was rebuked so strongly was because he tried to use a theological (spiritual) argument to change Jesus' mind. SoJesus responded very strongly.

**From Blessed to Satan**

Peter was probably proud of the unique praise that Jesus had given him. He must have though himself as anointed now, and most spiritual of the twelve. Jesus had tried to remind Peter that his name meant small stone/pebble. Sohis own relevance was a small pebble (*petros*) when compared to the LARGE ROCK (*petra*) of TRUTH that Jesus was the Christ, the Son of the Living God. And it was the large rock that would be the basis of the church.

But Peter missed that. So the devil probably used Jesus' very

words of praise of Peter to tempt him with pride and spiritual self-confidence. So much so that Peter even felt worthy of correcting the very One He had just called Messiah! He was so proud that he felt he was equal to the Son of the Living God – that he could rebuke Jesus.So is it possible that a revelation from the Heavenly Father to us can be the very cause of our pride? Yes! We must deeply fear it, because it can wreck our pursuit of holiness.

Let us also remember that Judas Iscariot received the authority from Jesus to cast out demons and heal the sick (Matthew 10:1). So Judas Iscariot must have healed the sick and cast out demons. Yet, the devil entered him later on and he betrayed Jesus (John 6:70-71).So we are no different. We are susceptible to being led by the devil, despite all the gifts we have for ministry (Matthew 7:21-23).

This should serve as a warning for all who desire to be disciples. Let us permanently reject the lie (even though it feels spiritual) that a flourishing ministry, or even seeing fresh revelation of truth, is proof that we are spiritual. Like Peter, we can be called blessed by Jesus one minute and the devil a few minute later!

**God be merciful to You, Lord! This shall never happen to You**

The phrase “God forbid it” literally translates into this, “God be merciful to You, Lord!” This gives me a better idea on the subtle heresy that Peter was buying into.

Peter was claiming the mercy of Almighty God to convince Jesus that He should never go to the cross. Peter was basically telling Jesus that God, being the compassionate and merciful God that He was, would never let this happen to Jesus.

Now Peter was theologically correct in seeing God as infinitely merciful. Mercy is fundamental to who God was. When Moses asked God to reveal His glory to him and called up on the Name of the Lord, God revealed Himself as merciful (Exodus 34:6-7).

So Peter was confident that the mercy of God would help Jesus avoid the painful cross. But Jesus rejected this, because He recognized a human concept of mercy. Peter was using God’s Word to justify his own human logic and emotions. And we see that divine truths mixed with human logic and ideas will be pure evil.

Peter’s words to Jesus here could probably be seen as a fourth temptation by the devil to Jesus. Jesus was tempted by the devil for forty days (Luke 4:1-2), but only three of them are recorded in that

chapter.These words by Peter are clearly another attempt of the devil to get Jesus to mistrust His Father. And that is especially dangerous.

There are some temptations where we choose to live according to our passions and desires (e.g. the temptation to turn stone into bread). **But the more dangerous temptations are when we use God's Word or some truth about God to justify our own self-interests (e.g. the temptation to jump down from the top of the temple)**.

This is the dangerous pit that many Christians fall into when they use God's Word to justify seeking financial riches.They use verses about the blessing of God in Scriptureto justify their lust for lavish lifestyles. God, who looks at the intents of the heart, is not fooled. He sees that the primary reason for such prayers are selfish – so that they can live a selfish, passion-satisfying, carefree life. And God abhors it.

### Avoiding the cross

While most serious Christians know that using God's Word for personal gain is evil, there are many others who preach the mercy and grace of God to the point that it diminishes or even eliminates the perpetual necessity of the cross (and certain death) to root out all sin that rises up within us.

In Jesus' rebuke to Peter, He stresses the need to deny oneself and pick up one's cross in following Him. And in the parallel account of this in Luke's gospel, we read this: *Luke 9:23 –And He was saying to them all, "If anyone wishes to come after Me, he must deny himself, and take up his cross daily and follow Me.*

The word "daily" tells me that the cross here is not a physical cross. It is the one on which our selfish interests, passions, and desires that go against God's will, must be put to death (Galatians 5:24; 6:14). **Not all ambition and human desireis sinful by default. But any interest that distracts us from our whole-hearted devotion to Jesus must be treated as utterly deadly**.

Now sadly, the message of death to all selfish interests has its greatest opponents among professing Christians. Many sincere Christians never find the secret of living a life of consistent victory over sin. Or they find that a persistent attitude to guard against every temptation is just too hard to keep up. They try to live right for a while, but back into sin and eventually get tired of getting up. And rather than persisting with seeking God, they lower God's

standards and goals for them. They settle for a "do your best" philosophy in fighting sin rather than an utter opposition to all sin, even in thought and motive.  So they see the Sermon on the Mount as the greatest sermon, but never embrace it as the permanent standard by which they evaluate their lives.

**Such Christians often separate the *loving* Father from the *Holy* Spirit.  They don't embrace the perfect unity between the Infinite Love of the Heavenly Father and the Infinite Holiness of the Holy Spirit**.

This is devilish.  God is one. There is simply no way to separate God's love from God's hatred for sin. *Our awe for God's loveover us must equal our reverence for God's hatred for all sin in us*. Therefore, justifying our selfish interests because of God's infinite love, is from the pit of hell itself.May we learn the important lesson from Jesus's rebuke to Peter:  *It is devilishly evil to leverage God's Word to suit our own personal interests and thereby avoid the cross that Jesus asks us to bear*.

One last point: **Faith is to believe that God can solve all my problems, even the ones I see no possible solution for**. If Jesus paid for my sins with His very life, then every last sin that springs up within me is most serious. When I stand before the judgment seat of Christ, God will hold meresponsible for every time I chose my own will over His.  It is this simple logic should cause all us Christians to judge ourselves radically. We cannot be a disciple and avoid the cross on which our selfish interests have to die.

---

# സ്വയം താഴ്ത്തുന്ന വിധം

*14-ാം പേജിൽ നിന്നു തുടർച്ച*

ടുകളെ പിന്തുടരാം. നമ്മെക്കുറിച്ചു ദുരാരോപണങ്ങൾ പറയുവാനാഗ്രഹിക്കുന്നവർ എത്രവേണമെങ്കിലും പറഞ്ഞോട്ടെ. നാം ദൈവത്തെ മാനിക്കുന്നുവെങ്കിൽ അവിടുന്നു നമ്മെയും മാനിക്കും. കർത്താവിനെ അനുഗമിക്കുന്നതിൽ നാം ഗൗരവമുള്ളവരെങ്കിൽ വേദനാജനകമായ നിരവധി സാഹചര്യങ്ങളിലൂടെ അവിടുന്നു നമ്മെ കടത്തിവുടം. എന്നാൽ ഇതിന്റെയെല്ലാം ഉദ്ദേശ്യം നമ്മെ മനുഷ്യമാനം അന്വേഷിക്കുന്നതിൽ നിന്നും ഭൂമിയോടുള്ള എല്ലാ ബന്ധങ്ങളിൽ നിന്നും സ്വതന്ത്രരാക്കി കഴുകന്മാരെപ്പോലെ ചിറകടിച്ചുയരാൻ" (യെശ.40:31) പ്രാപ്തരാക്കുക എന്നതാണ്.

ദൈവത്തിന്റെ ഹിതം മാത്രം നാം പരിഗണിക്കുന്നതരത്തിൽ നമ്മെ താഴ്ത്തുവാൻ തക്കവണ്ണം ദൈവം നമ്മുടെ സാഹചര്യങ്ങളെ വ്യത്യാസപ്പെടുത്തും. അപ്പോൾ നമ്മുടെ ആത്മീയാധികാരം വളരെ ശക്തമായിരിക്കും. നമ്മെ ഓരോരുത്തരെയും സംബന്ധിച്ച് അതങ്ങനെതന്നെ ആയിരിക്കട്ടെ. (അവസാനിച്ചു)

## എഡിറ്റോറിയൽ തുടർച്ച ........

ഷ്യരുടെ ഒരു സമ്പ്രദായമാകാം, ആചാരമാകാം, ഉപദേശമാകാം, ജീവിത പ്പിശക് ആകാം. ബൈബിളിൽ ഉടനീളം പുളിപ്പിനെതിരെ നൽകിയിട്ടുള്ള മുന്നറിയിപ്പുകൾ ശ്രദ്ധിക്കുക -പുറപ്പാട് 12:19, മത്തായി 16:6,12, 1 കൊരി.5:6 -8). മറിച്ച് ആ പുതുവീഞ്ഞ് ദൈവവചനത്തിൽ വിവരിക്കുന്ന പുതിയ സഭാ സംവിധാനമായ പുതിയ തുരുത്തിയിൽ തന്നെ സൂക്ഷിക്കണം. അപ്പോൾ അതു പുളിച്ചുപോകയില്ല.

പുളിപ്പിനെക്കുറിച്ചു കർത്താവു തന്നെ പറഞ്ഞിട്ടുള്ള ഒരു ഉപമയും ഇതേ ക്കുറിച്ചു നമുക്ക് ഒട്ടേറെ ഉൾക്കാഴ്ച നൽകും: 'അവൻ മറ്റൊരു ഉപമ അവ രോടു പറഞ്ഞു: സ്വർഗ്ഗരാജ്യം പുളിച്ച മാവിനോടു സദൃശം. അത് ഒരു സ്ത്രീ എടുത്തു മൂന്നു പറമാവിൽ എല്ലാം പുളിച്ചു വരുവോളം അടക്കിവെച്ചു' (മ ത്താ. 13:32)

ദൈവരാജ്യത്തിന്റെ വ്യാപനത്തെക്കുറിച്ചു പറയുന്ന ധനാത്മകമായ (positive) ഒരു ഉപമയാണിതെന്നാണു പലരും കരുതുന്നത്. എന്നാൽ വാസ്തവത്തിൽ ഇതു നിഷേധാത്മകമായ ഒരു ഉപമയാണ് (negative parable). കാരണം പുളിപ്പും ദൈവരാജ്യവും തമ്മിൽ ഒരിക്കലും ചേർന്നു പോകയില്ല. അതുകൊണ്ട് ദൈവസഭയുടെ വളർച്ചയുടെ ചരിത്രത്തിലുണ്ടായ ഒരു പാളിച്ചയോടു ബന്ധപ്പെടുത്തിയാണ് ഈ ഉപമയെ പഠിക്കേണ്ടത്. ഇതിനെ ചരിത്രത്തോട് ചേർത്ത് അടുക്കായി ഇങ്ങനെ പറയാം: ഒന്നാം നൂറ്റാ ണ്ടിൽ തന്നെ പുതുവീഞ്ഞിനെ ഉൾക്കൊള്ളാവുന്ന, പഴയ മതത്തിന്റെ അവ ശിഷ്ടങ്ങളൊന്നുമില്ലാത്ത, പുതിയ തുരുത്തി (സഭ) രൂപപ്പെട്ടു. ഈ സഭ ഒരു സംഘടനയായിരുന്നില്ല. അതൊരു സഹോദരസംഘമായിരുന്നു.

പഴയ ഉടമ്പടിയിൽ കാര്യങ്ങൾ എപ്പോഴും പലരിലല്ല, ഒരു വ്യക്തിയിൽ കേന്ദ്രീകരിച്ചാണുപൊയ്ക്കൊണ്ടിരിക്കുന്നത്. ഒരു സമയത്ത് ഒരു രാജാവ്, ഒരു മഹാപുരോഹിതൻ, ഒരു പ്രവാചകൻ എന്നിങ്ങനെ. എന്നാൽ കർത്താവ് വന്നപ്പോൾ അവിടുന്നു തന്റെ ശിഷ്യന്മാരെ 'ഈരണ്ടാ'യാണ് അയയ്ക്കു ന്നത് (ലൂക്കോ.10:1). പെന്തക്കോസ്തു നാളിൽ സഭ രൂപപ്പെടുമ്പോഴും പത്രോസ് 'പതിനൊന്നു സഹോദരന്മാരോടു കൂടെ' നിന്നാണു പ്രസംഗി ക്കുന്നത്. (2:14). പ്രസംഗം കേട്ടിട്ടു ഹൃദയത്തിൽ കുത്തുകൊണ്ടവർ പത്രോ സിനോടും ശേഷം അപ്പോസ്തോലന്മാരോടുമാണ് 'സഹോദരന്മാരായ പുരു ഷന്മാരെ ഞങ്ങൾ എന്തുചെയ്യേണ്ടു' എന്നു ചോദിക്കുന്നത് (2:37). ഇതെല്ലാം കഴിഞ്ഞ് തൊട്ടടുത്ത അധ്യായത്തിന്റെ തുടക്കത്തിൽ 'പത്രോസും യോഹ ന്നാനും കൂടെ'യാണു ദേവാലയത്തിൽചെല്ലുന്നതും മുടന്തനെ സൗഖ്യമാ ക്കുന്നതും (3:1). തുടർന്നും അപ്പോസ്തല പ്രവൃത്തിയിൽ പുതിയ തുരുത്തി രൂപപ്പെടുന്നതു നാം ശ്രദ്ധിച്ചാൽ അതൊരു സംഘടയല്ല, ഒരോ സ്ഥലത്തും സ്വാതന്ത്ര്യത്തോടെ നില്ക്കുന്ന സഹോദരീ സഹോദരന്മാരുടെ കൂട്ടായ്മ യാണെന്നു കാണാം (2:43-47). തീർച്ചയായും വിളിയുടെയും വരങ്ങളുടെയും ഉത്തരവാദിത്തങ്ങളുടെയും അടിസ്ഥാനത്തിൽ അപ്പോസ്തലന്മാർ, പ്രവാ

ചകന്മാർ, ഉപദേഷ്ടാക്കന്മാർ എന്നിങ്ങനെ വ്യത്യസ്തശുശ്രൂഷയുള്ള ചിലരെ സഭയിൽ ദൈവം തന്നെ നിയമിക്കുന്നുണ്ടെങ്കിലും (1 കൊരി. 12:28, എഫേ. 4:11) സ്ഥലം സഭകളുടെ നടത്തിപ്പ് എപ്പോഴും അതതു സഭകളിലുള്ള മൂപ്പന്മാരിലാണു നിക്ഷിപ്തമായിരുന്നത്. 'സഭ തോറും മൂപ്പന്മാരെ (ഒന്നിലേറെ പേരെ) ആക്കി വയ്ക്കുന്ന'തിന്റെ ചരിത്രം നമ്മൾ അപ്പോസ്തലപ്രവൃത്തിയിലും (14:23), അങ്ങനെ ചെയ്യാനുള്ള നിർദ്ദേശം ലേഖനങ്ങളിലും (തീത്തോസ് 1:5) നാം കാണുന്നുണ്ടല്ലോ. ചുരുക്കത്തിൽ പുതിയ തുരുത്തിയുടെ മാതൃക നമ്മൾ ദൈവവചനത്തിൽ സഹോദരസംഘവും മൂപ്പന്മാരും എന്നിങ്ങനെയാണു കാണുന്നത്. ഏതുകാര്യവും നമ്മൾ, 'അങ്ങനെ തന്നെ' എന്നു തീരുമാനിക്കേണ്ടതു കർത്താവ് അങ്ങനെയാണോ ചെയ്തത്, ആദിമ സഭയിൽ അപ്പോസ്തലന്മാർ അങ്ങനെയാണോ പഠിപ്പിക്കുകയും പ്രവർത്തിക്കുകയും ചെയ്തത്, ലേഖനങ്ങളിലെ നിർദ്ദേശങ്ങൾ അതിനെ സാധൂകരിക്കുന്നുണ്ടോ എന്നീ മൂന്നു മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ്. ഈ മാനദണ്ഡങ്ങൾ എല്ലാംവച്ചുനോക്കുമ്പോഴും നാം ഇതുവരെ കണ്ടതുപോലെ സഭ ഒരു കേന്ദ്രീകൃതസംഘടനയല്ലെന്നും, സ്വതന്ത്രമായ സഹോദര സംഘമാണെന്നും വിവിധ ശുശ്രൂഷകൾ സഭയിൽ ഉണ്ടായിരിക്കുമ്പോൾ തന്നെ സ്ഥലം സഭകളുടെ ചുമതല എപ്പോഴും അതതു സ്ഥലത്തെ മൂപ്പന്മാർക്കാണെന്നും വ്യക്തമാണ്. ഇതാണു പുതിയ തുരുത്തിയുടെ ദൈവവചനത്തിൽ കാണുന്ന മാതൃക.

ഒന്നാം നൂറ്റാണ്ടിൽ പുതിയ തുരുത്തി ഇങ്ങനെയായിരുന്നെങ്കിൽ പിന്നീട് എപ്പോഴാണ് 'ഒരു സ്ത്രീ' (മത്തായി 13:32) അതിൽ പുളിപ്പു ചേർത്തത്? ആരാണ് ഈ സ്ത്രീ? ചരിത്രം നോക്കുമ്പോൾ ആദിമ മൂന്നു നൂറ്റാണ്ടുകൾ കൊടിയ പീഡനത്തിലൂടെ കടന്നുപോയപ്പോഴും സഭ വിശുദ്ധിയോടെ പുതിയ വീഞ്ഞ് പുതിയ തുരുത്തിയിൽ തന്നെ സൂക്ഷിച്ചു. എന്നാൽ നാലം നൂറ്റാണ്ടിൽ കുസ്തന്തിനോസ് ചക്രവർത്തി സഭയിലേക്കു വരികയും അതിനെ രാജകീയ മതമാക്കി മാറ്റുകയും ചെയ്തപ്പോൾ രാജാവിന്റെ ഇംഗിതത്തിനനുസരിച്ച് രാജകീയ പ്രൗഢിക്ക് ഒത്തവണ്ണം തുരുത്തിയുടെ (സഭാസംവിധാനത്തിന്റെ) അലകുംപിടിയും മാറി. സഹോദരസംഘത്തിനുപകരം കേന്ദ്രീകൃതമായ ശക്തമായ സംഘടന എന്ന ചട്ടക്കൂട് കൊണ്ടുവന്നു. ഒന്നിലേറെ മൂപ്പന്മാർ എന്ന സംവിധാനത്തിന്റെ സ്ഥാനത്ത് 'ഒരു പുരോഹിതൻ' എന്നായി. സ്വതന്ത്രമായ ആത്മീയ മുന്നേറ്റം പൗരോഹിത്യ മതത്തിനു മുന്നിൽ അടിയറ വയ്ക്കപ്പെടുന്നു. പുതിയതുരുത്തിയുടെ സ്ഥാനത്തു പഴയതുരുത്തി വരുന്നു. എ.ഡി. ആറാം നൂറ്റാണ്ടായപ്പോൾ കത്തോലിക്കാസഭ പൂർണമായും ഔദ്യോഗികമായും രൂപപ്പെട്ടു. മൂന്നുപറമാവിൽ പുളിപ്പ് അടക്കിവച്ച സ്ത്രീ ഈ കത്തോലിക്കാസഭയെ പ്രതിനിധാനം ചെയ്യുന്നു. ഭോജനയാഗത്തിൽ ഒട്ടും പുളിപ്പ് ചേർക്കരുതെന്ന ദൈവികനിയമത്തെ (ലേവ്യ 2:4,5,11) ലംഘിച്ച് ഈ സ്ത്രീ (കത്തോലിക്കാ സഭ) അതിൽ ജാതീയമായ ആചാരങ്ങൾ, രീതികൾ, ഉപദേശങ്ങൾ, നടപടിക്രമങ്ങൾ എന്നിവയുടെ പുളിപ്പ് അടക്കി വയ്ക്കുന്നു. യെഹൂദാ, മതത്തിന്റെ പഴയതുരുത്തിയിൽ ജാതീയ രീതികളുടെ പുളിപ്പ് ചേർത്ത് പുതുവീഞ്ഞ് അടക്കി വച്ച ഈ

സ്ത്രീക്ക് ദുർന്നടപ്പ് ആചരിക്കാനും വിഗ്രഹാർപ്പിതം തിന്മാനും ദാസന്മാരെ ഉപദേശിക്കയും തെറ്റിച്ചുകളയുകയും ചെയ്യുന്ന തുയഥൈര സഭയിലെ ഈസബേൽ എന്ന സ്ത്രീയോടുള്ള (വെളിപ്പാട് 2: 18-29) സാദൃശ്യം ശ്രദ്ധിക്കുക. (മത്തായി 13ൽ കർത്താവു പറയുന്ന നാലാമത്തെ ഉപമയാണു മാവിൽ പുളിപ്പുചേർത്ത സ്ത്രീയുടേത്. വെളിപ്പാട് 2,3 അധ്യായങ്ങളിൽ കാണുന്ന ഏഴു സഭകളിൽ നാലാമത്തേതാണു തുയഥൈരയിലെ സഭ). വെളിപ്പാട് 17 -ാം അധ്യായത്തിൽ കാണുന്ന മഹാവേശ്യയോടും തുയഥൈര സഭയിലെ ഈസബേൽ എന്ന സ്ത്രീയേയും മത്തായി 13ൽ കർത്താവു പറയുന്ന പുളിപ്പുചേർത്ത സ്ത്രീയേയും ചേർത്തു ചിന്തിക്കാവുന്നതാണ്.

മത്തായി 13-ൽ കർത്താവു പറയുന്ന സ്വർഗരാജ്യത്തെ സംബന്ധിച്ച മൂന്നാമത്തെ ഉപമയായ കടുകുമണിയുടെ ഉപമയും സഭ ഒരു സംഘടനയായി അധഃപ്പതിക്കുന്നതിലേക്കു തന്നെ വിരൽ ചൂണ്ടുന്ന ഒരു നിഷേധമാതൃകയുടെ ഉപമയാണ്. (13:31,32). കടുകു ചെടി (സഭ) ഒരു ചെറിയ ചെടിയായി മാത്രം നില്ക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതായിരുന്നു. എന്നാൽ ക്രമേണ അത് ഈ ഭൂമിയിൽ വേരുകൾ ആഴ്ത്തി വലിയ ഒരു മരമായി മാറുന്നു! അതിൽ പറവകളും (പറവകൾ ദൈവവചനം എടുത്തു കളയുന്ന ദുഷ്ട ശക്തികളെകാണിക്കുന്നു- മത്തായി 13: 4,19) വന്നു കൂടുകൂട്ടുന്നു!. തീർച്ചയായും ഈ സഭയുടേത് അസാധാരണമായ ഒരു വളർച്ചയാണ്. ദൈവം ആഗ്രഹിക്കാത്ത വിധത്തിൽ ചരിത്രത്തിൽ സഭയ്ക്കുണ്ടായ 'വളർച്ച'യെയാണ് ഈ ഉപമയും കാണിക്കുന്നതെന്നു ചിന്തിക്കാം. ഒന്നാം നൂറ്റാണ്ടിലെ സഭാ സംവിധാനമായ സഹോദരന്മാരും മൂപ്പന്മാരുമെന്ന പുതിയ തുരുത്തി നാലാം നൂറ്റാണ്ടായപ്പോൾ പുരോഹിതനും സംഘടനയുമെന്ന പഴയ തുരുത്തിയായി മാറുന്നു. അതിലേക്കു പകർന്നു വച്ച ദൈവിക സത്യങ്ങളുടെ പുതുവീഞ്ഞ് പുളിച്ചു പോകുകയും ചെയ്തു.

മത്തായി 13-ൽ കർത്താവു പറഞ്ഞ മൂന്നാമത്തെ ഉപമയായ 'കടുകുവൃക്ഷ'ത്തിന്റെ ഉപമയെ ഏഴു സഭകളിലെ മൂന്നാമത്തെ സഭയായ പെർഗ്ഗമോസുമായി (വെളിപ്പാട് 2:12-17) താരതമ്യം ചെയ്യുമ്പോൾ അവിടെയും ചില സാദൃശ്യം കണ്ടെത്താൻ കഴിയും. പെർഗ്ഗമോസിൽ ബിലെയാമിന്റെ ഉപദേശവും നിക്കൊലാവ്യരുടെ ഉപദേശവും പിടിമുറുക്കുകയാണ് (വെളി.2:14,15). ബാലാക്ക് രാജാവ് 'വിലയ്ക്കെടുത്ത'വനാണു ബിലെയാം. നിക്കൊലാവ്യത്വമാകട്ടെ സഭയിലെ സഹോദന്മാരുടെ മേൽ തങ്ങളെത്തന്നെ ഉയർത്തുന്ന പൗരോഹിത്യം തന്നെയാണ്. സഭ, രാജകീയ മതമായി മാറി ലോകത്തിൽ വൻ വൃക്ഷമായി തീർന്നപ്പോൾ പണവും പൗരോഹിത്യവും പിടിമുറുക്കുകയും പുതിയ തുരുത്തിയുടെ സ്ഥാനത്തു പഴയ തുരുത്തി വരികയും വീഞ്ഞിൽ പുളിപ്പു വരികയും ചെയ്യുകയാണുണ്ടായത് എന്ന് ഈ ഭാഗത്തു നിന്നും വീണ്ടും മനസ്സിലാക്കാം.

എന്നാൽ ദൈവം തന്റെ സഭയെ കൈവിട്ടുകളഞ്ഞില്ല. എ.ഡി. 16-ാം നൂറ്റാണ്ടായപ്പോൾ മാർട്ടിൻ ലൂഥറിലൂടെ ദൈവം 'വിശ്വാസത്താലുള്ള രക്ഷ' എന്ന പുതുവീഞ്ഞിനെ വീണ്ടുംകൊണ്ടുവരുമ്പോൾ അതൊരു നവീകരണത്തിന്റെ തുടക്കമായിരുന്നു. തുടർന്നുള്ള പല നൂറ്റാണ്ടുകളിലൂടെ നാലാം നൂറ്റാണ്ടു

മുതൽ നഷ്ടപ്പെട്ടുപോയ ഓരോ സത്യങ്ങളെ ദൈവം പുനഃസ്ഥാപിക്കുന്നു. വിശ്വാസസ്നാനം, വിശുദ്ധജീവിതം, മിഷനറി പ്രവർത്തനങ്ങൾ എന്നിവയ്ക്കെല്ലാം പ്രാധാന്യം കിട്ടുന്നു. കഴിഞ്ഞ നൂറ്റാണ്ടിന്റെ തുടക്കത്തിലാകട്ടെ പരിശുദ്ധാത്മസ്നാനം, ആത്മനിറവിലുള്ള ജീവിതം എന്നീ സത്യങ്ങൾ പുനഃസ്ഥാപിച്ച പെന്തക്കോസ്തു മുന്നേറ്റവും ഉണ്ടായി. എന്നാൽ നിർഭാഗ്യവശാൽ ഈ പ്രൊട്ടസ്റ്റന്റു പെന്തക്കോസ്തു സഭകളിൽ മിക്കതും പൗരോഹിത്യ സഭകളുടെ ചുവടുപിടിച്ച് ആ പഴയ തുരുത്തിയിൽ തന്നെയാണു തങ്ങളുടെ പുതിയ വീഞ്ഞു പകർന്നു വച്ചത്. ഒരു കേന്ദ്രീകൃത സംഘടനയും അവിടെ നിന്നു പ്രാദേശിക സഭകളിലേക്കു ഭരണത്തിനായി അയയ്ക്കുന്ന ശുശ്രൂഷകനും ഒരു സഭയൽ നിന്നു മറ്റൊന്നിലേക്കുള്ള ശുശ്രൂഷകന്മാരുടെ സ്ഥലംമാറ്റവും എല്ലാമായി പൗരോഹിത്യ സഭകളുടെ അതേ സംവിധാനം. ഫലത്തിൽ ഇതു പഴയ തുരുത്തി തന്നെയാണ്. പഴയ തുരുത്തിയുടെ പ്രശ്നം അതിൽ പറ്റിപ്പിടിച്ചിട്ടുള്ള പുളിപ്പ് പുതുവീഞ്ഞിനെയും പുളിപ്പിച്ചുകളയും എന്നതാണ്. ഇന്നു വിശ്വാസികളുടെ മേൽ തങ്ങളെത്തന്നെ ഉയർത്തുന്ന നിക്കോലാവ്യത്വം, പണത്തിനുവേണ്ടി ദൈവത്തോടുള്ള പ്രതിബദ്ധതയെ വിറ്റുകളയുന്ന ബിലെയാമിന്റെ ഉപദേശം, ദൈവത്തെയും ലോകത്തേയും ഒപ്പംകൊണ്ടുപോകുന്ന ഈസബേലിന്റെ ദുർന്നടപ്പ്, 'വിശുദ്ധ' നഗരമായ യെരുശലേമിനെക്കാൾ 'മഹത്തായ' നഗര (Great city)മായ ബാബിലോനിനു പ്രാധാന്യം നൽകുന്ന മ്ലേച്ഛത എന്നീ പുളിപ്പുകളെല്ലാം പുതുവീഞ്ഞിന്റെ മാധുര്യം നഷ്ടപ്പെടുത്തുന്നതിന്റെ കഥകളാണ് ഇന്ന് പഴയ തുരുത്തിയുടെ സംവിധാനത്തിൽ പുതുവീഞ്ഞുവച്ചിരിക്കുന്ന ഇത്തരം സഭകളിൽ നിന്ന് ഉയർന്നു കേൾക്കുന്നത്.

'പുതിയ വീഞ്ഞ് പുതിയ തുരുത്തിയിലാണു പകർന്നു വയ്ക്കേണ്ടത്- ഇതാണു ദൈവീക പ്രമാണം. കർത്താവു വ്യക്തതയോടെ ഇക്കാര്യം പറഞ്ഞു. എന്നാൽ പഴയതുരുത്തി വിട്ടു പോകാൻ ഒരു വില കൊടുക്കണം. പലർക്കും അതിനു മനസ്സില്ല. അവർ അവിടെ തന്നെ നിന്നുകൊണ്ട് പഴയ തുരുത്തിയെ മെച്ചപ്പെടുത്താനുള്ള വൃഥാപ്രയത്നത്തിലാണ്!

എന്നാൽ ദൈവവചനം ഇക്കാര്യത്തിൽ എത്രയും വ്യക്തമായ ഒരു നിലപാടിനാണ് ആഹ്വാനം ചെയ്യുന്നത്:

"വേറൊരു ശബ്ദം സ്വർഗ്ഗത്തിൽ നിന്നും പറയുന്നതായി ഞാൻ കേട്ടത്. എന്റെ ജനമായുള്ളോരേ, അവളുടെ പാപങ്ങളിൽ കൂട്ടാളികളാകാതെയും അവളുടെ ബാധകളിൽ ഓഹരിക്കാരാകാതെയുമിരിപ്പാൻ അവളെ വിട്ടു പോരുവിൻ"(വെളി.18:4).

"അവരുടെ നടുവിൽ നിന്നും പുറപ്പെട്ടു വേർപെട്ടിരിപ്പിൻ എന്നു കർത്താവ് അരുളിച്ചെയ്യുന്നു. അശുദ്ധമായത് ഒന്നും തൊടരുത്. എന്നാൽ ഞാൻ നിങ്ങളെ കൈക്കൊണ്ടു നിങ്ങൾക്കു പിതാവും നിങ്ങൾ എനിക്കു പുത്രന്മാരും പുത്രിമാരും ആയിരിക്കും എന്നു സർവ്വശക്തനായ കർത്താവ് അരുളിച്ചെയ്യുന്നു" (2 കൊരി.6:16,17).

'കേൾപ്പാൻ ചെവിയുള്ളവൻ കേൾക്കട്ടെ.'

❖

## Thought for the month

# HOW GOD LEADS HIS PEOPLE TO GLORY

### Santosh Poonen

**"T**he Lord was going before them in a pillar of cloud by day to lead them on the way, and in a pillar of fire by night to give them light. He did not take away the pillar of cloud by day, nor the pillar of fire by night, from before the people" (Exodus 13:21-22).

The way in which Jesus leads His Bride, the Church, is the opposite of our human ideas of leadership (Isaiah 55:9). When Jesus is called the "Captain of our salvation", we see that He is leading us on a way of suffering (Hebrews 2:10)! This is unappealing to our flesh, but it is the only way that ultimately leads us to glory. We are given an example of this in how God led His people out of Egypt, through the wilderness, and into the glory of the Promised Land:

**God always goes ahead of us; we just have to follow Him.** God never expected the Israelites to find their own way from Egypt to the Promised Land; He gave them a pillar to guide them – by day and by night. As long as they followed that pillar, they would be safe from all the dangers of the wilderness. Likewise, today, God does not expect us to find our own way to Him. We have Jesus as our moment-by-moment Example, revealed through the Word of God and through the Holy Spirit living in us. When we are careful to follow Jesus' example in every area, we will find the way that He has already opened up ahead of us.

**God knows how much we are able to bear, and will not allow us to be tested beyond that.** As we read the account of the Israelites' journey, we see that God was specific in the tests He allowed them to face, according to their level of maturity. At the beginning of their journey, He parted the Red Sea ahead of them (Exodus 14:21-22), but at the end of their journey, He asked them to step into Jordan first, before He parted it (Joshua 3:13-17). He allowed them to first face water that was bitter (Exodus 15:23), and only later on, they faced the test of not having any water at all (Exodus 17:1). The giants weren't waiting for them as soon as they crossed the Red Sea, but only years later once they reached Canaan. As the journey wore on, the tests grew more challenging. God expected more faith from them because they had known Him longer, but He always provided a solution. In fact, it is immediately after showing us the example of the Israelites' journey (I Corinthians 10:1-12) that in the next verse (v13) God gives us that great promise of His faithfulness to never allow us to be tempted more than we can bear. If God cared so much for His people who were redeemed by the blood of lambs on their doorposts, how much more does He not watch over us His children who are redeemed by the precious blood of His Son, Jesus!

**God allows the Devil to increase His attacks against us, the longer we walk with Him.** We see this in the example of Job, whose tests got increasingly difficult. Likewise, Paul, who was so effective for God, was the target of numerous attacks (II Corinthians 11:23-28). Yet, it is through persecution that God preserves His Church as holy and pure, and proves that we depend only on Him. Therefore it is all the more important that we remain worshipers of God – especially in the secret areas of our lives that no one else knows about – confessing and forsaking all sin, and continually pressing on to perfection.

**God always turns into good what Satan intends for evil against us, if we have faith.** The comfort we have amid the attacks of Satan against us is that when we fully

➔

JEEVA MOZHIKAL RNI/KERBIL/-2003/21404
June 2017 www.jeevamozhikal.org
Annual Subscription Rs. 100/-

Registered No: KL/KTM/46/2015-17
Licence No.KL/CR/KTM/WPP-48/2015-17
Licensed to post without prepayment
Date of Publication 28-05-2017

# നമ്മൾ പറയുന്നതും ദൈവം പറയുന്നതും

നാം പറയുന്നു: എനിക്കു പേടിയാ.
ദൈവം പറയുന്നു: ഞാൻ നിനക്കു ഭീരുത്വത്തിന്റെ ആത്മാവിനെ അല്ല നൽകിയിരിക്കുന്നത് (2 തിമൊ. 1:7)
നാം പറയുന്നു: എനിക്കു വലിയ വ്യാകുലവും നിരാശയുമുണ്ട്.
ദൈവം പറയുന്നു: നിങ്ങളുടെ സകലചിന്താകുലവും എന്റെമേൽ ഇട്ടു കൊൾവീൻ. (1പത്രോ. 5:7)
നാം പറയുന്നു: എനിക്കുവേണ്ടി കരുതുവാൻ ആരുമില്ല
ദൈവം പറയുന്നു: ഞാൻ നിങ്ങൾക്കായി കരുതുന്നു. (1. പത്രോ. 5:7)
നാം പറയുന്നു: എന്റെ അപ്പനും അമ്മയും എന്നെ ഉപേക്ഷിച്ചിരിക്കുന്നു.
ദൈവം പറയുന്നു:അവർ നിന്നെ ഉപേക്ഷിച്ചാലും ഞാൻ നിന്നെ ചേർത്തുകൊള്ളും (സങ്കീ. 27:10)
നാം പറയുന്നു: എനിക്കു വേണ്ടത്ര വിശ്വാസമില്ല.
ദൈവം പറയുന്നു: ഞാൻ ഏവർക്കും വിശ്വാസത്തിന്റെ അളവു പങ്കിട്ടു കൊടുത്തിരിക്കുന്നു. (റോമർ 12:3)
നാം പറയുന്നു: എനിക്കു തീരെ സാമർത്ഥ്യമില്ല
ദൈവം പറയുന്നു: ഞാൻ നിന്റെ ജ്ഞാനമാകുന്നു. (1 കൊരി. 1 :30)
നാം പറയുന്നു: ഞാനൊരു നീതിമാനല്ല, വിശുദ്ധനുമല്ല.
ദൈവം പറയുന്നു: ഞാൻ തന്നെ നിന്റെ നീതിയും ശുദ്ധീകരണവും (1കൊരി 1:30)
നാം പറയുന്നു: ഭാവിയിൽ എനിക്ക് ഒന്നും ശരിയാകുകയില്ല.
ദൈവം പറയുന്നു: ഞാൻ നിനക്കായി ഒരുക്കീട്ടുള്ളതു കണ്ണു കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല (1 കൊരി. 2:9)
നാം പറയുന്നു: എല്ലാം എനിക്കു പ്രതികൂലം
ദൈവം പറയുന്നു: ഞാൻ നിനക്കു അനുകൂലം (റോമർ 8:31)
നാം പറയുന്നു: എല്ലാം എനിക്കു തിന്മയായിത്തീരും
ദൈവം പറയുന്നു: സകലവും നന്മയ്ക്കായി കൂടി വ്യാപരിക്കും (റോമർ 8:28)
നാം പറയുന്നു: എനിക്ക് ആരുമില്ല
ദൈവം പറയുന്നു: ഞാൻ നിന്നെ ഒരു നാളും കൈവിടുകയില്ല ഉപേക്ഷിക്കുകയുമില്ല (എബ്രായർ 13:5)

➔

trust in God, He will always turn the tables on the Devil (I John 3:8 Living). If God calls us to take up our cross and die in a particular area, we can be absolutely sure that He will bring a resurrection out of it. The result is that with each trial, if we truly die, our inner man will grow from strength to strength with the resurrection life of Christ. This would not have been possible if God hadn't allowed the Devil to try to harm us in the first place.
Since we have such a loving Father, who is always on our side against the Devil, let us always be full of such child-like trust in Him, so that He will get greater glory out of our lives.

Printed, Published by Sunny Varghese and owned by Christian Fellowship Trust. Published from Jeevamozhikal, Near Thuthotty Jn., Kumaranalloor P.O., Kottayam and Printed at Alois Graphics, Kottayam. Editor-Geoji T. Samuel.